# താമരമൊട്ടുകൾ

താമരശ്ശേരി രൂപതാ ബുള്ളറ്റിൻ



വാല്യം 28 ഏപ്രിൽ 2026 ലക്കം 4 Price: 20

**April 2026**

**Volume: 28 - Issue 04**



**Chief Editor**

**Chancellor**

**Diocese of Thamarassery**

Thamarassery, Kozhikode - 673 573

Tel: 0495 - 2223376, 2963370

email: diocesetmy09@gmail.com

www.thamarassserydiocese.com


## ഉള്ളടക്കം


| | | |
|---|---|---|
| 1. | ആശംസകൾ | 162 |
| 2. | പ്രോഗ്രാം | 164 |
| 3. | സർക്കുലർ | 165 |
| 4. | സർക്കുലർ | 168 |
| 5. | സർക്കുലർ | 171 |
| 6. | സർക്കുലർ | 176 |
| 7. | കച്ചേരിക്കാര്യം | 180 |
| 8. | പാവനസ്മരണയ്ക്ക് | 184 |
| 9. | ആദരാഞ്ജലികൾ | 185 |
| 10. | വിശ്വാസപരിശീലനം | 187 |
| 11. | ബൈബിൾ അപ്പസ്തോലേറ്റ് | 190 |
| 12. | സെമിനാരി വാർത്തകൾ | 191 |
| 13. | വൊക്കേഷൻ ബ്യൂറോ | 193 |
| 14. | ചെറുപുഷ്പ മിഷൻലീഗ് | 194 |
| 15. | സ്മാർട്ട് | 196 |
| 16. | കെസിവൈഎം-എസ്എംവൈഎം | 197 |
| 17. | മാതൃവേദി | 198 |
| 18. | ബഥാനിയ ധ്യാനകേന്ദ്രം | 199 |
| 19. | മരിയൻ പ്രോലൈഫ് | 202 |
| 20. | യൂദിത്ത് ഫോറം | 202 |
| 21. | കരിസ്മാറ്റിക് മൂവ്മെന്റ് | 204 |
| 22. | കരുണാഭവൻ | 205 |
| 23. | കത്തോലിക്ക കോൺഗ്രസ് | 206 |
| 24. | കുടുംബകൂട്ടായ്മ | 207 |
| 25. | മീഡിയ കമ്മീഷൻ | 208 |
| 26. | വിദ്യാഭ്യാസരംഗം | 210 |
| 27. | സ്റ്റാർട്ട് | 212 |
| 28. | എയ്ഡർ എഡ്യൂകെയർ | 215 |
| 29. | തീർഥയാത്രകൾ | 218 |
| 30. | ഇൻഫാം | 220 |
| 31. | ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് | 221 |
| 32. | വികസനവേദി | 222 |
| 33. | യേശുനിധി | 231 |
| 34. | അജപാലനകുറിപ്പുകൾ | 232 |




# BISHOP'S PROGRAMME

## April 2026

| | | |
|---|---|---|
| 02 | 16.30 | Devagiri |
| 03 | 07.00 | Asokapuram |
| 04 | 07.00 | Pushpagiri |
| 05 | 03.00 | Thamarassery |
| 06 | 11.30 | Thamarassery |
| | 15.00 | Amalapuri |
| | 18.00 | Kozhikode |
| 06 - 07 | | Kannur |
| 07 | 18.00 | PMOC |
| 08 | 06.30 | Thamarassery |
| | | Office Day |
| 10 | 06.30 | PMOC |
| | 10.30 | Thamarassery |
| | 15.00 | Thamarassery |
| | 18.00 | Malappuram |
| 11 | 10.00 | Deepthigiri |
| | 16.00 | Chevayur |
| | 17.30 | Kodanchery |
| 12 | | Alappuzha |
| 13 | 07.00 | Kodanchery |
| | 10.30 | Thamarassery |
| | 18.00 | Pullurampara |

| | | |
|---|---|---|
| 14 | | Thamarassery |
| | 17.00 | Nooramthode |
| 15 | 09.15 | Vilangadu |
| | 16.00 | Muthappanpuzha |
| 16 | 06.30 | Korangadu |
| | 18.30 | Paloorkotta |
| 17 | | Thrissur |
| 18 | 09.00 | Pullurampara |
| | 16.00 | Chevayur |
| 19 | 09.30 | Cheparambu |
| | 17.00 | Kallurutty |
| 20 - 25 | | Kulathuvayal |
| 26 | | Koorottupara |
| 27 | 09.15 | Nooramthode |
| | 12.00 | Kuppayakode |
| | 16.00 | Karuvarakundu |
| 28 | 07.00 | PMOC |
| | 09.30 | Thamarassery |
| | 10.30 | Paroppady |
| | 16.00 | Kunduthode |
| 29 | 10.00 | Kulathuvayal |
| | 17.00 | Paroppady |
| 30 | 17.00 | Thamarassery |



# Birthday Greetings

## Rev. Fathers

| | | |
|---|---|---|
| Mattappilly Sebastian | April | 2 |
| Neelamparambil Michael | | 3 |
| Palliyodil Joseph Christie | | 4 |
| Panthaladickal Joseph | | 5 |
| Chelackal George | | 7 |
| Koyipurath Jacob | | 14 |
| Muttathukunnel Wilson | | 14 |
| Srambickal Abraham | | 12 |
| Puthusseriputhenpura George | | 15 |
| Kochumundammalayil Francis | | 16 |
| Vellamackal Francis | | 17 |
| Puthiyaparambil Thomas | | 18 |
| Alappattukottayil Joseph | | 19 |
| Thittayil Mathew | | 19 |
| Kumpuckal George | | 21 |
| Kalathoor George | | 23 |
| Mulangassery Mathew | | 24 |
| Parankulangara Thomas | | 25 |
| Puthanpurakkal Joseph | | 25 |
| Chakkittamuriyil Thomas (Sr) | | 28 |

**✠ Remigiose Inchananiyil**




# *Feast Day Greetings*

**Rev. Fathers**

| | | |
|---|---|---|
| Chelackal George | April | 24 |
| Cherupillattu Varkey | | 24 |
| Chemparathickal George | | 24 |
| Kadukanmakkel Geo | | 24 |
| Kalappurackal George | | 24 |
| Kalathoor Varghese | | 24 |
| Kalathoor George | | 24 |
| Karintholil George | | 24 |
| Karukamalil George | | 24 |
| Kumpuckal George | | 24 |
| Kuttikatt George | | 24 |
| Madathikunnel Varghese | | 24 |
| Moolechalil Varghese | | 24 |
| Mundackal George | | 24 |
| Mundanatt George | | 24 |
| Narivelil George | | 24 |
| Panackal Varghese | | 24 |
| Paimpillil George | | 24 |
| Purayidathil George | | 24 |
| Puthusseriputhenpura George | | 24 |
| Vellackakudiyil George | | 24 |
| Vellaramkalayil George | | 24 |
| Varikkassery George | | 24 |

**✠ Remigiose Inchananiyil**



# പ്രോഗ്രാം

## ഏപ്രിൽ 2026

| | | |
|---|---|---|
| 02 | വ്യാഴം | **പെസഹാ വ്യാഴം** |
| 03 | വെള്ളി | **പീഡാനുഭവവെള്ളി** |
| 04 | ശനി | വലിയശനി |
| 05 | ഞായർ | **ഈസ്റ്റർ** |
| 06 | തിങ്കൾ | **ദൈവവിളി ക്യാമ്പ്** (6-7) |
| | | മതബോധനം: വിശ്വാസോത്സവം (6-8) |
| 07 | ചൊവ്വ | ചരമദിനം: ഫാ. ജോർജ് ആശാരിപറമ്പിൽ (2024) |
| 08 | ബുധൻ | **അഭിവന്ദ്യ റെമീജിയോസ് പിതാവിന്റെ മെത്രാഭിഷേകദിനം** |
| | | START: സമ്മർ ക്യാമ്പ് (8-18) |
| 09 | വ്യാഴം | പ്രീകാനാ കോഴ്സ് (9-11) |
| 10 | വെള്ളി | കൺസൾട്ടേഴ്സ് മീറ്റ് |
| | | ബഥാനിയ: ഏകദിന കൺവെൻഷൻ |
| 11 | ശനി | മതബോധനം: വാർഷിക പരീക്ഷ |
| 12 | ഞായർ | ബഥാനിയ: ഏയ്ഞ്ചൽ ധ്യാനം (12-15) |
| 17 | വെള്ളി | ബഥാനിയ: ഏകദിന കൺവെൻഷൻ |
| 18 | ശനി | **താമരശ്ശേരി രൂപത റൂബി ജൂബിലി സമാപനം** |
| 19 | ഞായർ | ബഥാനിയ: ഹൈസ്കൂൾ കുട്ടികളുടെ ധ്യാനം (19-22) |
| 20 | തിങ്കൾ | ചരമദിനം: മോൺ. ഫ്രാൻസിസ് ആറുപറയിൽ (2012), ചരമദിനം: ഫാ. ജേക്കബ് പുത്തൻപുര (2020) |
| 24 | വെള്ളി | **വി. ഗീവർഗ്ഗീസ്,** ബഥാനിയ: ഏകദിന കൺവെൻഷൻ, ജീവിത വിശുദ്ധീകരണ ധ്യാനം (24-27) |
| 25 | ശനി | **വി. മർക്കോസ്,** മതബോധനം: പ്രതിഭസംഗമം (25-26) |
| 28 | ചൊവ്വ | മിഷൻലീഗ്: ഗ്രാന്റ് മാസ്റ്റേഴ്സ് ക്യാമ്പ് (28-30) |
| 29 | ബുധൻ | സിയന്നായിലെ വി. കത്രീന |

# അസ്സീസിയിലെ വി. ഫ്രാൻസിസിന്റെ ജൂബിലിവർഷം: താത്കാലിക തീർഥാടനകേന്ദ്രങ്ങൾ

*സർക്കുലർ 06/2026*

*മിശിഹായിൽ ഏറ്റവും സ്നേഹമുള്ള വൈദികരേ, സമർപ്പിതരേ, സഹോദരി സഹോദരന്മാരേ, വത്സല കുഞ്ഞുങ്ങളേ,*

2026 ജനുവരി 10 മുതൽ 2027 ജനുവരി 10 വരെ, അസ്സീസിയിലെ വി. ഫ്രാൻസിസിന്റെ എണ്ണൂറാമത് മരണവാർഷികത്തോടനുബന്ധിച്ച് പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ സവിശേഷ ജൂബിലി വർഷം പ്രഖ്യാപിച്ചിരിക്കുകയാണ്. ക്രിസ്തു പഠിപ്പിച്ച ദരിദ്രരുടെ സുവിശേഷം അനേകരുടെ ഹൃദയത്തിൽ ആലേഖനം ചെയ്ത വിശുദ്ധൻ, യുദ്ധത്താലും ഭിന്നതയാലും വലയുന്ന ലോകത്ത് ശാന്തതയുടെയും കൃപയുടെയും അലയടികൾ ഉയർത്തുമെന്ന് പരിശുദ്ധ പിതാവ് പ്രത്യാശിക്കുന്നു (*ഫ്രാൻസിസ്ക്കൻ കുടുംബത്തിന് നല്കിയ സന്ദേശം, 10.01.2026*).

1181 ൽ ഇറ്റലിയിലെ ചെറുപട്ടണമായ അസ്സീസിയിൽ കുലീന കുടുംബത്തിൽ ജനിച്ച ഫ്രാൻസിസ്, തന്റെ യുവത്വത്തിൽ ക്രിസ്തുവിനെ അറിയുകയും സർവ്വതും ഉപേക്ഷിച്ചുകൊണ്ട് സുവിശേഷത്തിന് സാക്ഷ്യം വഹിക്കാൻ ആരംഭിക്കുകയും ചെയ്തു. സമാധാനസന്ദേശവുമായി യൂറോപ്പും ആഫ്രിക്കയും മധ്യപൂർവ്വേഷ്യൻ രാജ്യങ്ങളും സന്ദർശിച്ച വിശുദ്ധൻ, ഈ സന്ദേശം പ്രചരിപ്പിക്കുന്നതിന് സന്യാസ സമൂഹങ്ങളും സ്ഥാപിച്ചു. 1226 ൽ ഭൗതികജീവിതത്തിന് തിരശ്ശീലവീണ്, രണ്ട് വർഷങ്ങൾക്കുശേഷം അദ്ദേഹത്തെ ഗ്രിഗറി ഒമ്പതാമൻ മാർപാപ്പ വിശുദ്ധനായി നാമകരണം ചെയ്തു. സഭയുടെ തലവനായി ഉത്തരവാദിത്വം ഏറ്റെടുത്തപ്പോൾ ഫ്രാൻസിസ് മാർപാപ്പ, അസ്സീസിയിലെ വിശുദ്ധന്റെ നാമമാണ് സ്വീകരിച്ചത് എന്നതും പ്രസക്തമാണ്. അദ്ദേഹത്തിന്റെ സമാധാനസന്ദേശം ലോക

മെങ്ങും പ്രഘോഷിക്കാൻ പ്രയത്നിക്കുകയും അശാന്തിനിറഞ്ഞ മധ്യ പൂർവ്വേഷ്യൻ രാജ്യങ്ങൾ സന്ദർശിക്കുകയും ചെയ്ത ഫ്രാൻസിസ് മാർപാപ്പ, വിശുദ്ധന്റെ സമാധാനപ്രാർഥനയുടെ പ്രചാരകനായിരുന്നു. പ്രസ്തുത ചിന്തകളുടെ തുടർച്ചയാണ് ഇപ്പോൾ സഭയ്ക്ക് നേതൃത്വം നൽകുന്ന പരിശുദ്ധ പിതാവ്, വിശുദ്ധ ഫ്രാൻസിസിന്റെ വർഷമായി ആചരിക്കാൻ ആവശ്യപ്പെടുമ്പോൾ ആഗ്രഹിക്കുന്നത്.

വി. ഫ്രാൻസിസ് അസ്സീസിയുടെ ഓർമ്മ നിലനിറുത്തുന്നതോടൊപ്പം ഓരോ ക്രൈസ്തവനും ജീവിത വിശുദ്ധിയുടെയും സമാധാനത്തിന്റെയും സാക്ഷ്യം നല്കാൻ ഈ അനുസ്മരണവർഷത്തിൽ പ്രത്യേകം വിളിക്കപ്പെട്ടിരിക്കുന്നു. പ്രസ്തുത ലക്ഷ്യം പ്രാപിക്കുന്നതിന്, പാപപരിഹാരത്തിനുവേണ്ടിയുള്ള റോമിലെ കാര്യാലയം പ്രത്യേക ഡിക്രി വഴി വിശുദ്ധ ഫ്രാൻസിസിന്റെ വത്സരത്തിൽ തീർഥാടനം നടത്താൻ ആവശ്യപ്പെടുന്നുണ്ട്. യുദ്ധവും പീഡനങ്ങളും തീവ്രമായിരിക്കുന്ന സമകാലീന ലോകത്ത് സമാധാനം പുനഃസ്ഥാപിക്കാനുള്ള പരിശ്രമവും അപേക്ഷയുമായിരിക്കണം ഈ പ്രത്യേക വർഷത്തിലെ പ്രാർഥനകളും അവയോടൊനുബന്ധിച്ചു നടത്തുന്ന തീർഥാടനവും.

പരിശുദ്ധ സിംഹാസനത്തിന്റെ മേൽപ്പറഞ്ഞ നിർദ്ദേശം സ്വീകരിച്ചുകൊണ്ട്, ജൂബിലി വർഷത്തിൽ **നമ്മുടെ രൂപതയിൽ പേരാമ്പ്ര സെന്റ് ഫ്രാൻസിസ് അസ്സീസി ദൈവാലയം, താമരശ്ശേരി മേരി മാതാ കത്തീഡ്രൽ, പെരിന്തൽമണ്ണ സെന്റ് അൽഫോൻസ ഫൊറോന ദൈവാലയം എന്നീ ഇടവകകളെ താത്കാലിക തീർഥാടനകേന്ദ്രങ്ങളായി ഇതിനാൽ പ്രഖ്യാപിക്കുന്നു.** അവ സന്ദർശിക്കുന്നവർക്ക്, സാധാരണയുള്ള വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ പൂർണദണ്ഡവിമോചനം അനുവദിക്കുകയും ചെയ്യുന്നു. താത്കാലിക തീർഥാടനകേന്ദ്രങ്ങളായി നമ്മുടെ രൂപതയിൽ ഉയർത്തപ്പെടുന്ന പള്ളികളിൽ പ്രത്യേക ആത്മീയശുശ്രൂഷകൾ ഉണ്ടായിരിക്കുന്നതാണ്. ഇടവകകളുടെയും കുടുംബക്കൂട്ടായ്മകളുടെയും ഭക്തസംഘടനകളുടെയും നേതൃത്വത്തിൽ തീർഥാടനത്തിൽ സന്തോഷപൂർവം നിങ്ങൾ പങ്കുചേരണമെന്ന് അഭ്യർഥിക്കുന്നു.

ലോകമഹായുദ്ധത്തോളം എത്തിയിരിക്കുന്ന പ്രശ്നകലുഷിതമായ ഇന്നത്തെ സാഹചര്യത്തിൽ അസ്സീസിയിലെ വിശുദ്ധൻ നമ്മെ പഠിപ്പിച്ച സമാധാനപ്രാർഥന ഏവരും ഹൃദ്യസ്ഥമാക്കണമെന്ന് സ്നേഹപൂർവം ഞാൻ അഭ്യർഥിക്കുന്നു. സന്ധ്യാപ്രാർഥനയിൽ ലോകസമാധാനത്തിനും കുടുംബസമാധാനത്തിനും വിശുദ്ധൻ പഠിപ്പിച്ച പ്രാർഥന ചൊല്ലി ദൈവകൃപ നമുക്ക് യാചിക്കാം. 'നിങ്ങൾക്ക് സമാധാനം' (യോഹ 20,19) എന്ന ഉത്ഥിതന്റെ ആശംസ സകലസൃഷ്ടികളോടും പ്രഘോഷിക്കാനുള്ള നമ്മുടെ ദൗത്യത്തിൽ വിശുദ്ധൻ എന്നും നമുക്ക് പ്രചോദനമാകട്ടെ.

പേരാമ്പ്ര, താമരശ്ശേരി, പെരിന്തൽമണ്ണ ഇടവക സമൂഹങ്ങൾക്കും താത്കാലിക തീർഥാടനകേന്ദ്രങ്ങൾ സന്ദർശിക്കുന്ന എല്ലാ തീർഥാടകർക്കും പരിശുദ്ധ കന്യകാമറിയത്തിന്റെയും അസ്സീസിയിലെ വി. ഫ്രാൻസിസിന്റെയും രൂപത മധ്യസ്ഥയായ വി. അൽഫോൻസ യുടെയും സഹായവും സംരക്ഷണവും ഉണ്ടാകട്ടെയെന്ന് പ്രാർഥിക്കുന്നു.

സ്നേഹപൂർവം,





**✠റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

*ഈ സർക്കുലർ 2026 ഏപ്രിൽ 12 ഞായറാഴ്ച വി. കുർബാനമധ്യേ എല്ലാ ദൈവാലയങ്ങളിലും വായിക്കേണ്ടതാണ്.*

# പ്രോ-ലൈഫ് ദിനം

*സർക്കുലർ 03/2026*

*മിശിഹായിൽ പ്രിയപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ,*

രക്ഷകന്റെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പ് പരിശുദ്ധ അമ്മയ്ക്ക് ലഭിച്ചതിന്റെ അനുസ്മരണമായ മംഗളവാർത്തത്തിരുന്നാൾ, മാർച്ച് 25- ജീവന്റെ സംരക്ഷണത്തിനു വേണ്ടിയുള്ള ദിനമായി ആഗോളസഭ ആചരിക്കുകയാണല്ലോ. "അവിടുന്നാണ് എന്റെ അന്തരംഗത്തിന് രൂപം നൽകിയത്. എന്റെ അമ്മയുടെ ഉദരത്തിൽ അവിടുന്ന് എന്നെ മെനഞ്ഞു" (സങ്കീ 139,13): പ്രസ്തുത സങ്കീർത്തനം ജീവദാതാവായ ദൈവത്തിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹമാണ് ഓരോ ജീവനുമെന്ന ബോധ്യം നമ്മിൽ രൂപപ്പെടുത്തുന്നു. ജീവന്റെ സുവിശേഷ പ്രഘോഷണ മധ്യസ്ഥയായ വി. ജാന്ന ബെരേറ്റ മൊള്ളയുടെ (St. Gianna Beretta Molla) ജീവിതവും ദർശനവും നമുക്ക് മാർഗദീപമാണ്. വിശുദ്ധ, നാലാമത്തെ കുഞ്ഞിനെ ഉദരത്തിൽ വഹിക്കുമ്പോൾ അർബുദ രോഗബാധിതയായി. അമ്മയുടെ ജീവൻ അപകടത്തി ലാകുമെന്ന് വിലയിരുത്തി, ഭ്രൂണഹത്യയ്ക്ക് നിർദ്ദേശിച്ച മെഡിക്കൽ വിദഗ്ധരോടും സമൂഹത്തോടും ആത്മധൈര്യത്തോടെ അവൾ പ്രഖ്യാപിച്ചു: 'എന്തുവിലകൊടുത്തും നിങ്ങൾ കുഞ്ഞിന്റെ ജീവൻ സംരക്ഷിക്കുക'. വിശുദ്ധ ജാന്നെയെപ്പോലെ, ആർജവത്വ ത്തോടെയും തികഞ്ഞ ബോധ്യത്തോടെയും ജീവന്റെ പ്രഘോഷക രാകാൻ മംഗളവാർത്താതിരുന്നാൾ സഹായിക്കട്ടെ.

മഹാദാനമായ മനുഷ്യജീവനെ അതിന്റെ സ്വാഭാവികമായ ആരംഭം മുതൽ അന്ത്യംവരെ, ആദരിക്കാൻ, ബഹുമാനിക്കാൻ, സംരക്ഷിക്കാൻ, ഓരോ വ്യക്തിക്കും കടമയുണ്ട്. ജീവൻ ആരംഭിക്കുന്നത് ദൈവത്തിന്റെ മനസ്സിലും കുടുംബത്തിലുമാണ്. "കർത്താവിന്റെ ദാനമാണ് മക്കൾ, ഉദരഫലം ഒരു സമ്മാനവുമെന്ന്" (സങ്കീ 127,3) തിരുവചനം നമ്മെ

പഠിപ്പിക്കുന്നു. ക്രിസ്തുവിന് സാക്ഷ്യം നൽകുന്ന കുടുംബങ്ങളെ രൂപീകരിക്കാനും ജീവന്റെ സുവിശേഷവും സംസ്കാരവും പ്രോത്സാഹിപ്പിക്കാനും നമുക്ക് കടമയുണ്ട്. കുടുംബമാണ് ജീവന്റെ പിള്ളത്തൊട്ടിൽ. കുടുംബത്തിൽനിന്ന്, ഒരാൾ ജീവനെ ആദരിക്കാനും സംരക്ഷിക്കാനും ബഹുമാനിക്കാനും പഠിക്കുന്നു. മാതാപിതാക്കന്മാർ വിശ്വാസത്തിൽ അവരുടെ മക്കളുടെ ആദ്യ അധ്യാപകരായിത്തീരുന്ന സ്ഥലവും കുടുംബമാണെന്ന് ഫ്രാൻസിസ് മാർപാപ്പ പഠിപ്പിച്ചിട്ടുണ്ട് (*സ്നേഹത്തിന്റെ ആനന്ദം, 16*).

ജീവന്റെ പ്രേഷിതമേഖലയിൽ കുടുംബങ്ങളും പുതുതലമുറയും ഇന്ന് ധാരാളം പ്രതിസന്ധികളിലൂടെ കടന്നുപോകുന്നു. ജനസംഖ്യ യിലുള്ള കുറവ്, കുട്ടികളെ വളർത്തുന്നതിനുള്ള പ്രയാസം, പുതിയ ജീവനെ സ്വാഗതം ചെയ്യാനുള്ള മടി, കൃത്രിമജനനനിയന്ത്രണ മാർഗങ്ങൾ, വയോധികരെ ഭാരമായി കാണുന്ന പ്രവണത, വൈകിയുള്ള വിവാഹം, ആത്മഹത്യ എന്നിവയെല്ലാം ഇന്നത്തെ നമ്മുടെ സാമൂഹിക ക്രമത്തെയും ക്രിസ്ത്യൻ സമുദായത്തെയും ഗുരുതരമായി ബാധിച്ചിരിക്കുന്നു.

ജീവന്റെ സംരക്ഷണത്തിനും സമൃദ്ധിക്കും വേണ്ടി നിലകൊള്ളുന്ന പ്രോ- ലൈഫ് അപ്പസ്തോലേറ്റ് അഥവാ ജീവന്റെ സംരക്ഷണത്തിനു വേണ്ടിയുള്ള പ്രേഷിതപ്രവർത്തനം നമ്മുടെ രൂപതയിൽ സമാനത കളില്ലാത്ത നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. ജീവനോടുള്ള സ്നേഹവും ആദരവും പ്രഘോഷിക്കുന്നതിനോടൊപ്പം അവ സാക്ഷാത്ക്കരി ക്കാനുള്ള പ്രായോഗിക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാനും പ്രോ- ലൈഫ് പ്രേഷിതത്വം പ്രതിജ്ഞാബദ്ധമായി പരിശ്രമിക്കുന്നു. നാലാമത്തെ കുഞ്ഞിന്റെ ജനനം മുതൽ ആത്മീയവും ഭൗതികവുമായ എല്ലാ പിന്തുണയും കുട്ടിക്കും മാതാപിതാക്കൾക്കും നല്കുന്നതിന് വളരെയേറെ പദ്ധതികൾ ഇതിനോടകം നമ്മുടെ രൂപതയിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്. അവയ്ക്ക് നേതൃത്വം നല്കുന്ന ജീവന്റെ സംരക്ഷണ ത്തിനുവേണ്ടിയുള്ള പ്രേഷിതത്വത്തിലെ നമ്മുടെ രൂപതയിലെ എല്ലാ അംഗങ്ങളെയും ഉപകാരികളെയും നന്ദിയോടെ ഓർക്കുകയും അവർക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്യുന്നു.

പ്രോ-ലൈഫ് പ്രേഷിതത്വത്തിന്റെ വിപുലമായ പ്രവർത്തന

ങ്ങൾക്കുള്ള ഭൗതികസഹായം നിങ്ങളുടെ ഉദാരമായ സഹകരണത്തിലൂടെയാണല്ലോ ലഭിക്കുന്നത്. കഴിഞ്ഞവർഷം ജീവസംരക്ഷണാർഥം, 28,80,000/- (ഇരുപത്തിയെട്ട് ലക്ഷത്തി എൺപതിനായിരം) രൂപ വലിയ കുടുംബങ്ങൾക്ക് പിന്തുണ നല്കാനായി രൂപതാതലത്തിൽ ചെലവഴിച്ചു. മംഗളവാർത്ത തിരുന്നാളിനോട് അനുബന്ധിച്ച് സമാഹരിക്കുന്ന സ്തോത്രകാഴ്ചയും മറ്റ് ഉദാരമായ സംഭാവനകളും വഴിയാണ് ഈ തുക സ്വരൂപിക്കാൻ സാധിക്കുന്നത്. വരുന്ന മാർച്ച് 22-ാം തീയതി ഞായറാഴ്ചയിലെ സ്തോത്രകാഴ്ച കഴിഞ്ഞവർഷത്തേതുപോലെ രൂപതയിലെ പ്രോ-ലൈഫ് പ്രവർത്തനങ്ങൾക്കായി മാറ്റിവയ്ക്കുകയാണ്. ജീവന്റെ സുവിശേഷം പ്രഘോഷിക്കുന്ന പരിശ്രമങ്ങളിൽ പങ്കുചേരാനുള്ള സന്നദ്ധതയോടെ എല്ലാവരും ഈ ഉദ്യമത്തിൽ ഹൃദയപൂർവം സഹകരിക്കണമെന്ന് സ്നേഹത്തോടെ അഭ്യർഥിക്കുന്നു.

പരിശുദ്ധ ദൈവമാതാവും തിരുസഭയുടെ സംരക്ഷകനായ വിശുദ്ധ യൗസേപ്പും രൂപത മധ്യസ്ഥയായ വിശുദ്ധ അൽഫോൻസയും ജീവന്റെ സംരക്ഷണത്തിനുവേണ്ടിയുള്ള നമ്മുടെ പ്രവർത്തനങ്ങളിൽ മാർഗദർശനവും സഹായകവുമാകട്ടെ എന്ന് പ്രാർഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

+Remigius

**✠റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

*ഈ സർക്കുലർ 2026 മാർച്ച് 8 ഞായറാഴ്ച വി. കുർബാനമധ്യേ എല്ലാ ദൈവാലയങ്ങളിലും വായിക്കാൻ നൽകിയത്.*

# മലബാർ കുടിയേറ്റ ശതാബ്ദി-റൂബി ജൂബിലി സമാപനം

*സർക്കുലർ 04/2026*

*മിശിഹായിൽ പ്രിയപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ,*

ആത്മീയതയും ആത്മവിശ്വാസവും പാഥേയമാക്കി അതിജീവന സ്വപ്നങ്ങളുമായി പൂർവ്വപിതാക്കൻമാർ പ്രയാണമാരംഭിച്ചിട്ട് ഒരു നൂറ്റാണ്ട്. തിരുവിതാംകൂറിന്റെ സുരക്ഷിതത്വത്തിൽ നിന്ന് മലബാറിന്റെ മലയോരങ്ങളിലെ അനിശ്ചിതത്വത്തിലേക്ക് നടത്തിയ സംഘ പ്രയാണം അധ്വാനവും ആരാധനയും സമന്വയിച്ചപ്പോൾ കാർഷിക സംസ്കൃതിയുടെ വിജയയാത്രയായി. കുടിയേറ്റ പിതാക്കൻമാർ ജീവിതം കൊണ്ട് സാക്ഷ്യപ്പെടുത്തിയ ചരിത്രത്തിന്റെ നിത്യസ്മാരക ങ്ങളാണ് നാട്ടിൻപുറങ്ങളിൽ നിലകൊള്ളുന്ന ദൈവാലയങ്ങളും ചെറുപട്ടണങ്ങളും. ആത്മീയതക്കൊപ്പം അജ്ഞത അകറ്റാൻ നാം ആരംഭിച്ച അക്ഷരാലയങ്ങളാൽ സമ്പന്നമാണ് നമ്മുടെ ദേശം.

കുടിയേറ്റ ചരിത്രത്തിൽ, ദൈവകരുണയുടെ വാതിൽ നമുക്കായി തുറക്കുന്നതിന് സ്നാപകയോഹന്നാനെപോലെ അയക്കപ്പെട്ടവരായിരുന്നു കോഴിക്കോട് രൂപതയും ഈശോസഭ-കർമ്മലീത്ത വൈദികരും. മോശയുടെ തീക്ഷണതയോടെ ദൈവജനത്തിന് പ്രകാശവും പ്രതീക്ഷയുമേകിയ ദൈവസ്വരമായിരുന്നു നമ്മുടെ മാതൃരൂപതയുടെ പ്രഥമ മെത്രാനായ വള്ളോപ്പിള്ളി പിതാവ്. ദൈവതിരുമുമ്പിൽ മധ്യസ്ഥരും പ്രതിസന്ധികളിൽ മാർഗ്ഗദർശികളുമായി കുടിയേറ്റ ജനതക്ക് ഊർജ്ജവും ഉണർവ്വും നൽകിയ വൈദികരും സമർപ്പിതരും ആത്മീയതയിലും ആത്മബന്ധത്തിലും അധ്വാനത്തിന്റെ മഹത്വത്തിലും കുടുംബങ്ങളിൽ ദൈവകൃപ നിറച്ച പൂർവ്വമാതാപിതാക്കളും മക്കളും: ഇവയെല്ലാം നമ്മുടെ മനസ്സിൽ ആദരവും അഭിമാനവും ആഹ്ലാദവും നിറയുന്ന അനുകരണീയ ഓർമ്മകളാണ്.

1986 ൽ സ്ഥാപിതമായ നമ്മുടെ രൂപതയെ സംബന്ധിച്ചിടത്തോളം നാൽപ്പതാണ്ടിന്റെ ദൈവകരുണയ്ക്ക് മുൻപിൽ നാം നമ്രശിരസ്ക്കരാകണം. റൂബി ജൂബിലിയുടെ ആനന്ദവും ആവേശവും നമുക്ക് സുവർണ്ണ ജൂബിലിയിലേക്കുള്ള വഴികാട്ടിയാണ്. മങ്കുഴിക്കരി പിതാവിന്റെ നിശ്ചയ ദാർഢ്യവും തൂങ്കുഴി പിതാവിന്റെ കരുണാർദ്ര സ്നേഹവും ചിറ്റിലപ്പിള്ളി പിതാവിന്റെ വിശ്വാസ തീക്ഷണതയും താമരശ്ശേരി രൂപതയുടെ വളർച്ചയ്ക്ക് കരുതലാർന്ന പിന്തുണ നൽകി. 60 ഇടവകകളും ഇരുപതിനായിരത്തോളം കുടുംബങ്ങളുമായി ആരംഭം കുറിച്ച നമ്മുടെ രൂപത, 12 ഫെറോനകളും 119 ഇടവകകളും ഇരുപത്തി എട്ടായിരം കുടുംബങ്ങളും ഒരു ലക്ഷത്തി മുപ്പതിനായിരത്തിലധികം വിശ്വാസികളുമുള്ള ഒരു സ്നേഹ കുടുംബമായി വളർന്നിരിക്കുന്നു. 222 രൂപത വൈദികരും, 85 സന്യാസവൈദികരും, 1500 സമർപ്പിതരും, സന്ദേശവും സന്ദേശവാഹകരുമായി നമ്മുടെ രൂപതയിൽ ശുശ്രൂഷ ചെയ്യുന്നു. കൃപവർഷിച്ച ദൈവകരുണക്ക് മുൻപിൽ നന്ദി നിറഞ്ഞ ഹൃദയത്തോടെ നമുക്കായിരിക്കാം.

വിശ്വാസം, കുടുംബം, സമുദായം, വൈദിക-സമർപ്പിതജീവിതം എന്നീ നാല് തലങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള കർമ്മപദ്ധതികളാണ് ജൂബിലിക്ക് മുന്നോടിയായി കഴിഞ്ഞ മൂന്ന് വർഷത്തിൽ നാം നടപ്പാക്കാൻ ശ്രമിച്ചത്. 'ഉണർന്ന് പ്രശോഭിക്കുക' (ഏശ 60,1) എന്ന ആപ്തവാക്യം സ്വീകരിച്ചു കൊണ്ട് 2024 മെയ് 20, 21, 22 തീയതികളിൽ നടന്ന എപ്പാർക്കിയൽ അസംബ്ലി റൂബി ജൂബിലി ആഘോഷങ്ങൾക്ക് ദിശാസൂചകമായി. വിവിധ ഇടവകകളിൽ നടന്ന ഹോം മിഷനും, ഹോം കാറ്റിക്കിസത്തിന് ഊന്നൽ നൽകി മാതാപിതാക്കൾക്കായി നൽകിയ സെമിനാറുകളും, മതാധ്യാപക ശക്തീകരണവും, വിശ്വാസപരിശീലന രംഗത്തെ വിവിധ ഇടപെടലുകളും, ഇടവകകൾക്ക് നിശ്ചിത ദിവസങ്ങൾ നൽകി നടത്തിയ നാൽപത് മണിക്കൂർ ആരാധനയും, വിൻസെൻഷ്യൻ വൈദികരുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച പോപ്പുലർ മിഷൻ ധ്യാനവും എല്ലാം, വിശ്വാസ ശക്തീകരണത്തിനും പുതുതലമുറയെ വിശ്വാസ ബോധ്യങ്ങളിലേക്ക് ആനയിക്കുന്നതിനും ഉപകരിച്ചു.

സഭാത്മക യുവജനപ്രവർത്തനങ്ങളുടെ മുഖമായ *KCYM-SMYM* ന്റെ നേതൃത്വത്തിൽ 121 പള്ളികളിലൂടെ നടന്ന തിരുശേഷിപ്പ് പ്രയാണം

രൂപത യുവജനപ്രസ്ഥാനത്തിന് ഉണർവുനൽകി. ഇതിനായി യുവ ജനങ്ങളെ സഹായിച്ച എല്ലാവരെയും നന്ദിയോടെ സ്മരിക്കുന്നു. കുഞ്ഞുപ്രേഷിതരെ സഭാപ്രവർത്തനങ്ങളിലേക്ക് ആകർഷിക്കുന്ന മിഷൻലീഗ് വളരെ സജീവമായ കാലമാണിത്. പൊതു വിഷയ ങ്ങളിലും സാമൂഹ്യ ഇടപെടലുകളിലും കത്തോലിക്ക കോൺഗ്രസ് പുലർത്തിയ ജാഗ്രത എടുത്തുപറയേണ്ടതാണ്. വിൻസെൻഷ്യൻ ചൈതന്യത്തിലൂന്നി പാവങ്ങളോടും പാർശ്വവൽക്കരിക്കപ്പെട്ട വരോടും ചേർന്നുനിൽക്കുന്ന വിൻസെന്റ് ഡി പോൾ പ്രവർത്തനങ്ങൾ സമുദായത്തിന്റെ സാമൂഹ്യ പ്രതിബദ്ധതയുടെയും ദൈവകരുണ യുടെയും പ്രതിഫലനമാണ്. സ്ത്രീ ശക്തീകരണവും ഇടവക പ്രർത്തനങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തവും പോഷിപ്പിക്കാൻ മാതൃവേദിക്ക് കഴിഞ്ഞു. സമുദായ ശക്തീകരണത്തിന്റെ ഗുണഫലങ്ങ ളാണ് പരാമർശിച്ചവയും പരാമർശിക്കപ്പെടാത്തവയുമായ സംഘടന കളുടെ സംഘാത്മക പ്രവർത്തനങ്ങളിലൂടെ കൈവന്നത്.

പുതുതലമുറയ്ക്ക് അഭിരുചി നിർണ്ണയത്തിലൂടെ കോഴ്സുകൾ തിരഞ്ഞെടുക്കാൻ സഹായിക്കുന്ന *എയ്ഡർ എജ്യൂകെയർ*, വലിയ കുടുംബങ്ങളിലെ സാമ്പത്തിക പിന്നാക്കക്കാരെ സഹായിക്കാനുള്ള *പ്രോലൈഫ്* പദ്ധതികൾ, *ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട്* കോഴ്സുകൾ ക്കൊപ്പം നൽകുന്ന ഓൺലൈൻ കൗൺസിലിംഗ് സഹായങ്ങൾ, പ്രായമായവരെയും വീടുകളിൽ ഒറ്റപ്പെട്ട് കഴിയുന്നവരെയും അനുയാത്ര ചെയ്യുന്ന *ജെറിയാട്രിക് കെയർ*, പാവപ്പെട്ട കിഡ്നി രോഗികൾക്ക് കൈത്താങ്ങാകുന്ന *സെന്റ് അൽഫോൻസ ഡയാലിസിസ് യൂണിറ്റ്*, ഭവനരഹിതരായ 150-ലധികം കുടുംബങ്ങ ൾക്ക് നിർമ്മിച്ച് നൽകിയ വീടുകൾ, പരിസ്ഥിതി സംരക്ഷണത്തിന് ഊന്നൽനല്കി നാം ഏറ്റെടുത്ത ചുരം റോഡ് ശുചീകരണം പോലെ യുള്ള കർമ്മപദ്ധതികൾ, ഇവയെല്ലാം നമ്മുടെ ശരിയായ ദൈവ-മനുഷ്യ-പ്രകൃതി ദർശനത്തിന്റെ നേർക്കാഴ്ചകളാണ്.

രൂപതാംഗങ്ങളുടെ സാമ്പത്തിക സുസ്ഥിരതയും സമൂഹത്തിന്റെ സമഗ്ര വളർച്ചയും ലക്ഷ്യമിട്ട് ആരംഭിച്ച *കോ-ഓപ്പറേറ്റീവ് സൊസൈറ്റി* കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. ആശാകിരണം പദ്ധതിക്ക് കീഴിൽ ആരംഭിച്ച മന്ന പദ്ധതി ഇന്ന് ഇടവക വികാരി മാരുടെ വർദ്ധിച്ച പിന്തുണയോടെ അനേകർക്ക് സാന്ത്വന

സ്പർശമായി മാറിയിരിക്കുന്നു. അർഹരായ ധാരാളം കുട്ടികൾക്ക് ഉപരിപഠനാർത്ഥം 100% സ്കോളർഷിപ്പും നൽകി വരുന്നുണ്ട്. കേരളത്തിന് പുറത്തും വിദേശത്തും, പഠനത്തിലും ജോലിയിലുമായിരിക്കുന്നവർക്കായി പ്രവാസി അപ്പസ്തോലേറ്റ് ആരംഭിക്കുകയും വ്യക്തിപരമായ പിന്തുണയും ശ്രദ്ധയും നൽകി, സഭയോടും വിശ്വാസ പാരമ്പര്യങ്ങളോടും ചേർത്ത് നിർത്താൻ പരിശ്രമിക്കുകയും ചെയ്യുന്നു.

രൂപത പ്രവർത്തനങ്ങളുടെ പുളിമാവായി പ്രവർത്തിക്കുന്ന വൈദികരും സമർപ്പിതരും നമ്മുടെ അഭിമാനവും ആത്മവിശ്വാസവുമാണ്. ക്രിസ്തുവിന്റെ മുഖം പ്രകാശിതമാക്കുന്നവരും ദൈവത്തിന്റെയും മനുഷ്യരുടെയും ഇടയിലെ മധ്യസ്ഥരുമാണവർ. വൈദിക സന്യസ്ത സംഗമം, വേളാങ്കണ്ണി തീർഥാടനം, വൈദികരുടെ മാതാപിതാക്കളുടെ ഒത്തുചേരൽ തുടങ്ങിയ പ്രവർത്തനങ്ങൾ, രൂപത വൈദികസന്യസ്ത കൂട്ടായ്മയെ ശക്തിപ്പെടുത്തി.

കുടിയേറ്റചരിത്രം കൂട്ടായ്മയുടെ വീരോചിതമായ ചരിത്രസാക്ഷ്യമാണ്. ദൈവത്തോടും സഭയോടും ചേർന്നുനിന്ന് പടുത്തുയർത്തിയ വിശ്വാസപൈതൃകമാണിത്. സമുദായം ഒറ്റക്കെട്ടായി നേടിയെടുത്ത ചരിത്രനേട്ടങ്ങൾ നമ്മുടെ ഓർമ്മയിൽ എന്നുമുണ്ടാകണം. റൂബി ജൂബിലിയുടെ സമാപന സമ്മേളനത്തിന് 2026 ഏപ്രിൽ 18 ശനിയാഴ്ച ബഥാനിയായിലാണ് നാം ഒത്തുചേരുന്നത്. അന്നേദിനം രാവിലെ 9.30 ന് മേജർ ആർച്ച് ബിഷപ്പ് അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവിന്റെ കാർമികത്വത്തിലുള്ള വി. കുർബാനയിൽ പങ്കെടുക്കാനും രൂപതയെയും ദൈവജനത്തെയും സമർപ്പിച്ച് പ്രാർഥിക്കാനും ദൈവപരിപാലനയുടെ നാല്പത് വർഷങ്ങൾക്ക് നന്ദിപ്രകാശിപ്പിക്കാനും നിങ്ങളെ ഹൃദയപൂർവം ക്ഷണിക്കുന്നു.

'ജൂബിലി വർഷത്തിൽ ഓരോരുത്തരും തങ്ങളുടെ അവകാശസ്ഥലത്തേക്ക് തിരികെപ്പോകണം' (ലേവ്യ 25,13) എന്ന തിരുവചനം, ദൈവത്തിലേക്കും സഹോദരനിലേക്കും ഒരു *യു ടേൺ* എടുത്ത്, വിശ്വാസത്തിൽ ആഴപ്പെട്ടും പൈതൃകങ്ങളെ പുൽകിയും നവീകരിക്കപ്പെട്ടും ജീവിത പരിസരങ്ങളിൽ ദൈവസാന്നിധ്യവും ദൈവശബ്ദവും ആകാൻ നമുക്ക് സാധിക്കട്ടെ.

മലബാർ കുടിയേറ്റത്തിന്റെ ശതാബ്ദിയും രൂപത സ്ഥാപനത്തിന്റെ നാല്പതാം വാർഷികവും ദൈവാനുഗ്രഹപ്രദമായി ആചരിക്കാൻ നമുക്ക് സ്വർഗ്ഗീയ സഹായമായിരുന്ന പരിശുദ്ധ കന്യകാമറിയവും കുടുംബങ്ങളുടെ മധ്യസ്ഥനായ വി. യൗസേപ്പും രൂപത മധ്യസ്ഥയായ വി. അൽഫോൻസയും വരുംനാളുകളിൽ രൂപതയുടെ സുവർണ്ണ ജൂബിലിക്കായി ഒരുങ്ങാൻ നമ്മെ സഹായിക്കട്ടെ എന്ന് പ്രാർഥിക്കുന്നു.

പാതിനോമ്പിലേക്ക് പ്രവേശിച്ച നമുക്ക് കുരിശിന്റെ വഴിയിലൂടെ യാത്രചെയ്ത് മിശിഹായുടെ പെസഹാരഹസ്യങ്ങളുടെ ആഴം ദർശിക്കാനും അതുവഴി ആത്മീയജീവിതം ശക്തിപ്പെടുത്താനും പരിശ്രമിക്കാം. ദൈവം നിങ്ങളെല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

ഈശോയിൽ സ്നേഹപൂർവം,

**✠റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

*സർക്കുലർ 2026 മാർച്ച് 15 ഞായറാഴ്ച വി. കുർബാനമധ്യേ എല്ലാ ദൈവാലയങ്ങളിലും വായിക്കാൻ നൽകിയത്.*

# ദൈവവിളി

*സർക്കുലർ 05/2026*

*മിശിഹായിൽ പ്രിയപ്പെട്ട വൈദികരേ, സമർപ്പിതരേ, മാതാപിതാക്കളേ, സഹോദരീ സഹോദരന്മാരേ, കുഞ്ഞുമക്കളേ,*

1226 ഒക്ടോബർ 4ന് അന്തരിച്ച വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ മരണത്തിന്റെ 800-ാം വാർഷികം പ്രമാണിച്ച് 2026 ജനുവരി 10 മുതൽ 2027 ജനുവരി 10 വരെ ലെയോ പതിനാലാമൻ മാർപാപ്പ ആഗോള സഭയിൽ അസാധാരണ ജൂബിലി വർഷമായി പ്രഖ്യാപിച്ചിരിക്കുകയാണല്ലോ. അസ്സീസിയിലെ ആഡംബരപ്രേമിയും, ഉല്ലാസപ്രിയനും ആയിരുന്ന യുവാവ്, ദൈവത്തിന്റെ വിളിക്ക് കാതോർത്തപ്പോൾ സഭയിലെ വലിയ വിശുദ്ധനായി മാറി. ദൈവവിളിയോടുള്ള വിശുദ്ധന്റെ തുറവിയാണ് രണ്ടാം ക്രിസ്തുവായി വിശുദ്ധനെ രൂപപ്പെടുത്തിയത്. 800 വർഷങ്ങൾക്കിപ്പുറവും വിശുദ്ധൻ പഠിപ്പിച്ച സമാധാന പ്രാർഥന ശോഭ മങ്ങാതെ, ഒരു മാണിക്യം പോലെ സഭയിൽ തിളങ്ങിനിൽക്കുന്നത് ഈ സത്യത്തിന് അടിവരയിടുന്നു.

ഫ്രാൻസിലെ വലിയ സമ്പന്ന കുടുംബത്തിലാണ് വിശുദ്ധൻ ജനിച്ചത്. പക്ഷെ, പ്രതാപത്തിന്റെയും പ്രൗഢിയുടെയും ജീവിതം തനിക്ക് ഒന്നും നേടി തന്നില്ലെന്ന് വിശുദ്ധൻ നമ്മെ നോക്കി പറയുന്നു. 'നീ എന്തിനുവേണ്ടി ജീവിക്കുന്നു? നീ ആർക്കുവേണ്ടി ജീവിക്കുന്നു?' ഇന്ന് ക്രിസ്തു ചോദിക്കുന്ന ചോദ്യങ്ങൾ ഇവയാണ്. SSLC, +2, മറ്റ് ഉന്നത പഠനങ്ങൾ എന്നിവ പൂർത്തിയാക്കിയവർ തങ്ങളുടെ ജീവിതത്തെക്കുറിച്ചും ജീവിതനിയോഗങ്ങളെക്കുറിച്ചും ഗൗരവമായി ചിന്തിക്കുന്ന സമയമാണല്ലോ ഇത്. ജീവിതത്തെക്കുറിച്ചുള്ള നല്ല തീരുമാനങ്ങൾ എടുക്കുമ്പോൾ പൗരോഹിത്യ-സന്യാസ ജീവിതത്തെക്കുറിച്ച് ആഴത്തിൽ ചിന്തിക്കുന്നത് നല്ലതാണ്. 'ആരെയാണ് ഞാൻ അയയ്ക്കുക, ആരാണ് നമുക്ക് വേണ്ടി പോകുക' എന്ന ദൈവിക ചോദ്യത്തിന് ഏശയ്യ പ്രവാചകൻ മറുപടി

നൽകി ‘ഇതാ ഞാൻ, എന്നെ അയച്ചാലും’ (ഏശ. 6,8). ദൈവനിയോഗങ്ങൾ മനുഷ്യ കരങ്ങളിലൂടെ നിർവഹിക്കപ്പെടുവാൻ കാലാകാലങ്ങളിൽദൈവം ഓരോരുത്തരെയും പ്രത്യേകമായി വിളിച്ച് വിശുദ്ധീകരിച്ച് നിയോഗിക്കാറുണ്ട്. സ്വഭാവത്താൽ തന്നെ പ്രേക്ഷിതയായ സഭയുടെ ദൗത്യം ഓരോ കാലഘട്ടത്തിലും തുടരുന്നത് ദൈവവിളിക്ക് പ്രത്യുത്തരം നൽകുന്നതിലൂടെയാണ്.

ദൈവജനത്തെ ക്രിസ്തുവിന്റെ മേച്ചിൽ പുറങ്ങളിലേക്ക് നയിക്കുന്നതിനുള്ള വിളിയാണ് ദൈവവിളി. ‘എന്താണ് ക്രിസ്തീയ അജപാലനത്തിന്റെ മുഖം’ എന്ന ചോദ്യത്തിന് ഫ്രാൻസിസ് മാർപാപ്പ ഇപ്രകാരം ഉത്തരം പറഞ്ഞു: ‘കാണാതായ ആടിന്റെ ഉപമയിൽ നൂറിൽ ഒരാട് നഷ്ടപ്പെട്ടപ്പോൾ തൊണ്ണൂറ്റൊമ്പതിനെയും വിട്ട് നഷ്ടപ്പെട്ടതിനെ തേടിയിറങ്ങണമെന്ന് ക്രിസ്തു പഠിപ്പിച്ചു. പുറത്തുള്ള ആളുകളെ തേടിയിറങ്ങുന്നതാണ് ക്രിസ്തീയ അജപാലനത്തിന്റെ മർമ്മം. ഇവിടെയാണ് വിശുദ്ധരായ അജപാലകരുടെ പ്രസക്തി’. ‘ജനക്കൂട്ടങ്ങളെ കണ്ടപ്പോൾ, യേശുവിന് അവരുടെമേൽ അനുകമ്പ തോന്നി. അവർ ഇടയനില്ലാത്ത ആടുകളെ പോലെ പരിഭ്രാന്തരും നിസ്സഹായമായിരുന്നു’. (മത്താ. 9,36). ജനത്തിന്റെ പരിഭ്രാന്തിക്കും നിസ്സഹായതയ്ക്കും സ്വർഗം നൽകുന്ന ഉത്തരമാണ് ഓരോ ദൈവവിളിയും എന്നതാണ് ഈ വാചകം വ്യക്തമാക്കുന്ന സത്യം. ദൈവഹിതം അനുസരിച്ച് ജീവിതത്തെ ക്രമപ്പെടുത്താനുള്ള ഉൾവിളിയുമാണ് ദൈവവിളി. ഈ അർഥത്തിൽ പൗരോഹിത്യവും സന്യാസവും കുടുംബജീവിതവും ഏകസ്ഥ ജീവിതവും ഒരുപോലെ ദൈവവിളികളാണ്. തങ്ങൾ ഏത് ജീവിതാന്തസ് തിരഞ്ഞെടുക്കണം എന്നാണ് ദൈവം ആഗ്രഹിക്കുന്നത് എന്ന് യുവജനങ്ങൾ മനസ്സിലാക്കേണ്ടതുണ്ട്. അതോടൊപ്പം ദൈവസ്വരം ശ്രവിച്ച് ദൈവം നിയോഗിക്കുന്ന വഴിയിലേക്ക് അവരെ നയിക്കാൻ മാതാപിതാക്കൾക്കും അധ്യാപകർക്കും സഭാ നേതൃത്വത്തിനും കടമയുണ്ട്.

ദൈവവിളിയുടെ ഈറ്റില്ലം കുടുംബമാണ്. സഭയുടെയും സമൂഹത്തിന്റെയും അടിസ്ഥാന ഘടകമായ കുടുംബം വിശ്വാസത്തിന്റെ പരിശീലന കളരിയും ദൈവവിളിയുടെ വിളനിലവുമാണ്. വിശ്വാസ കൈമാറ്റത്തിന്റെ ആദ്യ ഘടകമായ കുടുംബത്തിലാണ് ദൈവവിളി മൊട്ടിടുകയും വളരുകയും ചെയ്യുന്നത്. കുടുംബങ്ങളെയും കുടുംബ

ബന്ധങ്ങളെയും തകർക്കുന്ന പല തിന്മകളും നാശം വിതയ്ക്കുന്ന ഈ കാലഘട്ടത്തിൽ പ്രാർഥനയുടെയും സ്നേഹത്തിന്റെയും സമർപ്പണത്തിന്റെ വിളനിലങ്ങളായി നമ്മുടെ കുടുംബങ്ങൾ മാറുവാൻ മാതാപിതാക്കൾ ശ്രദ്ധിക്കണം. ദൈവാശ്രയ ബോധത്തിലും സമർപ്പിതരോടുള്ള ആദരവിലും കുഞ്ഞുങ്ങളെ വളർത്താൻ സാധിച്ചാൽ മാത്രമേ ദൈവസ്വരം തിരിച്ചറിയുവാനും വിവിധ ശുശ്രൂഷകൾക്കായി തങ്ങളെ വിളിക്കുന്നവനെ അനുഗമിക്കുവാനും ഈ കാലഘട്ടത്തിൽ കുഞ്ഞുങ്ങൾക്ക് കഴിയുകയുള്ളൂ.

ഓരോ കുഞ്ഞ് ജനിക്കുമ്പോഴും മാതാപിതാക്കൾക്ക് അവരെക്കുറിച്ച് സ്വപ്നങ്ങളും പ്രതീക്ഷകളും ഉണ്ട്. അത് ഒരിക്കലും ദൈവീകമായ തെരഞ്ഞെടുപ്പിന് എതിര് നിൽക്കുന്നതാകരുത്. കുട്ടികൾ തങ്ങളുടെ ദൈവവിളി തിരിച്ചറിയുമ്പോൾ മാതാപിതാക്കളാണ് അത് ഏറ്റവും അധികം പ്രോത്സാഹിപ്പിക്കേണ്ടതും വളർത്താൻ ശ്രമിക്കേണ്ടതും. 'ദൈവം തന്നതുകൊണ്ട് എനിക്ക് അഹങ്കാരമില്ല, ദൈവമെടുത്തത് കൊണ്ട് എനിക്ക് നൈരാശ്യവും ഇല്ല, ദൈവത്തിനു മഹത്വം' എന്ന പഴയ നിയമത്തിലെ ജോബിന്റെ മനോഭാവം ഒരു ആത്മസമർപ്പണത്തിന്റെ പ്രാർഥനയാണ്; മാതാപിതാക്കൾ സ്വന്തമാക്കേണ്ട മനോഭാവവും ഇതുതന്നെയാണ്.

വിശുദ്ധമായ പൗരോഹിത്യവും സന്യാസവും ജീവിക്കുന്നവർ എക്കാലത്തും നമുക്ക് മുൻപിൽ മാതൃകകളായി ഉണ്ടെങ്കിലും സഭ എന്നും ദൈവവിളിയെ പ്രോത്സാഹിപ്പിക്കുന്നത് ക്രിസ്തുവിലേക്ക് വിരൽ ചൂണ്ടിയാണ്. ലോകമെങ്ങും സുവിശേഷം പ്രസംഗിക്കാനുള്ള ക്രിസ്തുവിന്റെ ആഹ്വാനത്തോട് ക്രിയാത്മകമായി പ്രതികരിക്കുന്ന അനേകം ആളുകൾ കടന്നു വരുന്നു എന്നത് അത്ഭുതത്തോടെ മാത്രമേ നമുക്ക് നോക്കിക്കാണാനാകു.'ഇനിമേൽ ഞാനല്ല, ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്' എന്ന പൗലോസ് ശ്ലീഹായുടെ വാക്കുകൾ ഹൃദയത്തിൽ ഏറ്റുവാങ്ങിയ യുവജനങ്ങളാണ് സഭയുടെ യഥാർഥ സമ്പത്ത്.

സ്വർഗം ലക്ഷ്യമാക്കി യാത്രചെയ്യുന്ന തീർഥാടകസഭയിൽ വിശുദ്ധിയോടെ ദൈവജനത്തെ നയിക്കാനും കാലഘട്ടത്തിന്റെ പ്രവാചകനാകാനും സഹയാത്രികരായി ഒന്നിച്ചു മുന്നേറാനും

തീഷ്ണതയുള്ള വൈദികരെ സഭയ്ക്കിന്ന് ആവശ്യമുണ്ട്. അതിനായി പൗരോഹിത്യവിളിയോട് ആഭിമുഖ്യം പ്രകടിപ്പിക്കുന്നവർക്കായി ദൈവവിളി ക്യാമ്പ് ഈ വർഷം ഏപ്രിൽ 6, 7, 8 തീയതികളിൽ മേരിക്കുന്ന് PMOCയിൽ വച്ച് നടത്തപ്പെടുന്നു. SSLC യോ +2 വോ മറ്റ് ഉന്നത കോഴ്സുകളോ പൂർത്തിയാക്കിയവരാണ് ക്യാമ്പിൽ സംബന്ധിക്കേണ്ടത്. പൗരോഹിത്യ ജീവിതം നയിക്കാൻ ആഗ്രഹിക്കുന്ന എല്ലാ കുട്ടികളെയും ക്യാമ്പിന് പറഞ്ഞയക്കാൻ മാതാപിതാക്കളും അധ്യാപകരും വികാരിയച്ചന്മാരും ശ്രദ്ധിക്കുമല്ലോ. ദൈവിക ശുശ്രൂഷ ചെയ്യാനുള്ള വിളി ദൈവത്തിന്റെ ഒരു ദാനവും സമ്മാനവുമാണെന്നബോധ്യത്തോടെ ദൈവവിളി സ്വീകരിക്കാൻ നിങ്ങളെ ഞാൻ ക്ഷണിക്കുന്നു.

'ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്ന് ആരു നമ്മെ വേർപെടുത്തും? ക്ലേശമോ ദുരിതമോ പീഡനമോ പട്ടിണിയോ നഗ്നതയോ ആപത്തോ വാളോ?' (റോമാ 8,35). പൗലോസ് ശ്ലീഹായുടെ ഈ വാക്കുകൾ ഹൃദയത്തിൽ സ്വീകരിച്ച് പ്രാർഥന വഴിയായും ക്യാമ്പ് വഴിയായും പരിശുദ്ധാത്മാവിനാൽ പ്രചോദിതരായി നിങ്ങളെപ്പറ്റിയുള്ള ദൈവഹിതം തിരിച്ചറിയുവാനും ആ വിളിയെ സ്നേഹത്തോടെ ആശ്ലേഷിക്കുവാനും നിങ്ങൾക്ക് കഴിയട്ടെ എന്ന് പ്രാർഥിക്കുന്നു. ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവം,

**✠റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

*ഈ സർക്കുലർ 2026 മാർച്ച് 22-ാം തീയതി ഞായറാഴ്ച വി. കുർബാനമധ്യേ വായിക്കാൻ നൽകിയത്.*



# കച്ചേരിക്കാര്യം

## 1. Appointments

*Mekhala Directors SMART & Vocation Bureau*

Rev. Fathers

| | |
|---|---|
| Pallattu Sebastian | - Kodanchery |
| Thottamattathil Sebastian | - Koorachundu |
| Koyippurath Jacob | - Malappuram |
| Thittayil Jacob | - Mariyapuram |
| Purathoottu Joseph | - Maruthomkara |
| Kadukanmakkel Geo | - Paroppady |
| Karikunnel Antony | - Perinthalmanna |
| Konukunnel John | - Thamarassery |
| Malambel Joseph | - Thiruvambady |
| Kuroor Emmanuel | - Thottumukkam |
| Vettukallel Joseph | - Vilangadu |

## 2. മെത്രാഭിഷേകദിനം

രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ മെത്രാഭിഷേകദിനം ഏപ്രിൽ 8-ാം തീയതിയാണ്. മേൽപ്പട്ട ശുശ്രൂഷയിൽ 16 വർഷം പൂർത്തിയാക്കുന്ന അഭിവന്ദ്യ പിതാവിന് അനുമോദനങ്ങൾ നേരുകയും പിതാവിനുവേണ്ടി പ്രാർഥിക്കുകയും ചെയ്യാം. ഏറ്റെടുത്തിരിക്കുന്ന ഇടയധർമ്മം ദൈവഹിതപ്രകാരം തുടർന്നും നിർവഹിക്കുന്നതിന് ആവശ്യമായ ദൈവാനുഗ്രഹത്തിനുവേണ്ടി പ്രാർഥിക്കുന്നതോടൊപ്പം ഇടവകജനങ്ങളെ ഇക്കാര്യം അറിയിക്കുകയും അന്നേദിവസം പിതാവിനുവേണ്ടി പ്രാർഥിക്കുവാൻ ഓർമിപ്പിക്കുകയും ചെയ്യുമല്ലോ.

### 3. മലബാർ കുടിയേറ്റ ശതാബ്ദി-റൂബി ജൂബിലി സമാപനം

മലബാർ കുടിയേറ്റ ശതാബ്ദിയും രൂപത സ്ഥാപിതമായതിന്റെ റൂബി ജൂബിലി സമാപനവും 2026 ഏപ്രിൽ 18-ാം തീയതി ശനിയാഴ്ച പുല്ലൂരാംപാറ ബഥാനിയ റിന്യൂവൽ സെന്ററിൽ നടക്കുന്നു. രാവിലെ 9.30 ന് സീറോ മലബാർ സഭയുടെ തലവൻ അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന്റെ കാർമികത്വത്തിൽ കൃതജ്ഞതാബലിയും തുടർന്ന് പൊതുസമ്മേളനവും നടക്കുന്നു. ഓരോ ഇടവകയിൽ നിന്നും ബഹു. വൈദികർ, സമർപ്പിതരുടെ പ്രതിനിധികൾ, പാരിഷ് കൗൺസിൽ അംഗങ്ങൾ, പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, സംഘടനകളുടെ രൂപതഭാരവാഹികൾ എന്നിവർ പങ്കെടുക്കേണ്ടതാണ്.

| | | |
|---|---|---|
| രാവിലെ 9.00 | : | രജിസ്ട്രേഷൻ |
| 9.30 | : | കൃതജ്ഞതാബലി |
| 11.15 | : | പൊതുസമ്മേളനം |
| 01.00 | : | ഉച്ചഭക്ഷണം |

### 4. യേശുനിധി

നമ്മുടെ ജീവികാരുണ്യ പ്രവർത്തനഫണ്ടായ യേശുനിധിയിലേക്കുള്ള സംഭാവനകൾ പതിവനുസരിച്ച് ഓശാന ഞായറാഴ്ച വി. കുർബാന മധ്യേ സമർപ്പിക്കേണ്ടതാണ്. മെയ് മാസം മുതൽ പുതിയ അപേക്ഷ കൾ യേശുനിധിയിലേക്ക് സ്വീകരിക്കാൻ ആരംഭിക്കും. അപേക്ഷകൾ സമർപ്പിക്കുമ്പോൾ അവരുടെ അക്കൗണ്ട് നമ്പറും പാസ് ബുക്കിന്റെ കോപ്പിയും അപേക്ഷയോടൊപ്പം വയ്ക്കേണ്ടതാണ്. യേശുനിധിയി ലേക്കുള്ള സംഭാവനകൾ ബാങ്കിലേക്ക് ട്രാൻസ്ഫർ ചെയ്യുമ്പോൾ രൂപത പ്രൊക്യുറേറ്ററെ അറിയിക്കാൻ ശ്രദ്ധിക്കുമല്ലോ.

| | |
|---|---|
| Account Name | : YESUNIDHI |
| A/c No. | : 0428053000000270 |
| Branch | : Thamarassery |
| IFSC | : SIBL0000428 |

### 5. വൈദികരുടെ സ്ഥലമാറ്റം

രൂപതയിലെ വൈദികരുടെ സ്ഥലമാറ്റം 2026 മെയ് 9 ശനിയാഴ്ച

യാണ്. മെയ് 10 ഞായറാഴ്ച പുതിയ സ്ഥലങ്ങളിൽ ബഹു. വൈദികർ ഉത്തരവാദിത്തമേൽക്കേണ്ടതാണ്.

### 6. രൂപതാവിഹിതം (7.5%)

രൂപതാനിയമാവലിയിൽ പറഞ്ഞിരിക്കുന്നതുപോലെ ഇടവകയുടെ വാർഷിക വരുമാനത്തിന്റെ 7.5% രൂപതാവിഹിതമായി നൽകേണ്ടതാണ്. വാർഷിക തിരട്ട് പാസാക്കുന്നതിനും പുതുതായി തെരഞ്ഞെടുക്കപ്പെടുന്ന കൈക്കാരന്മാരുടെ പേരുകൾ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനും മുമ്പ് രൂപതാവിഹിതം അടച്ചുതീർക്കേണ്ടതാണ്. രൂപതാവിഹിതം ഫൊറോനകേന്ദ്രങ്ങളിൽ താഴെപ്പറയുന്ന തീയതികളിലാണ് സ്വീകരിക്കുന്നതാണ്.

| | | | | |
|---|---|---|---|---|
| ഏപ്രിൽ 27 | - | 9.30 am | - | കരുവാരകുണ്ട് |
| എപ്രിൽ 27 | - | 12.00 noon | - | പെരിന്തൽമണ്ണ |
| | | 3.30 pm | - | മലപ്പുറം |
| ഏപ്രിൽ 28 | - | 9.30 am | - | തിരുവമ്പാടി |
| | | 3.00 pm | - | തോട്ടുമുക്കം |
| ഏപ്രിൽ 29 | - | 10.00 am | - | മരുതോങ്കര, വിലങ്ങാട് |
| | | 3.00 pm | - | കൂരാച്ചുണ്ട് |
| ഏപ്രിൽ 30 | - | 10.00 am | - | പാറോപ്പടി |
| | | 3.00 pm | - | താമരശ്ശേരി |
| മെയ് 1 | - | 3.00 pm | - | കോടഞ്ചേരി |

### 7. രൂപത ഡിജിറ്റലൈസേഷൻ - വൺ ടൈം പേയ്മെന്റ്

രൂപത ഡിറ്റലൈസേഷന്റെ ഭാഗമായി ഇടവക വെബ്സൈറ്റ്, ഇടവക മാനേജ്മെന്റ് സിസ്റ്റം എന്നിവയുടെ 2024-25 വർഷത്തെ തുക പള്ളികളിലെ ഏഴര ശതമാനത്തോടൊപ്പം അടയ്ക്കേണ്ടതാണ്. 2025-26 സാമ്പത്തിക വർഷത്തെ തുകയും എത്രയുംവേഗം നൽകുമല്ലോ (മൂന്നുവർഷത്തെ തുക ഒരുമിച്ച് അടച്ചവർക്ക് ബാധകമല്ല).

### 8. പൊതുയോഗം & കൈക്കാരന്മാരുടെ തെരഞ്ഞെടുപ്പ്

2026 ഏപ്രിൽ മാസത്തിൽ, രൂപത നിയമാവലിപ്രകാരം പൊതുയോഗം വിളിച്ചുകൂട്ടി ആണ്ടുതിരട്ട് പാസാക്കുകയും പുതിയ കൈക്കാരന്മാരെ തിരഞ്ഞെടുക്കുകയും ചെയ്യണം. കൈക്കാരന്മാരിൽ

ഒരാൾ 25 നും 35 നും ഇടയിൽ പ്രായമുള്ള യുവജനങ്ങളിൽ നിന്നായിരിക്കുന്നത് അഭികാമ്യമാണ്. പുതിയ കൈക്കാരന്മാർ മെയ് 3-ാം തീയതിക്കുള്ളിൽ വി. കുർബാനമധ്യേ സത്യപ്രതിജ്ഞ ചെയ്ത് ചുമതല ഏൽക്കേണ്ടതാണ്.

### 9. ആദരാഞ്ജലികൾ

ബഹു. ജെയിംസ് കിളിയനാനിക്കൽ അച്ചന്റെ പ്രിയ മാതാവ് **റോസമ്മ വർക്കി കിളിയനാനിക്കൽ (92)** 2026 മാർച്ച് 3 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 4-ാം തീയതി കൂടരഞ്ഞി സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ മൃതസംസ്കാര ശുശ്രൂഷകൾ നടന്നു. സന്തപ്ത കുടുംബാംഗങ്ങളോടും പ്രത്യേകിച്ച് ബഹു. ജെയിംസച്ചനോടും രൂപതാകുടുംബത്തിന്റെ അനുശോചനം അറിയിക്കുന്നു. പരേതയുടെ ആത്മശാന്തിക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്യുന്നു.

### 10. പ്രോ-ലൈഫ് ദിനാചരണം


മാർച്ച് 25 പ്രോ-ലൈഫ് ദിനത്തോടൊനുബന്ധിച്ച് സമാഹരിച്ച തുക കഴിവതും വേഗം പ്രോ-ലൈഫ് അക്കൗണ്ടിലേക്ക് നിക്ഷേപിച്ച് അക്കാര്യം ഡയറക്ടറെ അറിയിക്കുമല്ലോ.

### 11. സ്മരണാഞ്ജലി

| | | |
|---|---|---|
| 02-04-1990 | - | റവ. ഫാ. സേവ്യർ കണിയാന്തറ |
| **04-04-2006** | **-** | **മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി** |
| 07-04-2024 | - | **റവ. ഫാ. ആശാരിപറമ്പിൽ ജോർജ്** |
| 10-04-1977 | - | റവ. ഫാ. ജോസഫ് കൊല്ലംപറമ്പിൽ |
| 20-04-1972 | - | റവ. ഫാ. മാത്യു പാലമറ്റം |
| **20-04-2012** | **-** | **മോൺ. ഫ്രാൻസിസ് ആറുപറയിൽ** |
| 29-04-1997 | - | റവ. ഫാ. ജോർജ് സ്രാമ്പിക്കൽ |
| 29-04-1968 | - | റവ. ഫാ. ജോർജ് പുനക്കാട്ട് |
| 29-04-1999 | - | റവ. ഫാ. ജോസഫ് വെട്ടിക്കുഴിച്ചാലിൽ |

**പ്രോട്ടോസിഞ്ചെല്ലൂസ്**


പാവനസ്മരണയ്ക്ക്
മാർ സെബാസ്റ്റ്യൻ
വള്ളോപ്പിള്ളി
04.04.2006
റവ. ഡോ. ജോർജ്ജ്
ആശാരിപറമ്പിൽ
07.04.2024
മോൺ. ഫ്രാൻസിസ്
ആറുപറയിൽ
20.04.2012




# ആദരാഞ്ജലികൾ

## സി. എൽസീന SABS



താമരശ്ശേരി വിമല മാതാ പ്രൊവിൻസ് ആരാധന സന്യാസിനി സമൂഹാംഗമായ സി. എൽസീന, പാലാ രൂപത ചേറ്റുതോട് ഇടവകയിൽ ചെമ്മരപ്പള്ളിയിൽ കുടുംബത്തിൽ 1941 ഫെബ്രുവരി രണ്ടിന് ജനിച്ചു. ചെമ്മരപ്പള്ളിയിൽ കുടുംബത്തിൽ മത്തായി- മറിയം ദമ്പതികളുടെ ഏഴു മക്കളിൽ മൂന്നാമത്തവളായിരുന്നു ഏലിക്കുട്ടി. പ്രാഥമിക വിദ്യാഭ്യാസത്തിന് ശേഷം സന്യസ്ഥജീവിതം ആഗ്രഹിച്ച് ആരാധന സന്യാസിനി സമൂഹത്തിൽ ചേർന്ന് തലശ്ശേരി, മാനന്തവാടി, താമരശ്ശേരി എന്നീ മലബാർ പ്രൊവിൻസുകളിലെ പഴൂർ, ബത്തേരി, പയ്യമ്പള്ളി, മുള്ളൻകൊല്ലി, വിലങ്ങാട്, മേരിക്കുന്ന്, മഞ്ഞുവയൽ ആനക്കാം പൊയിൽ, വിളക്കാംതോട്, ചുണ്ടത്തുംപൊയിൽ, മഞ്ഞക്കടവ്, പുല്ലൂരാംപാറ എന്നീ ഭവനങ്ങൾ അമ്മയുടെ സേവനരംഗങ്ങളായിരുന്നു. ഈ ഭവനങ്ങളിൽ ഫൈനാൻസ് ഓഫീസർ, കൗൺസിലർ, സോഷ്യൽ വർക്കർ, നഴ്സറി ടീച്ചർ, എന്നീ രംഗങ്ങളിൽ സിസ്റ്റർ സ്തുത്യർഹമായ സേവനം ചെയ്തു. പ്രഭാതത്തിലുണർന്ന് ദിവ്യകാരുണ്യ സന്നിധിയിൽ നിന്നും ശക്തിയാർജ്ജിച്ച് പ്രേഷിതമേഖലകളെ ദൈവാനുഗ്രഹമാക്കി മാറ്റിയ സി. എൽസീന കഠിനമായ അധ്വാനത്തിലൂടെയും നിരന്തരമായ പ്രാർഥനയിലൂടെയും സ്തുത്യർഹമായ സേവനം കാഴ്ചവച്ചു. നിശബ്ദവും പരിശുദ്ധവുമായ ജീവിതത്തിലൂടെ ഏവരെയും ക്രിസ്തുവിലേക്ക് ആകർഷിച്ച സിസ്റ്റർ വിശുദ്ധ കുർബാനയെയും ദിവ്യകാരുണ്യത്തെയും ഏറെ സ്നേഹിച്ചു. പച്ചക്കറി കൃഷി, പൂന്തോട്ട പരിപാലനം എന്നിവ അമ്മയുടെ പ്രിയപ്പെട്ട വിനോദങ്ങൾ ആയിരുന്നു. ശാരീരികമായ അസ്വസ്ഥതകൾ മൂലം വിശ്രമജീവിതം നയിക്കെ തന്റെ 85-മത്തെ വയസ്സിൽ സി. എൽസീന നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. അമ്മയുടെ പാവനാത്മാവിന് നിത്യശാന്തി നേരുന്നു.

# ആദരാഞ്ജലികൾ



## സി. മേഴ്സി അഗസ്റ്റിൻ SH

തിരുഹൃദയ സന്യാസിനി സമൂഹം, താമരശ്ശേരി സാന്തോം പ്രൊവിൻസ് അംഗമായ സി. മേഴ്സി അഗസ്റ്റിൻ ചെരിയംപുറത്ത്, ചക്കിട്ടപ്പാറ ഇടവകയിൽ ചെരിയംപുറത്ത് അഗസ്റ്റ്യന്റെയും ഏലിക്കുട്ടിയുടെയും മകളായി 1963 ഒക്ടോബർ 2 ന് ജനിച്ചു. സെന്റ് ആന്റണീസ് എൽപി സ്കൂൾ ചക്കിട്ടപ്പാറ, സെന്റ് ജോർജ് ഹൈസ്കൂൾ കുളത്തുവയൽ എന്നിവിടങ്ങളിൽ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. ഒരു സമർപ്പിതയായി ജീവിക്കണമെന്ന തന്റെ ആഗ്രഹ പൂർത്തീകരണത്തിനായി, തിരുഹൃദയസന്യാസിനി സമൂഹത്തിൽ അർഥിനിയായി ചേർന്ന്, സന്യാസപരിശീലനം പൂർത്തിയാക്കി 1989 മെയ് 3 ന് ആദ്യവ്രതവാഗ്ദാനവും, 1995 മെയ് 13 ന് നിത്യവ്രത വാഗ്ദാനവും നടത്തി തിരുഹൃദയനാഥന്റെ സ്വന്തമായി.

കേരളത്തിലെ വിവിധ ഭവനങ്ങളിൽ, തന്റെ പ്രേഷിതവേല ആരം ഭിച്ച സിസ്റ്റർ മിഷനെ സ്നേഹിച്ചു. ദൈവത്തിന്റെ രക്ഷ ലോകാ തിർത്തിവരെ എത്തിക്കുന്നതിനുള്ള ദൈവത്തിന്റെ കൈയ്യിലെ ഉപകരണമായി 33 വർഷങ്ങൾ മഹാരാഷ്ട്രയിലെ ഛാന്ദാ രൂപതയിൽ തന്റെ സേവനം നിർവ്വഹിച്ചു. മിഷനിലെ വിവിധ ഭവനങ്ങളിൽ സുപ്പീരിയറായും, ഭവനാംഗമായും, സുവിശേഷമൂല്യങ്ങളിൽ ദൃഷ്ടി യൂന്നി, പാവങ്ങളുടെ പക്ഷം ചേർന്ന് അവർക്ക് അത്താണിയായി ജീവിച്ച സിസ്റ്റർ നലം തികഞ്ഞ മിഷനറിയും, അധ്യാപികയും, കഠിനാധ്വാനിയും ആയിരുന്നു. ലളിതവും സുന്ദരവുമായ ആത്മീയ തയിലൂടെ ഏവർക്കും മാതൃകയായിരുന്നു. മിഷനറിയായി സേവനം തുടരവെ 2018 ഡിസംബറിൽ കാൻസർ രോഗബാധിതയായ സിസ്റ്റർ 2026 മാർച്ച് 12 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. നിത്യത യിലേക്ക് യാത്രയായ സിസ്റ്റർ മേഴ്സിയുടെ പാവനസ്മരണയ്ക്ക് മുൻപിൽ സ്നേഹപ്രണാമം.

# വിശ്വാസപരിശീലനം

## Sunday School Visit

ഫെബ്രുവരി 21 ഞായറാഴ്ച പനംപ്ലാവ്, മാർച്ച് 7 പടത്തുകടവ്, മാർച്ച് 15 കുളിരാമുട്ടി എന്നീ ഇടവകകളിൽ രൂപത മതബോധന ഡയറക്ടർ ഫാ. ജോൺ പള്ളിക്കാവയലിൽ സന്ദർശനം നടത്തുകയും. വി. ബലിയർപ്പിച്ച് പ്രാർഥിക്കുകയും, കുട്ടികൾക്ക് സന്ദേശം നല്കുകയും, മതാധ്യാപകരെ കണ്ട് മതബോധന പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

### വിശ്വാസോത്സവം 2026

ഈ വർഷത്തെ വിശ്വാസോത്സവം 2026 ഏപ്രിൽ 6, 7, 8 (തിങ്കൾ, ചൊവ്വ, ബുധൻ) തീയതികളിൽ ആണ്. വിശ്വാസോത്സവത്തിന് ഒരുക്കമായി രണ്ട് പഠനശിബിരങ്ങൾ നടന്നു.

### രൂപതാതല പഠനശിബിരം

രൂപതാതല പഠനശിബിരം മാർച്ച് 7 ശനിയാഴ്ച രാവിലെ 9:30 മുതൽ 1:00 മണി വരെ ബിഷപ്പ് ഹൗസ് ഓഡിറ്റോറിയത്തിൽ നടന്നു. രൂപതാതല പഠനശിബിരത്തിൽ ഓരോ മേഖലയിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 5 പേരാണ് പങ്കെടുത്തു. അവർക്ക് പഠന ശിബിരത്തിൽ പ്രത്യേകമായി പരിശീലനം നൽകി. രൂപതാതല പഠനശിബിരത്തിന് നേതൃത്വം നൽകിയത് താമരശ്ശേരി രൂപത റിസോഴ്സ് ടീം ആണ്.

### മേഖലാതല പഠനശിബിരം

മേഖലാതല പഠനശിബിരം മാർച്ച് 21 ശനിയാഴ്ച രാവിലെയോ ഉച്ചകഴിഞ്ഞോ മേഖല കേന്ദ്രങ്ങളിൽ നടന്നു. മേഖലാതല പഠന ശിബിരത്തിന്റെ എല്ലാ കാര്യങ്ങളും മേഖല കമ്മിറ്റി ക്രമീകരിച്ചു. 3 മണിക്കൂർ പഠനശിബിരത്തിന് ലഭിക്കത്തക്കവിധം സമയ ക്രമീകരണം

നടത്തി. മേഖലയിലുള്ള എല്ലാ സൺഡേ സ്കൂളിലെയും മുഴുവൻ അധ്യാപകരും മേഖലാതല പഠനശിബിരത്തിൽ പങ്കെടുത്തു.

അഞ്ച് ഗ്രൂപ്പുകൾ ആയി തിരിഞ്ഞ് ഓരോ മേഖലയിലേക്കും വരുന്ന റിസോഴ്സ് ടീം അംഗങ്ങൾ വർക്ക് ബുക്കുകൾ വിശദമായി പഠിപ്പിച്ചു. രൂപതാ തല പഠനത്തിൽ പരിശീലനം ലഭിച്ച, പാഠങ്ങളും, ഗെയിമുകളും, പ്രവർത്തനങ്ങളും പാട്ടുകളും, മേഖലാതലത്തിൽ അധ്യാപകരെ പരിശീലിപ്പിച്ചു. വർക്ക്ബുക്കളുടെ അടിസ്ഥാനത്തിൽ ഗ്രൂപ്പുകൾ തിരിഞ്ഞാണ് പഠനശിബിരം നടന്നത്. Group : 1- BN, STD 1; Group : 2 - STD II, III; Group : 3 - STD IV,V, VI; Group : 4 - STD VII, VIII; Group : 5 - STD IX, X.

## DOMUS CAT കുടുംബവിശ്വാസപരിശീലനം

വിശ്വാസപരിശീലനത്തിന്റെ ഭാഗമായി കുടുംബങ്ങളിൽ സന്ധ്യാ പ്രാർഥനയോടൊപ്പം പ്രാർഥിക്കാനും ധ്യാനിക്കാനും പരിശീലിക്കാനുമുള്ള പ്രോഗ്രാമാണ് ജൂലൈ മാസത്തിൽ നൽകിയത്.

പാഠം 38 – മക്കൾ ദൈവത്തിന്റെ നിരീക്ഷണ വലയത്തിൽ
പാഠം 39 – ദൈവവചനം കുടുംബത്തിന്റെ പാഠപുസ്തകം
പാഠം 40 – കുടുംബത്തിൽ സഹനം പരിശീലിപ്പിക്കുക
പാഠം 41 – പ്രാർഥിക്കുന്ന കുടുംബം
പാഠം 42 – കുടുംബം ഗാർഹിക സഭ

## മതാധ്യാപക തുടർപരിശീലന പരീക്ഷ (ASPCT Exam)

'നിഖ്യ-കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണം' എന്ന പുസ്തകത്തെ ആസ്പദമാക്കി മതാധ്യാപകർക്കായി തുടർപരിശീലന പരീക്ഷ മാർച്ച് 1 ഞായറാഴ്ച നടന്നു. പരീക്ഷയിൽ രൂപതയിലെ മുഴുവൻ അധ്യാപകരും പങ്കെടുത്തു.

രണ്ടാം റൗണ്ട് രൂപതാതല ഓൺലൈൻ പരീക്ഷ 2026 മാർച്ച് 15 ഞായറാഴ്ച 2 മുതൽ 2.15 വരെ നടക്കുന്നതാണ്. ഇടവകാതല പരീക്ഷയിൽ ഒന്നും രണ്ടും റാങ്കുകൾ കിട്ടിയ അധ്യാപകരാണ് രണ്ടാം റൗണ്ട് പരീക്ഷയിൽ പങ്കെടുത്തത്.

## ASPCT രൂപതാതല വിജയികൾ

First Rank : Dr. Mini Joseph Thadathil - Kunnamangalam

Second Rank : Lizamma Sebastian Athirakulangara - Pandallur
Third Rank : Beena Nelukumpara - Payyanad

## Media Catechesis

Sunday School Visit, രൂപതാതല വിശ്വാസോത്സവ പഠനശിബിരം, വീഡിയോസ് കാറ്റക്കിസം ചാനലിൽ സംപ്രേക്ഷണം ചെയ്തു.

## Adult Catechesis

മുതിർന്ന ആളുകളുടെ Adult Catechesis-ന്റെ ഭാഗമായി നോമ്പു കാലത്ത് വിശ്വാസപരിശീലന വിഭാഗം 7 ഇടവകകളിൽ Lenten Retreat Programme സംഘടിപ്പിച്ചു. മലപ്പുറം, കൂമംകുളം, കോനൂർക്കണ്ടി, പീടികപ്പാറ, മാങ്കാവ്, ചേവായൂർ എന്നീ ഇടവകക ളിൽ 3 ദിവസങ്ങളിലും, പുല്ലൂരാംപാറ ഇടവകയിൽ 4 ദിവസങ്ങ ളിലും ധ്യാനം നടന്നു. വി. കുർബാന, കുമ്പസാരം, എന്നീ കരുണ യുടെ കൂദാശകളിലേക്ക് വിശ്വാസികളെ കൂടുതൽ അടുപ്പിക്കാൻ ധ്യാനം വഴി സാധിച്ചു.

## APRIL 2026

| | | |
|---|---|---|
| 02.04.26 | വ്യാഴം | പെസഹാവ്യാഴം |
| 03.04.26 | വെള്ളി | ദുഃഖ വെള്ളി |
| 04.04.26 | ശനി | ദുഃഖ ശനി |
| 05.04.26 | ഞായർ | ഉയിർപ്പുകാലം 1-ാം ഞായർ ഈസ്റ്റർ |
| 06.04.26 | തിങ്കൾ | വിശ്വാസോത്സവം |
| 07.04.26 | ചൊവ്വ | വിശ്വാസോത്സവം |
| 08.04.26 | ബുധൻ | വിശ്വാസോത്സവം |
| 09.04.26 | വ്യാഴം | സ്റ്റഡി ലീവ് |
| 10.04.26 | വെള്ളി | സ്റ്റഡി ലീവ് |
| | | ACC 1st Year (13 ) Online Examination |
| 11. 04. 26 | ശനി | വാർഷിക പരീക്ഷ (10 am-12 am) |
| | | ACC 2 nd Year (14) Online Examination |
| 12. 04. 26 | ഞായർ | ഉയിർപ്പുകാലം 2-ാം ഞായർ |
| | | ACC 3rd Year (15) Online Examination |
| 18. 04. 26 | ശനി | സ്കോളർഷിപ്പ് പരീക്ഷ (09 am -11 am) |
| 19. 04. 26 | ഞായർ | ഉയിർപ്പുകാലം 3-ാം ഞായർ |

25. 04. 26 ശനി	രൂപതാതല പ്രതിഭാസംഗമം (STD VII), PMOC

26. 04. 26 ഞായർ ഉയിർപ്പുകാലം 4-ാം ഞായർ
രൂപതാതല പ്രതിഭാസംഗമം (STD VII), PMOC

**ഫാ. ജോൺ പള്ളിക്കാവയലിൽ**
ഡയറക്ടർ, വിശ്വാസപരിശീലനം

# ബൈബിൾ അപ്പസ്തോലേറ്റ്

ലോഗോസ് ക്വിസ് പരീക്ഷയിൽ ഉയർന്ന മാർക്ക് നേടിയവർക്കുള്ള സർട്ടിഫിക്കറ്റുകളും സമ്മാനവും വിതരണം ചെയ്തു. A വിഭാഗത്തിൽ 60% മുതൽ മുകളിലേയ്ക്ക് മാർക്ക് ലഭിച്ചവർക്കും B, C, D, E, F വിഭാഗങ്ങളിൽ 70% മുതൽ മുകളിലേയ്ക്കും മാർക്ക് ലഭിച്ചവർക്കുമാണ് സർട്ടിഫിക്കറ്റും സമ്മാനവും നൽകിയത്.

ഒരു വർഷം കൊണ്ട് വിശുദ്ധ ബൈബിൾ വായിച്ചു മനസ്സിലാക്കാൻ സഹായിക്കുന്ന ദൈവവചന വായനാപദ്ധതിയായ DAILY BREAD 2026 എന്ന പേരിൽ 2026 ജനുവരി 01 ന് ആരംഭിച്ച വാട്സ്ആപ്പ് കൂട്ടായ്മയിൽ നാളിതുവരെ 333 പേർ അംഗങ്ങളായിട്ടുണ്ട്. ഓരോ ദിവസവും വായിക്കേണ്ട വചനഭാഗങ്ങൾ കൃത്യമായി അംഗങ്ങളെ അറിയിക്കുകയും വാട്സ്ആപ്പ് സ്റ്റാറ്റസ് ഇടാൻ ഉതകുന്ന വിധത്തിലുള്ള ദൈവവചന പോസ്റ്റർ പങ്കുവയ്ക്കുകയും ചെയ്യുന്നു. പഴയനിയമത്തിൽ നിന്നുള്ള വായനയാണ് നിലവിൽ നടക്കുന്നത്. ആദ്യ 100 ദിനങ്ങൾ പിന്നിടുമ്പോൾ സാമുവൽ പ്രവാചകന്റെ രണ്ടാം പുസ്തകംവരെ പൂർത്തിയായി.

വലിയ നോമ്പിലെ 50 ദിവസവും നോമ്പുകാല വിചിന്തനങ്ങൾ പോസ്റ്റർ രൂപത്തിൽ രൂപതാ വൈദിക കൂട്ടായ്മയുടെ വാട്സ്ആപ്പ് ഗ്രൂപ്പ് വഴി പങ്കുവച്ചു.

**ഫാ. അബ്രാഹം പ്രാമ്പിക്കൽ**
ഡയറക്ടർ, ബൈബിൾ അപ്പസ്തോലേറ്റ്

# സെമിനാരി വാർത്തകൾ

## ദൈവവിളി ക്യാമ്പ്

ഈ വർഷത്തെ ദൈവവിളി ക്യാമ്പ് ഏപ്രിൽ മാസം 6,7,8 തീയതികളിലായി കോഴിക്കോട് പി.എം.ഒ.സിയിൽ വച്ച് നടക്കുന്നതാണ്. ബഹുമാനപ്പെട്ട വികാരിയച്ചൻമാർ വിദ്യാർഥികളെ പറഞ്ഞയക്കുമല്ലോ!

## പ്ലസ് വൺ പ്ലസ് ടു പരീക്ഷകൾ

പ്ലസ് വൺ പ്ലസ് ടു പരീക്ഷയോടനുബന്ധിച്ച് ഒരാഴ്ചത്തെ പഠനാവധിക്കായി വീടുകളിൽപോയ വൈദിക വിദ്യാർഥികൾ മാർച്ച് രണ്ടിന് തിരിച്ചെത്തി. മാർച്ച് അഞ്ചിന് പ്ലസ് വൺ പ്ലസ് ടു പരീക്ഷകൾ ആരംഭിച്ചു. പരീക്ഷകൾ 28 ന് അവസാനിച്ചു.

## മോട്ടിവേഷൻ ക്ലാസ്

മാർച്ച് ആറാം തീയതി വൈകുന്നേരം എഴുത്തുകാരനും ചിന്തകനുമായ ജോസഫ് അന്നംകുട്ടി ജോസ് സെമിനാരിയിൽ വരികയും വൈദിക വിദ്യാർഥികളുമായി സംവദിക്കുകയും അവർക്കായി ക്ലാസ് എടുക്കുകയും ചെയ്തു.

## പരീക്ഷാകാലം

മാർച്ച് പതിനാലിന് ഒന്നാം വർഷ വൈദിക വിദ്യാർഥികളുടെ പരീക്ഷകൾ ആരംഭിച്ചു.

## യാത്രയയപ്പ്

മൂന്നുവർഷം മൈനർ സെമിനാരി വൈദിക പരിശീലനം പൂർത്തിയാക്കി വിവിധ മേജർ സെമിനാരികളിലേക്കു പോകുന്ന വൈദിക വിദ്യാർഥികൾക്ക് സെമിനാരി കുടുംബം യാത്രയയപ്പ് നൽകി. മാർച്ച് 21 വൈകുന്നേരം വിവിധ പരിപാടികളോടെ നടന്ന ചടങ്ങിൽ വൈദിക വിദ്യാർഥികൾ തങ്ങളുടെ അനുഭവങ്ങൾ പങ്കുവച്ചു.

## അവധിക്കാലം

തങ്ങളുടെ പരീക്ഷകൾക്ക് ശേഷം മാർച്ച് 25-ാം തീയതി ഒന്നും രണ്ടും വർഷ വൈദിക വിദ്യാർഥികൾ വാർഷിക അവധിക്കായി ഭവനങ്ങളിലേക്ക് പോയി. മാർച്ച് ഇരുപത്തിയെട്ടാം തീയതി മൂന്നാം വർഷ വൈദിക വിദ്യാർഥികൾ തങ്ങളുടെ പ്ലസ് ടു പരീക്ഷകൾക്ക് ശേഷം വാർഷിക അവധിക്കായി ഭവനങ്ങളിലേക്ക് മടങ്ങി.

## മ്ശംശാന പട്ടവും ചെറുപട്ടങ്ങളും

ഡീക്കൻ പട്ടത്തിന്റെയും ചെറുപട്ടങ്ങളുടെയും സ്വീകരണ ഒരുക്കത്തിനായി മേജർ സെമിനാരി വിദ്യാർഥികൾ മാർച്ച് 25ന് രാവിലെ മൈനർ സെമിനാരിയിൽ എത്തിച്ചേർന്നു. അഭിവന്ദ്യ പിതാവുമായി വ്യക്തിപരമായ കൂടിക്കാഴ്ചയ്ക്ക് ശേഷം വൈകുന്നേരം ആരാധനയും ഒരുക്ക ശുശ്രൂഷയും നടന്നു.

26 ന് രാവിലെ താമരശ്ശേരി മേരി മാതാ കത്തീഡ്രൽ പള്ളിയിൽ വച്ച് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് നാലുപേർക്ക് ഡീക്കൻ പട്ടവും മറ്റു വിദ്യാർഥികൾക്ക് ചെറുപട്ടങ്ങളും നൽകി.

## കുളത്തുവയൽ തീർഥാടനം

ഇരുപത്തിയാറാം തീയതി വ്യാഴാഴ്ച വൈകുന്നേരം നാൽപ്പതാം വെള്ളിയോടനുബന്ധിച്ചുള്ള കുരിശിന്റെ വഴിയിൽ മേജർ സെമിനാരിക്കാരും പങ്കെടുത്തു.

**ഫാ. കുര്യൻ താന്നിക്കൽ**
റെക്ടർ, സെന്റ് അൽഫോൻസ മൈനർ സെമിനാരി

# വൊക്കേഷൻ ബ്യൂറോ

**ദൈവവിളി ക്യാമ്പ്: 06 ഏപ്രിൽ 2026 – 08 ഏപ്രിൽ 2026**

തീയതി: 2026 ഏപ്രിൽ 6-ാം തീയതി തിങ്കളാഴ്ച രാവിലെ 10:00 മുതൽ 8-ാം തീയതി ഉച്ചയ്ക്ക് 2.00 വരെ (തിങ്കൾ, ചൊവ്വ, ബുധൻ). ആൺകുട്ടികൾക്കുള്ള ക്യാമ്പ് കോഴിക്കോട് PMOC യിൽ നടത്തപ്പെടുന്നു.

**ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

1. ക്യാമ്പിനു വരുന്നവർ ബൈബിൾ, നോട്ടുബുക്ക്, പേന, ബെഡ് ഷീറ്റ്, ടോയ്‌ലറ്റ് സാധനങ്ങൾ മുതലായവ കൊണ്ടുവരേണ്ടതാണ്.
2. ക്യാമ്പിൽ പങ്കെടുക്കുന്നവർ ബഹു. വികാരിയച്ചന്റെ കത്ത് നിർബന്ധമായും കൊണ്ടുവരേണ്ടതാണ്.
3. ക്യാമ്പ് ഫീസ് 600 രൂപ ആയിരിക്കും. ഫീസിൽ ഇളവ് ആഗ്രഹിക്കുന്നവർ ഇക്കാര്യം സൂചിപ്പിക്കുന്ന വികാരിയച്ചന്റെ കത്ത് കൊണ്ടുവരേണ്ടതാണ്.
4. മറ്റ് രൂപതകളിലോ സന്യാസ സമൂഹങ്ങളിലോ ചേരുവാൻ ആഗ്രഹിക്കുന്നവർ നിർബന്ധമായും രൂപത ദൈവവിളി ക്യാമ്പിൽ പങ്കെടുക്കേണ്ടതാണ്.
5 രൂപതയുടെ പുറത്തുള്ള സെമിനാരികളിൽ ചേരാൻ ആഗ്രഹിക്കുന്ന കുട്ടികൾ രൂപതയിൽ നിന്നും നിർബന്ധമായും എൻ.ഒ.സി (NOC) വാങ്ങേണ്ടതാണ്.
6. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ നമ്മുടെ രൂപത സെമിനാരിയിൽ ചേരാൻ ആഗ്രഹിക്കുന്ന കുട്ടികളുടെ പേരുവിവരങ്ങൾ അറിയിക്കുമല്ലോ.

**ഫാ. ജോർജ് കരിന്തോളിൽ**
ഡയറക്ടർ, വൊക്കേഷൻ ബ്യൂറോ

# ചെറുപുഷ്പ മിഷൻലീഗ് തിരുബാലസഖ്യം

## റീജിയണൽ സമ്മേളനങ്ങൾ

മലപ്പുറം, തിരുവമ്പാടി, കൂരാച്ചുണ്ട്, താമരശ്ശേരി മേഖലകളുടെ നേതൃത്വത്തിൽ റീജിയണൽ സമ്മേളനം നടത്തി. ശാഖ, മേഖല ഭാരവാഹികൾ, വൈസ് ഡയറക്ടേഴ്സ്, ഓർഗനൈസേഴ്സ് എന്നിവർക്കുവേണ്ടി സെമിനാറും സംഘടിപ്പിച്ചു.

## മിസ്സിയോ മേഖല മീറ്റ്

മാർച്ച് മാസം മലപ്പുറം, കരുവാരക്കുണ്ട്, തോട്ടുമുക്കം, തിരുവമ്പാടി, വിലങ്ങാട്, കൂരാച്ചുണ്ട്, പാറോപ്പടി, താമരശ്ശേരി, കോടഞ്ചേരി, മരുതോങ്കര എന്നീ മേഖലകളിൽ മിസ്സിയോ മേഖല സംഗമം നടത്തി.

## ഗത്സേമനി നോമ്പുകാല തിരുവചന പ്രാർഥന

രൂപതയിലെ വിവിധ ശാഖകളിലെ സിഎംഎൽ, തിരുബാലസഖ്യം കുട്ടികളുടെ നേതൃത്വത്തിൽ 50 നോമ്പു ദിവസങ്ങളിൽ ഗത്സേമനി നോമ്പുകാല തിരുവചന പ്രാർഥന തയ്യാറാക്കി നൽകി.

## പ്രേഷിത കൂടാരം

മാർച്ച് മാസത്തിൽ തോട്ടുമുക്കം, പുന്നയ്ക്കൽ ശാഖകളിൽ പ്രേഷിത കൂടാരം പരിപാടി സംഘടിപ്പിച്ചു.

## അറിയിപ്പുകൾ

*ജൂനിയർ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് ശാഖാതലത്തിൽ:* 2026-2027 പ്രവർത്തന വർഷത്തേയ്ക്കുള്ള പുതിയ ജൂനിയർ ഭാരവാഹികളെ 2026 ഏപ്രിൽ 7 ന് (വിശ്വാസോത്സവത്തിന്റെ രണ്ടാം ദിവസം) ശാഖാതലത്തിൽ തെരഞ്ഞെടുക്കുന്നു.

*മേഖല തലത്തിൽ:* 2026 ഏപ്രിൽ 20 ന് മുമ്പ് മേഖല തലത്തിൽ 2026-2027 പ്രവർത്തന വർഷത്തേയ്ക്കുള്ള ജൂനിയർ ഭാരവാഹികളുടെ

തെരഞ്ഞെടുപ്പ് നടത്തേണ്ടതാണ്. പുതിയ ജൂനിയർ ഭാരവാഹികളുടെ ലിസ്റ്റും മൊബൈൽ നമ്പറും 2026 ഏപ്രിൽ 25ന് മുമ്പ് വാട്സ്ആപ്പ് (8606203117) വഴി അയച്ചുനൽകുമല്ലോ.

### കയ്യെഴുത്ത് മാസിക തയ്യാറാക്കൽ മത്സരം

2025-2026 പ്രവർത്തന വർഷത്തെ 'ക്രിസ്തുവിന്റെ വിളഭൂമിയിൽ പ്രത്യാശയുടെ തീർഥാടകരായി' എന്ന പഠന വിഷയത്തെ അടിസ്ഥാനപ്പെടുത്തി കയ്യെഴുത്ത് മാസിക തയ്യാറാക്കി 2026 മെയ് 5 ന് മുമ്പ് CML രൂപത ഓഫീസിൽ എത്തിക്കേണ്ടതാണ്. കവർ പേജ് ഉൾപ്പെടെ 100 പേജ്.

### എയ്ഞ്ചൽസ് ധ്യാനം

ഈ വർഷം ആദ്യകുർബാന സ്വീകരണത്തിനു വേണ്ടി ഒരുങ്ങുന്നവർക്കും ആദ്യകുർബാന സ്വീകരിച്ചവർക്കും 2026 ഏപ്രിൽ 13 തിങ്കൾ നാലുമണി മുതൽ 2026 ഏപ്രിൽ 15 ബുധൻ നാലുമണിവരെ പുല്ലൂരാംപാറ ബഥാനിയ റിട്രീറ്റ് സെന്ററിൽ എയ്ഞ്ചൽസ് ധ്യാനം സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താല്പര്യമുള്ളവർ 2026 മാർച്ച് 25ന് മുൻപായി 7902510633 എന്ന നമ്പറിലേക്ക് 200 രൂപ അടച്ച് ബുക്ക് ചെയ്യേണ്ടതാണ്.

### ഗ്രാന്റ് മാസ്റ്റേഴ്സ് ക്യാമ്പ് 2K26

രൂപത തലത്തിൽ 7 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി ഏപ്രിൽ മാസം 27,28,29 തീയതികളിൽ മേരിക്കുന്ന് പിഎംഒസി യിൽ വച്ച് ഗ്രാന്റ് മാസ്റ്റേഴ്സ് ക്യാമ്പ് സംഘടിപ്പിക്കുന്നു. 1500 രൂപയാണ് ഫീസ്. താല്പര്യമുള്ളവർ ഗൂഗിൾ പേ വഴി ഏപ്രിൽ 5 ന് മുൻപ് 500 രൂപ അടച്ച് ബുക്ക്ചെയ്യുക. ബുക്കിങ് നമ്പർ: 7902510633, Google pay- 6282569192.

### ജപമാലയജ്ഞം

താമരശ്ശേരി രൂപത റൂബി ജൂബിലിയോട് അനുബന്ധിച്ച് രൂപതയുടെ ഉന്നമനത്തിനായി ഓരോ ശാഖയിലെ മിഷൻലീഗ് അംഗവും 40 ജപമാല ചൊല്ലി കാഴ്ചവയ്ക്കുന്നു. ശാഖാതലത്തിൽ എത്ര ജപമാല ചൊല്ലി പ്രാർഥിച്ചു എന്നതിന്റെ കണക്ക് ശാഖ വൈസ് ഡയറക്ടേഴ്സ് 17 ന് 2026 വെള്ളിയാഴ്ച വൈകിട്ട് 7 മണിക്ക് മുൻപ് രൂപത മിഷൻലീഗ്

കേന്ദ്രത്തിൽ 7902510633 എന്ന നമ്പറിൽ അറിയിക്കേണ്ടതാണ്.

രൂപത മാനേജിംഗ് കമ്മിറ്റിയും, വാർഷികവും, കൗൺസിലും, ഡയറക്ടേഴ്സ് & വൈസ് ഡയറക്ടേഴ്സ് സംഗമവും, മിസിയോ ദൈവവിളി പ്രസംഗം മത്സരവും, പുതിയ ജൂനിയർ രൂപത ഭാരവാഹികളുടെ തെരഞ്ഞെടുപ്പും 04/05/2026 തിങ്കളാഴ്ച രാവിലെ 9.15 മുതൽ 1.30 വരെ താമരശ്ശേരി ബിഷപ്പ്സ് ഹൗസ് ഓഡിറ്റോറിയത്തിൽ നടത്തപ്പെടുന്നതാണ്.

**ഫാ. ജോർജ് വെള്ളാരംകാലായിൽ**
ഡയറക്ടർ, ചെറുപുഷ്പ മിഷൻലീഗ്, തിരുബാലസഖ്യം

## മദ്ബഹ ശുശ്രൂഷ സംഘം (SMART)

**ഒപ്പം:** എല്ലാം ഞായറാഴ്ചകളിലും വിവിധ ഇടവകകളിൽ സന്ദർശനം നടത്തി സ്മാർട്ട് അംഗങ്ങൾക്ക് പരിശീലനം നൽകുന്നു. ഈ മാസം തോട്ടുമുക്കം, പുല്ലൂരാംപാറ, കോടഞ്ചേരി, കുന്ദമംഗലം എന്നിവിടങ്ങളിൽ സന്ദർശനം നടത്തി.

അൾത്താര ശുശ്രൂഷികൾക്കായുള്ള മേഖല ക്യാമ്പ് അവധിക്കാലത്ത് സെമിനാരിയിലാണ് സംഘടിപ്പിച്ചിരിക്കുന്നത്.

**ഫാ. ജോർജ് കരിന്തോളിൽ**
ഡയറക്ടർ, മദ്ബഹ ശുശ്രൂഷസംഘം

# കെ.സി.വൈ.എം.- എസ്.എം.വൈ.എം.

## വിമൻസ് ഡേ ആഘോഷം

അന്താരാഷ്ട്ര വനിതാ ദിനത്തിനോടനുബന്ധിച്ച് താമരശ്ശേരി രൂപതയിലെ വിമൻസ് അംഗങ്ങൾ കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി മില്ലി മോഹനമായി പ്രത്യേക അഭിമുഖം coffee and happiness Mili teacher എന്ന പേരിൽ സംഘടിപ്പിച്ചു. അന്നേ ദിവസം തന്നെ തിരുവമ്പാടി കെയ്റോസ് ഭവനിലെ കൊച്ചു മിടുക്കികൾക്കൊപ്പം വനിതാദിനവും ആഘോഷിച്ചു.

## ജീവധമനി-രക്തദാന ക്യാമ്പ്

മാർച്ച് 8 ന് കെസിവൈഎം-എസ്എംവൈഎം താമരശ്ശേരി രൂപതയും MVR ക്യാൻസർ സെന്ററും സംയുക്തമായി സംഘടിപ്പിച്ച ബ്ലഡ് ഡൊണേഷൻ ക്യാമ്പ് ജീവധമനി രൂപതാതല ഉദ്ഘാടനം വേനപ്പാറ യൂണിറ്റിന്റെ ആതിഥേയത്വത്തിൽ ലിറ്റിൽ ഫ്ളവർ യുപി സ്കൂളിൽ നടത്തപ്പെട്ടു. ഇടവക വികാരി ഫാ. സജി മങ്ങരയിൽ ഉദ്ഘാടന കർമ്മം നിർവഹിച്ചു. ഇടവകയിൽ നിന്നും 30 ഓളം യൂണിറ്റ് രക്തം ലഭിച്ചു.

മാർച്ച് 22 ന് കെ.സി.വൈ.എം.-എസ്.എം.വൈ.എം. താമരശ്ശേരി രൂപതയും MVR ക്യാൻസർ സെന്ററും സംയുക്തമായി സംഘടിപ്പിച്ച ജീവധമനി രക്തദാന ക്യാമ്പ് കോടഞ്ചേരി മേഖലയുടെ ആതിഥേയത്വത്തിൽ, സെന്റ് ജോസഫ് എച്ച്.എസ്.എസ്. കോടഞ്ചേരിയിൽ നടത്തപ്പെട്ടു. ഫാ. കുര്യാക്കോസ് ഐക്കുളമ്പിൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു.

## 33-ാം വെള്ളി കുരിശിന്റെ വഴി

കെസിവൈഎം-എസ്എംവൈഎം താമരശ്ശേരി രൂപത സംഘടിപ്പിക്കുന്ന 33-ാം വെള്ളി കുരിശിന്റെ വഴി മരുതോങ്കര മേഖലയുടെ

ആതിഥേയത്ത്വത്തിൽ ചാത്തൻകോട്ടുനട സോഫിയ പള്ളിയിൽ നിന്ന് ആരംഭിച്ച് പൊയിലോംചാൽ സെന്റ് ജൂഡ് പള്ളിയിൽ അവസാനിച്ചു. മേഖലയിലെ വിവിധ യൂണിറ്റുകളിൽ നിന്നും യുവജനങ്ങളും വിശ്വാസികളും പങ്കെടുത്തു. കുരിശിന്റെ വഴിക്ക് ബ്ര. സിബിൻ കണ്ടച്ചാലിൽ സന്ദേശം നൽകി.

**ആത്മ' 26**

കെസിവൈഎം സംസ്ഥാന സമിതിയുടെ ആതിഥേയത്വത്തിൽ പിഒസിയിൽ നടന്ന ഡയറക്ടേഴ്സ് ആനിമേറ്റേഴ്സ് മീറ്റ് ആത്മ 2026 ൽ രൂപതയിൽ നിന്നും സംസ്ഥാന വൈസ് പ്രസിഡന്റ് ആഗി മരിയ ജോസഫ്, ആനിമേറ്റർ സി. റൊസീൻ SABS എന്നിവർ പങ്കെടുത്തു.

**ഹൃദ്യം**

നോമ്പിന്റെ ചൈതന്യത്തിൽ ചുറ്റുമുള്ളവർക്ക് പ്രത്യാശ പകരാനും, നമ്മുടെ സാന്നിധ്യം കൊണ്ട് അവരുടെ ഹൃദയം നിറക്കാനും ഹൃദ്യമായ ഒരു കൂടിക്കാഴ്ച. ഹൃദ്യം അഗതിമന്ദിരം സന്ദർശനം ശാലോം മാതാ അഗതിമന്ദിരം, മഞ്ചേരിയിൽ, പയ്യനാട് യൂണിറ്റിന്റെ നേതൃത്വത്തിലും Mercy Home മേരിക്കുന്ന് പാറോപ്പടി മേഖലയുടെ നേതൃത്വത്തിലും നടത്തപ്പെട്ടു.

**ഫാ. മാത്യു തെക്കേക്കരമറ്റത്തിൽ**
ഡയറക്ടർ, കെ.സി.വൈ.എം.-എസ്.എം.വൈ.എം.

## മാതൃവേദി

**ഇടവക സംഗമം**

നൂറാംതോട്: ഏപ്രിൽ 14, ചൊവ്വാഴ്ച

Time: 05-08 pm

**ഫാ. വർഗീസ് പനയ്ക്കൽ**
ഡയറക്ടർ, മാതൃവേദി

# ബഥാനിയ ധ്യാനകേന്ദ്രം

'അവന്റെ മുറിവിനാൽ നിങ്ങൾ
സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു' (1 പത്രോ 2,24)

ക്രൈസ്തവ ആത്മീയതയുടെ വസന്തകാലമായ വലിയ നോമ്പിലൂടെ കടന്നുപോകുമ്പോൾ രൂപതയുടെ ആത്മീയനവീകരണ കേന്ദ്രമായ ബഥാനിയ ഒരുക്കിയ നോമ്പുകാല ശുശ്രൂഷകളിൽ അനേകർ വന്ന് പങ്കെടുത്ത് അനുഗ്രഹീതരായി. മാർച്ച് മാസത്തിൽ അൻപതു നോമ്പിന്റെ എല്ലാ ദിവസങ്ങളിലും ബഥാനിയായിൽ മൂന്ന് വിശുദ്ധ കുർബാനയും മൂന്ന് വിശുദ്ധ കുരിശിന്റെ വഴിയും നടത്തപ്പെടുന്നു. അനേകം ആളുകൾ കുമ്പസാരിച്ചൊരുങ്ങി ഈ വിശുദ്ധ കുർബാനകളിലും കുരിശിന്റെ വഴിയിലും പങ്കെടുത്തു.

## ധ്യാനങ്ങൾ

മാർച്ച് മാസം ബഥാനിയായിൽ മാർച്ച് 13 മുതൽ 16 വരെയും 29 മുതൽ ഏപ്രിൽ 1 വരെയും ദിവസങ്ങളിലായി ജീവിത നവീകരണ ധ്യാനങ്ങൾ നടത്തപ്പെട്ടു. അനേകം വ്യക്തികൾ ധ്യാനത്തിൽ പങ്കെടുക്കുകയും േആത്മീയ ഉണർവോടെ മടങ്ങുകയും ചെയ്തു. ഏപ്രിൽ മാസത്തിൽ കുട്ടികൾക്ക് വേണ്ടിയുള്ള രണ്ട് ധ്യാനങ്ങളും ഒരു ജീവിത നവീകരണ ധ്യാനവും ഉണ്ടായിരിക്കും.

## ഇടവക ധ്യാനങ്ങൾ

വ്യത്യസ്ത ഇടവകകളിലായി ബഥാനിയ ടീമിന്റെ നേതൃത്വത്തിൽ വാർഷിക ധ്യാനങ്ങൾ നടത്തി. മാർച്ച് 9 മുതൽ 12 വരെ കുന്ദമംഗലത്തും 18 മുതൽ 21 വരെ പൂവാറൻതോട്ടിലും 23 മുതൽ 26 വരെ മാനന്തവാടിയിലും ഇടവക ധ്യാനങ്ങൾ നടത്തി. നിരവധി വിശ്വാസികൾ പങ്കെടുത്ത ധ്യാനങ്ങളിൽ കൗൺസിലിങ്ങിനുള്ള അവസരവും ഒരുക്കിയിരുന്നു.

## ഏകദിന കൺവെൻഷൻ

മാർച്ച് മാസത്തിലെ എല്ലാ വെള്ളിയാഴ്ചകളിലും ഏകദിന കൺവെൻഷനുകൾ നടന്നു. ധാരാളം വ്യക്തികൾ പങ്കെടുത്തു. പങ്കെടുത്തവർക്ക് എല്ലാം പുത്തൻ ഉണർവ് നൽകാൻ ബഥാനിയായിലെ ശുശ്രൂഷകൾക്ക് സാധിച്ചു. കുമ്പസാരിക്കാനുള്ള അവസരം അനേകം വ്യക്തികൾ ഈ ദിവസങ്ങളിൽ പ്രയോജനപ്പെടുത്തി. പരീക്ഷകൾക്ക് ഒരുക്കമായി കുട്ടികൾക്ക് വേണ്ടി പ്രത്യേക പ്രാർഥന ശുശ്രൂഷയും നടത്തപ്പെട്ടു.

## ആദ്യവെള്ളിയാഴ്ച കൺവെൻഷൻ

മാർച്ച് മാസം ആറാം തീയതി, ആദ്യവെള്ളിയാഴ്ച, ആവേ മരിയ ഹാളിൽ നടന്ന ഏകദിന കൺവെൻഷനിൽ ആയിരങ്ങളാണ് പങ്കെടുത്തത്. രാവിലെ 9 മണിക്ക് ആരംഭിച്ച കൺവെൻഷനിൽ വിശുദ്ധ കുരിശിന്റെ വഴി, ജപമാല, സ്തുതി ആരാധന, ദിവ്യകാരുണ്യ പ്രദക്ഷിണം, വിടുതൽ ശുശ്രൂഷ, വിശുദ്ധ കുർബാന, വിശുദ്ധ കുമ്പസാരം, വചന സന്ദേശം, സ്പിരിച്വൽ ഷെയറിങ് തുടങ്ങിയവ ഉണ്ടായിരുന്നു.

## കുരിശിന്റെ വഴി

വലിയ നോമ്പിനോട് അനുബന്ധിച്ച് മൂന്ന് വിശുദ്ധ കുർബാനകളോടും ചേർന്ന് വിശുദ്ധ കുരിശിന്റെ വഴി നടത്തപ്പെട്ടു. രാവിലത്തെ വിശുദ്ധ കുർബാനയ്ക്കു ശേഷവും ഉച്ചയ്ക്കും വൈകുന്നേരവും ഉള്ള വിശുദ്ധ കുർബാനകൾക്ക് മുൻപും ആണ് കുരിശിന്റെ വഴി നടത്തുന്നത്. രാവിലെയും വൈകുന്നേരവും ബഥാനിയായിലെ കുരിശിന്റെ വഴി ഗാർഡനിൽ ആണ് ആഘോഷപൂർവമായി കുരിശിന്റെ വഴി നടത്തപ്പെടുന്നത്. അനേകം വ്യക്തികൾ ഇതിൽ പങ്കെടുക്കുന്നു.

## വിശുദ്ധ കുർബാനയും കുമ്പസാരവും

തിങ്കൾ മുതൽ ശനി വരെ എല്ലാ ദിവസവും രാവിലെ 6 മണിക്കും ഉച്ചയ്ക്ക് 12 മണിക്കും രാത്രി 7 മണിക്കും വിശുദ്ധ കുർബാന ഉണ്ടായിരുന്നു. വിശുദ്ധ കുമ്പസാരത്തിനുള്ള അവസരവും എല്ലാ ദിവസവും ക്രമീകരിച്ചിരുന്നു. ആയിരക്കണക്കിന് വ്യക്തികളാണ് നോമ്പിന്റെ ദിവസങ്ങളിൽ ബഥാനിയായിൽ കുമ്പസാരിക്കാനായി

കടന്നുവന്നത്. 50 നോമ്പിന്റെ ഞായറാഴ്ച ഒഴികെയുള്ള എല്ലാ ദിവസങ്ങളിലും മൂന്നു വിശുദ്ധ കുർബാനകൾ ഉണ്ടായിരിക്കുന്നതാണ്.

### സ്പിരിച്വൽ ഷെയറിങ്ങും മധ്യസ്ഥ പ്രാർഥനയും

ഞായർ ഒഴികെ എല്ലാ ദിവസവും മധ്യസ്ഥ പ്രാർഥന ഉണ്ടായിരുന്നു. ബഥാനിയായിലെ വിവിധ ചാപ്പലുകളിൽ നടക്കുന്ന ഈ പ്രാർഥന നയിക്കുന്നത് പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട ശുശ്രൂഷകരാണ്. ഈ ദിവസങ്ങളിലെല്ലാം സ്പിരിച്വൽ ഷെയറിങ്ങിനുള്ള അവസരവും ഉണ്ടായിരുന്നു.

### ഏപ്രിൽ മാസത്തിലെ ശുശ്രൂഷകൾ

| | | |
|---|---|---|
| 03 ആദ്യവെള്ളി | - | പീഡാനുഭവവെള്ളി |
| 05 ഞായർ | - | ഈസ്റ്റർ |
| 10 വെള്ളി | - | ഏകദിന കൺവെൻഷൻ |
| 13 തിങ്കൾ | - | എയ്ഞ്ചൽസ് ധ്യാനം (13-15), മിഷൻലീഗ്, താമരശ്ശേരി രൂപത |
| 17 വെള്ളി | - | ഏകദിന കൺവെൻഷൻ |
| 18 ശനി | - | താമരശ്ശേരി രൂപത റൂബി ജൂബിലി സമാപനം |
| 19 ഞായർ | - | ഹൈസ്കൂൾ കുട്ടികളുടെ ധ്യാനം (19-22) (ഹെസദ് മിനിസ്ട്രി) |
| 24 വെള്ളി | - | ഏകദിന കൺവെൻഷൻ, ജീവിതവിശുദ്ധീകരണ ധ്യാനം (24-27) |

**ഫാ. റോണി പോൾ കാവിൽ**
ഡയറക്ടർ, ബഥാനിയ ധ്യാനകേന്ദ്രം

# മരിയൻ പ്രോലൈഫ് മൂവ്മെന്റ്

## എക്സിക്യൂട്ടീവ് മീറ്റിംഗ്

12-03-2026 ന് കാറ്റുള്ളമല പാരീഷ് ഹാളിൽ ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിലിന്റെ അധ്യക്ഷതയിൽ രൂപത എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തപ്പെട്ടു. വിവിധ ഫൊറോനകളിൽ നിന്നുമായി 15 അംഗങ്ങൾ ഇതിൽ സംബന്ധിച്ചു. പ്രോ-ലൈഫ് ദിനമായ മാർച്ച് 25ന് തലശ്ശേരിയിൽ നടത്തപ്പെടുന്ന കെ സി ബി സി മരിയൻ പ്രോ-ലൈഫ് മീറ്റിങ്ങിന് രൂപത എക്സിക്യൂട്ടീവ് മെമ്പേഴ്സ് പങ്കെടുക്കുവാൻ തീരുമാനിച്ചു. രൂപത തലത്തിൽ സംഘടിപ്പിക്കുന്ന പ്രോ-ലൈഫ് ദിനാഘോഷം ഓരോ ഫൊറോനയിലെയും കുടുംബാംഗങ്ങൾ ഫൊറോന കേന്ദ്രങ്ങളിൽ ഒന്നിച്ചുകൂടി ലോകം മുഴുവനും ഉള്ള എല്ലാ വലിയ കുടുംബങ്ങൾക്ക് വേണ്ടിയും, ലോകസമാധാനത്തിന് വേണ്ടിയും ജപമാല അർപ്പിക്കാൻ തീരുമാനിച്ചു. 19 ന് എറണാകുളം പിഒസിയിൽ സംഘടിപ്പിക്കുന്ന ജീവസമൃദ്ധി 2026 ൽ താമരശ്ശേരി രൂപതയിൽ നിന്ന് പത്ത് കുടുംബങ്ങളെ പങ്കെടുപ്പിക്കാമെന്ന് തീരുമാനിച്ചു.

# യൂദിത്ത് ഫോറം

## തോട്ടുമുക്കം മേഖല സംഗമം

യൂദിത്ത് ഫോറത്തിന്റെ തോട്ടുമുക്കം മേഖലാ സംഗമം പുഷ്പഗിരി ഇടവകയിൽ നടത്തി. രൂപത ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ

അധ്യക്ഷത വഹിച്ചു. പുഷ്പഗിരി ഇടവക വികാരി ഫാ. ജോൺസൺ പഴൂക്കുന്നേൽ ഉദ്ഘാടനം ചെയ്തു. അസിസ്റ്റന്റ് വികാരി ഫാ. ജോസഫ് പോത്തനാംമുഴി, രൂപത പ്രസിഡന്റ് മേരി പൗലോസ്, എന്നിവർ ആശംസകൾ അർപ്പിക്കുകയും പുഷ്പഗിരി യൂണിറ്റ് അംഗങ്ങൾ പ്രാർഥനാഗാനം ആലപിക്കുകയും ചെയ്തു. പുഷ്പഗിരി യൂണിറ്റ് പ്രസിഡന്റ് ആനി തേക്കുംകാട്ടിൽ ഏവർക്കും സ്വാഗതം ആശംസിച്ചു. സി. ഗീത സിഎംസി സമ്മേളനത്തിന് മുൻപ് അംഗങ്ങൾക്ക് മെഡിറ്റേഷൻ നൽകുകയും തുടർന്ന്, സി. റെനി ജോസ് സിഎംസി അമ്മമാർക്ക് ക്ലാസ്സെടുക്കുകയും ചെയ്തു. രൂപത ആനിമേറ്റർ സി. റെനി ജോസ് ഏവർക്കും നന്ദി പറഞ്ഞു. പുഷ്പഗിരി ഇടവകാംഗങ്ങൾ മനോഹരമായ ബൈബിൾ ദൃശ്യാവിഷ്കാരം അവതരിപ്പിച്ചു. തോട്ടുമുക്കം, കക്കാടംപൊയിൽ മരംഞ്ചാട്ടി, കോനൂർകണ്ടി, വാലില്ലാപ്പുഴ പീടികപ്പാറ എന്നീ ഇടവകകളിൽ നിന്ന് നൂറോളം അമ്മമാർ പങ്കെടുത്ത യോഗത്തിൽ മേഖല ഇലക്ഷനും നടത്തി.

### തോട്ടുമുക്കം മേഖല ഭാരവാഹികൾ

| | |
|---|---|
| മേഖല ആനിമേറ്റർ | - സി. ഗീത സിഎംസി |
| പ്രസിഡന്റ് | - ഏലിക്കുട്ടി ഫിലിപ്പ് |
| സെക്രട്ടറി | - ലിസി വാമറ്റത്തിൽ |
| ട്രഷറർ | - ആൻസി മേപ്പള്ളിൽ |

എക്സിക്യൂട്ടീവ് അംഗങ്ങൾ - ഏലിയാമ്മ അഗസ്റ്റിൻ, ലൗലി വെള്ളാഞ്ചിറ, മിനി ഫ്രാൻസിസ് മുതുകാട്ടിൽ

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്, യൂദിത്ത് ഫോറം



# കരിസ്മാറ്റിക് മൂവ്മെന്റ്

### റൂഹ 2 K 26  101 ദിന ദിവ്യകാരുണ്യ ആരാധന

2026 ലെ പന്തക്കുസ്തയ്ക്ക് ഒരുക്കമായി താമരശ്ശേരി അഡോറേഷൻ കോൺവെന്റ് ചാപ്പലിൽ 2026 ഫെബ്രുവരി 11 ന് ആരംഭിച്ച 101 ദിന ദിവ്യകാരുണ്യ ആരാധന, ഓരോ ദിവസവും ചുമതലപ്പെട്ട സബ് സോണിന്റെയോ മിനിസ്ട്രിയുടെയോ നേതൃത്വത്തിൽ നടക്കുന്നു. ഈ ആരാധനയിൽ പങ്കെടുക്കുന്നവർക്ക് നല്ലൊരു ദൈവാനുഭവം ഉണ്ടാകുന്നതായി പലരും സാക്ഷ്യപ്പെടുത്തുന്നുണ്ട്. സമ്പൂർണ്ണ ജപമാല, പരിശുദ്ധാത്മാവിന്റെ നൊവേന, മധ്യസ്ഥ പ്രാർഥന, കരുണക്കൊന്ത, കുരിശിന്റെ വഴി എന്നിവ ആരാധനയുടെ ഭാഗമാണ്.

### 2026 ഏപ്രിൽ മാസത്തിൽ ആരാധനയ്ക്ക് നേതൃത്വം നൽകുന്നവർ:

1/4, ബുധൻ: പാരിഷ് മിനിസ്ട്രി; 2/4, വ്യാഴം: താമരശ്ശേരി; 3/4, വെള്ളി :കോടഞ്ചേരി; 4/4, ശനി: സിറ്റി; 5/4, ഞായർ: മധ്യസ്ഥ പ്രാർഥന മിനിസ്ട്രി; 6/4, തിങ്കൾ: തിരുവമ്പാടി; 7/4, ചൊവ്വ: മലപ്പുറം, തോട്ടുമുക്കം; 8/4, ബുധൻ: മരുതോങ്കര, വിലങ്ങാട്; 9/4, വ്യാഴം: കൂരാച്ചുണ്ട്, പെരിന്തൽമണ്ണ; 10/4, വെള്ളി: തൂവാനിസ; 11/4, ശനി: കപ്പിൾസ് മിനിസ്ട്രി; 12/4, ഞായർ: yu4c; 13/4, തിങ്കൾ: ക്രിസ്റ്റീൻ മിനിസ്ട്രി; 14/4, ചൊവ്വ : കോടഞ്ചേരി, കരുവാരക്കുണ്ട്; 15/4, ബുധൻ: കെരിഗ്മ മിനിസ്ട്രി; 16/4, വ്യാഴം: പാരിഷ് മിനിസ്ട്രി; 17/4, വെള്ളി: താമരശ്ശേരി; 18/4, ശനി: സിറ്റി; 19/4, ഞായർ: മധ്യസ്ഥ പ്രാർഥന മിനിസ്ട്രി; 20/4, തിങ്കൾ: തിരുവമ്പാടി; 21/4, ചൊവ്വ: ക്രിസ്റ്റീൻ മിനിസ്ട്രി: 22/4, ബുധൻ: മലപ്പുറം, തൊട്ടുമുക്കം; 23/4, വ്യാഴം: മരുതോങ്കര, വിലങ്ങാട്; 24/4 വെള്ളി: കൂരാച്ചുണ്ട്, പെരിന്തൽമണ്ണ; 25/4, ശനി: തൂവാനിസ; 26/4, ഞായർ: കപ്പിൾസ് മിനിസ്ട്രി; 27/4, തിങ്കൾ : yu4c:

28/4, ചൊവ്വ: കരുവാരക്കുണ്ട്, കോടഞ്ചേരി; 29/4, ബുധൻ: കെരിഗ്മ മിനിസ്ട്രി; 30/4, വ്യാഴം: പാരിഷ് മിനിസ്ട്രി.

**സോണൽ സംഗമം**

മാർച്ച് 14ന് പറോപ്പടി സെന്റ് ആന്റണീസ് പള്ളിയിൽ നടന്ന സോണൽ സംഗമത്തിൽ കെസിഎസ്സി ജോയിന്റ് കോഡിനേറ്റർ ഷാജി വൈക്കത്തുപറമ്പിൽ മുഖ്യപ്രഭാഷണം നടത്തി. സോണൽ ആനിമേറ്റർ ഫാ. ഡൊമിനിക് കുഴിവേലിൽ വിശുദ്ധ കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി. ആരാധനയോടെ സംഗമം സമാപിച്ച സംഗമത്തിൽ ഷാജി കാഞ്ഞിരത്തിങ്കൽ, ഡോ. ഫ്രാൻസിസ് ആറാടൻ, ബെന്നിച്ചൻ കറുകമാലിൽ എന്നിവർ പ്രസംഗിച്ചു.

**ഫാ. ഡൊമിനിക് കുഴിവേലിൽ**
ഡയറക്ടർ, കരിസ്മാറ്റിക് മൂവ്മെന്റ്



## കരുണാഭവൻ

നോമ്പുകാലത്തിൽ അന്തേവാസികൾ തിരുസഭയ്ക്കും ലോകം മുഴുവനും വേണ്ടിയും പ്രാർഥിച്ചു. പുതുതായി നാല് അന്തേവാസികൾ കടന്നുവന്നു. കരുണാഭവനിലെ സ്നേഹശുശ്രൂഷകൾ സ്വാകരിച്ചിരുന്ന ഒരു വ്യക്തി ദൈവസന്നിധിയിലേക്ക് യാത്രയായി. ഇടവകകളിൽ നിന്ന്, ബഹു. വൈദികരുടെയും സിസ്റ്റേഴ്സിന്റെയും നേതൃത്വത്തിൽ നിരവധി വ്യക്തികൾ കരുണാഭവൻ സന്ദർശിക്കുകയും പരിപാടികൾ അവതരിപ്പിക്കുകയും സഹായങ്ങൾ നൽകുകയും ചെയ്തു. വ്യക്തിഗതമായ സഹായങ്ങൾ നൽകുവാനും ധാരാളംപേർ കരുണാഭവൻ കുടുംബത്തിലേക്ക് കടന്നുവന്നു.

**ഫാ. സൈമൺ കിഴക്കേക്കുന്നേൽ**
ഡയറക്ടർ, കരുണാഭവൻ

# കത്തോലിക്ക കോൺഗ്രസ്

### 108-ാം ജന്മവാർഷികവും സമുദായ ശക്തീകരണ റാലിയും

കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതിയുടെ നേതൃത്വത്തിൽ കണ്ണൂരിൽ സംഘടിപ്പിച്ച 108-ാം ജന്മവാർഷികാഘോഷവും സമുദായ ശക്തീകരണ റാലിയും ചരിത്ര വിജയമായി. താമരശ്ശേരി രൂപതയിലെ വിവിധ ഫൊറോനകളിൽ (വിലങ്ങാട്, മരുതോങ്കര, കൂരാച്ചുണ്ട്, താമരശ്ശേരി, പാറോപ്പടി, കോടഞ്ചേരി, തിരുവമ്പാടി, തോട്ടുമുക്കം, മലപ്പുറം, പെരിന്തൽമണ്ണ, മരിയാപുരം) നിന്നായി 800-ഓളം പ്രതിനിധികൾ റാലിയിൽ പങ്കെടുത്തു. മാർച്ച് 14 ന് നടന്ന ഗ്ലോബൽ പ്രതിനിധി സമ്മേളനത്തിൽ രൂപതയിൽ നിന്ന് 15 ഔദ്യോഗിക പ്രതിനിധികൾ പങ്കെടുത്തു.

### പതാകദിന ആചരണവും പതാക പ്രയാണവും

പതാകദിനം: മാർച്ച് 8 ഞായറാഴ്ച 'സമുദായ ശക്തീകരണം രാഷ്ട്രപുരോഗതിക്ക്' എന്ന മുദ്രാവാക്യമുയർത്തി രൂപതയിലെ എല്ലാ യൂണിറ്റുകളിലും പതാക ഉയർത്തുകയും പ്രതിജ്ഞാവാചകം ചൊല്ലുകയും ചെയ്തു. മാർച്ച് 13ന് പാലക്കാട് നിന്ന് ആരംഭിച്ച പതാക പ്രയാണത്തിന് പെരിന്തൽമണ്ണ, കോഴിക്കോട് എന്നിവിടങ്ങളിൽ താമരശ്ശേരി രൂപതയുടെ നേതൃത്വത്തിൽ ആവേശോജ്വലമായ സ്വീകരണം നൽകി.

### പ്രതിഷേധങ്ങൾ

കോടഞ്ചേരി മരിയൻ തീർഥാടനകേന്ദ്രത്തിലെ കുരിശുമലയിലെ അതിക്രമം: കോടഞ്ചേരി മരിയൻ തീർഥാടനകേന്ദ്രത്തിലെ കുരിശ് സാമൂഹ്യവിരുദ്ധർ തകർത്തതിനെ യോഗം ശക്തമായി അപലപിച്ചു. കുറ്റക്കാരെ ഉടൻ അറസ്റ്റ് ചെയ്യണമെന്നും സമാധാനാന്തരീക്ഷം തകർക്കുന്ന ഇത്തരം നടപടികൾക്കെതിരെ അധികൃതർ ജാഗ്രത പാലിക്കണമെന്നും ആവശ്യപ്പെട്ടു.

വിശുദ്ധവാരത്തിലെ (ഓശാന, പെസഹാ, ഈസ്റ്റർ) പ്രധാന ദിവസങ്ങളിൽ എൻട്രൻസ് പരീക്ഷകൾ നടത്തുന്ന നാഷണൽ ടെസ്റ്റിംഗ് ഏജൻസിയുടെ (NTA) തീരുമാനം ക്രിസ്തീയ ന്യൂനപക്ഷങ്ങളോടുള്ള വെല്ലുവിളിയാണെന്ന് മാർച്ച് 23 ന് ചേർന്ന ഓൺലൈൻ എക്സിക്യൂട്ടീവ് യോഗം വിലയിരുത്തി. പരീക്ഷകൾ മാറ്റി വെക്കണമെന്ന് സമിതി ആവശ്യപ്പെട്ടു.

**വ്യക്തിഗത നേട്ടങ്ങൾ**

കത്തോലിക്ക കോൺഗ്രസ് യൂത്ത് കൗൺസിൽ ഗ്ലോബൽ കോർഡിനേറ്ററായി മഞ്ഞക്കുന്ന് ഇടവകാംഗമായ അഭിലാഷ് കുടിപ്പാറ തെരഞ്ഞെടുക്കപ്പെട്ടു. കെസിവൈഎം മുൻ രൂപത പ്രസിഡന്റ് കൂടിയായ അദ്ദേഹത്തിന്റെ നേതൃപാടവത്തിനുള്ള അംഗീകാരമാണിതെന്ന് സമിതി അഭിപ്രായപ്പെട്ടു.

**ഫാ. മാത്യു തൂമുള്ളിൽ**
ഡയറക്ടർ, കത്തോലിക്ക കോൺഗ്രസ്

## കുടുംബകൂട്ടായ്മ

**മേഖല സംഗമം:**

പാറോപ്പടി: ഏപ്രിൽ 29, ബുധൻ - Time: 05 pm - 08 pm
താമരശ്ശേരി: ഏപ്രിൽ 30, വ്യാഴം - Time: 05 pm- 08 pm

**ഫാ. വർഗീസ് പനയ്ക്കൽ**
ഡയറക്ടർ, കുടുംബകൂട്ടായ്മ

# മീഡിയ കമ്മീഷൻ

## ഡയറക്ടറച്ചന് നന്ദി

കഴിഞ്ഞ 3 വർഷക്കാലം രൂപതയുടെ മീഡിയ ഡിപ്പാർട്ട്മെന്റിൽ സ്തുത്യർഹമായി സേവനം ചെയ്ത് മീഡിയ ഡയറക്ടർ ഫാ. സിബി കുഴിവേലിയച്ചന് ജനുവരി 28-ാം തീയതി യാത്രയയപ്പ് നൽകി. ഫെബ്രുവരി ഒന്നാം തീയതി പുതിയ ഡയറക്ടറായി ഫാ. ചാക്കോ മുണ്ടയ്ക്കൽ സ്ഥാനം ഏറ്റെടുത്തു.

## മലബാർ വിഷൻ - പുതിയ ലക്കം

മാർച്ച് - ഏപ്രിൽ ലക്കം മലബാർ വിഷൻ പ്രസിദ്ധീകരിച്ചു. മലയോരത്തിന്റെ കായികപ്പെരുമയെക്കുറിച്ചും കായികലോകത്തിന്റെ കരിയർ സാധ്യതകളെക്കുറിച്ചും വിവരിക്കുന്ന ഈ ലക്കത്തിൽ കായികത്തിന്റെ ആരോഗ്യ മാനസിക ഗുണങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്നു.

## വിഷ്വൽ മീഡിയ ഡിപ്പാർട്ട്മെന്റ്

പ്രിന്റ് മീഡിയയ്ക്കൊപ്പം വിഷ്വൽ മീഡിയയും കാലത്തിന്റെ ആവശ്യമായതിനാൽ താമരശ്ശേരി രൂപതയിൽ വിഷ്വൽ മീഡിയ ഡിപ്പാർട്ട്മെന്റിന്റെ പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചു. എഡിറ്റേഴ്സ്, സിനിമഫോട്ടോഗ്രാഫേഴ്സ്, കണ്ടന്റ് റൈറ്റേഴ്സ്, ഇന്റർവ്യൂ, മീഡിയ അവതാരകർ, ന്യൂസ് പ്രൊഡ്യൂസേഴ്സ് തുടങ്ങിയ തസ്തികകളിലേക്ക് പ്രാവീണ്യമുള്ളവരുടെ അപേക്ഷകൾ ക്ഷണിക്കുന്നു.

## സോഷ്യൽ മീഡിയ ശക്തീകരണം

രൂപതയുടെ യൂട്യൂബ് ചാനലുകളായ Waves Media, Media Commission Thamarassery എന്നിവയ്ക്കൊപ്പം Media Commission Thamarassery എന്ന പേരിൽ ഫേസ്ബുക്കിലും ഇൻസ്റ്റഗ്രാമിലും അക്കൗണ്ടുകൾ ആരംഭിച്ചു. വിവിധ ഡിപ്പാർട്ട്മെന്റുകളിലെ പ്രവർത്തനങ്ങളും

രൂപതയിലെ ഔദ്യോഗിക വാർത്തകളും ഈ ഔദ്യോഗിക മീഡിയ പ്ലാറ്റ്ഫോമുകൾ വഴി ഏകീകരിക്കാൻ സാധിക്കും.

**മലബാർ വിഷൻ ഓൺലൈൻ ന്യൂസ്പോർട്ടൽ**

ഓരോ സംഘടനകളിലേയും പ്രസ്ഥാനങ്ങളിലേയും ഇടവക കളിലേയും പ്രവർത്തനങ്ങൾ മലബാർ വിഷന്റെ ഓൺലൈൻ പോർട്ടലിൽ അതാത് സമയത്ത് തന്നെ പ്രസിദ്ധീകരിക്കാനാവുന്ന താണ്. ഫോട്ടോസും വാർത്തയുടെ വിവരങ്ങളും മലബാർ വിഷന്റെ വാട്സാപ്പ് നമ്പറിലേക്ക് കാലതാമസം കൂടാതെ അയച്ചുതരുമല്ലോ. മലബാർ വിഷൻ ന്യൂസ്പോർട്ടൽ സന്ദർശിക്കാൻ: www.malabar visiononline.com

**ഓഫീസ് ഫോൺ നമ്പറുകൾ**

മലബാർ വിഷൻ (പ്രിന്റ് മീഡിയ) - +91 9744995553
മീഡിയ കമ്മീഷൻ (വിഷ്വൽ മീഡിയ) - +91 9744995552

**ഫാ. ചാക്കോ മുണ്ടയ്ക്കൽ**
ഡയറക്ടർ, മീഡിയ കമ്മീഷൻ

# വിദ്യാഭ്യാസ രംഗം

## വിദ്യാഭ്യാസ പ്രവർത്തക സംഗമവും യാത്രയയപ്പും

താമരശ്ശേരി രൂപത കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ ആഭിമുഖ്യത്തിൽ വിദ്യാഭ്യാസ പ്രവർത്തകസംഗമമവും ഈ വർഷം സേവനത്തിൽനിന്നും വിരമിക്കുന്ന ജീവനക്കാർക്കുള്ള യാത്രയയപ്പ് സമ്മേളനവും ബഥാനിയ നവീകരണകേന്ദ്രത്തിൽ വച്ച് 2026 മാർച്ച് 7 ശനിയാഴ്ച നടത്തപ്പെട്ടു. അഭിവന്ദ്യ രൂപതാധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് യാത്രയയപ്പ് സമ്മേളനം ഉദ്ഘാടനം ചെയ്യുകയും സർവീസിൽനിന്നും വിരമിക്കുന്ന അധ്യാപക-അനധ്യാപക ജീവനക്കാർക്കുള്ള ഉപഹാരങ്ങൾ നൽകുകയും ചെയ്തു. കോർപ്പറേറ്റ് മാനേജർ ഫാ. ജോസഫ് പാലക്കാട്ട് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ശ്രീമതി ബെസി കെ.യു., ശ്രീ. ജോളി ജോസഫ് എന്നിവർ പ്രസംഗിച്ചു. ശ്രീ. റോഷിൻ മാത്യു സ്വാഗതവും ശ്രീ. മഹേഷ് കെ.ബാബു വർഗീസ് കൃതജ്ഞതയും അർപ്പിച്ചു. രാവിലെ നടന്ന വിദ്യാഭ്യാസ സെമിനാറിൽ പ്രസിദ്ധ മോട്ടീവേഷൻ സ്പീക്കർ ശ്രീ. ജോസഫ് അന്നംകുട്ടി ജോസ് ക്ലാസ്സെടുത്തു. 74 കോർപ്പറേറ്റ് സ്കൂളുകളിൽനിന്നായി 1104 അധ്യാപക-അനധ്യാപക ജീവനക്കാർ ചടങ്ങിൽ പങ്കെടുത്തു.

## ആദരാഞ്ജലികൾ

കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള വിവിധ സ്കൂളുകളിൽ ദീർഘകാലത്തെ സേവനത്തിനുശേഷം വിരമിച്ച് വിശ്രമജീവിതത്തിലായിരുന്ന ചെമ്പനോട സെന്റ് ജോസഫ്സ് ഹൈസ്കൂളിലെ റിട്ട. അധ്യാപിക ശ്രീമതി മേരി ജോസഫ്, നീലേശ്വരം സെന്റ് തോമസ് എൽ.പി. സ്കൂളിലെ റിട്ട. ഹെഡ്മിസ്ട്രസ് സി. അന്ന കെ. ഐ., ചെമ്പനോട സെന്റ് ജോസഫ്സ് ഹൈസ്കൂളിലെ റിട്ട. അധ്യാപകൻ ശ്രീ. കെ.വി. പൗലോസ് എന്നിവർ നിത്യസമ്മാനത്തിനായി

വിളിക്കപ്പെട്ടു. ഈ അധ്യാപക ശ്രേഷ്ഠരെയും പ്രാർഥനാപൂർവം സ്മരിക്കുകയും ആത്മാവിന്റെ നിത്യശാന്തിയ്ക്കായി പ്രാർഥിക്കുകയും ചെയ്യുന്നു.

## Scholarship Examination 2026 - Result

### *Catechism*

| Std. | Place | Name of Student | School |
|---|---|---|---|
| IV | I | Leya Anna Joseph | Pullurampara UPS |
| | II | Diya Maria Shinto | Kodanchery LPS |
| | III | Grace Ann Bijo | Kulathuvayal LPS |
| V | I | Savio Biju | Kodanchery HS |
| | II | Evana Anna Jestine | Koodaranhi HS |
| | III | Julia George | Pullurampara UPS |
| VI | I | Alphonsa Catherine Babu | Kannoth UPS |
| | II | Christa Mariya Biju | Kodanchery HS |
| | III | Dhilna Treessa Jils | Koodaranhi HS |
| VII | I | Delna Biju | Koodaranhi HS |
| | II | Levin Sunil | Kodanchery HS |
| | III | Ann Mariya Vinod | Kodanchery HS |
| VIII | I | Isabel Ann | Kodanchery HS |
| | II | Ann Mariya Robin | Kodanchery HS |
| | III | Angel Sebastian | Vilangad HS |
| | III | Nessa Mariya Bennate | Koodaranhi HS |
| IX | I | Evelin Mariya Jayesh | Kannoth HS |
| | II | Angel Sebastian | Padathukadavu HS |
| | III | Justa Biju | Pullurampara HS |

### *Moral Science*

| | | | |
|---|---|---|---|
| IV | I | Rushdha Fathima P.R. | Thiruvampady UP |
| | II | Ayash K | Kannoth LP |
| | III | Jo Anna Roslin K.S | Kodenchery LPS |
| V | I | Niya Fathima V.P. | Kallanode HS |

| | | | |
|---|---|---|---|
| | II | Juvan Philo Lithin | Kodanchery HS |
| | III | Fiya Fathima C. | Nenmeni UPS |
| VI | I | Andria Prince | Koodaranhi HS |
| | II | Aashwina M.S. | Koodaranhi HS |
| | III | Deon George | Pullurampara UPS |
| VII | I | Suhana Fathima E.A | Koodaranhi HS |
| | II | Adithya Biju | Koodaranhi HS |
| | III | Elsa Eby | Kodanchery HS |
| VIII | I | Ashlin Grace Varghese | Kodanchery HS |
| | II | Emelda Shaji | Koodaranhi HS |
| | III | Lidiya Subin | Pullurampara HS |
| IX | I | Sharbel Mariya Joseph | Pullurampara HS |
| | II | Alona Vijoy | Kodanchery HS |
| | III | Hanna Marjan P.K | Koodaranhi HS |

**ഫാ. ജോസഫ് വർഗീസ്**
കോർപ്പറേറ്റ് മാനേജർ

# സ്റ്റാർട്ട്

## സ്റ്റാർട്ട് അക്കാദമി ഇരുപതാം വാർഷിക ബിരുദദാനം

സ്റ്റാർട്ടിൽ നടത്തപ്പെടുന്ന റസിഡൻഷ്യൽ പ്ലസ് ടു (Commerce & Humanities) കോഴ്സിന്റെ ആദ്യ ബാച്ചിന്റെയും എകവൽസര കോഴ്സായ പ്രൊഫഷണൽ ഫൗണ്ടേഷൻ ട്രെയിനിങ് (PFT) ഇരുപതാം ബാച്ചിന്റെയും Valedictory & Certification Ceremony 2026 മാർച്ച് 22 ന് സംഘടിപ്പിക്കപ്പെട്ടു. താമരശ്ശേരി രൂപതാധ്യക്ഷനും സ്റ്റാർട്ടിന്റെ രക്ഷാധികാരിയുമായ മാർ റെമീജിയോസ്

ഇഞ്ചനാനിയിൽ പിതാവ് മുഖ്യാതിഥിയായിരുന്നു. സ്റ്റാർട്ട് ഡയറക്ടർ ഫാ. ഡോ. സുബിൻ കിഴക്കേവീട്ടിൽ സ്വാഗതം ആശംസിച്ചു. 2025 -26 അധ്യയന വർഷത്തെ പ്രവർത്തനങ്ങൾ കോർത്തിണക്കിയ വീഡിയോ പ്രദർശനവും ചടങ്ങിൽ നടന്നു. ലക്ഷ്യങ്ങൾ പിന്തുടരുമ്പോൾ മൂല്യങ്ങളിൽ അധിഷ്ഠിതമായ ജീവിതം നയിക്കാൻ മോൺ. അബ്രാഹം വയലിൽ വിദ്യാർഥികളെ പ്രോത്സാഹിപ്പിച്ചു. പുതിയതായി നിയമിതനായ സ്റ്റാർട്ട് സെക്രട്ടറി ഫാ. ജ്യോതിസ് ചെറുശ്ശേരിൽ എക്സലൻസ് അവാർഡുകൾ പ്രഖ്യാപിച്ചു.

കോഴ്സ് പൂർത്തിയാക്കി പുറത്തിറങ്ങുന്ന വിദ്യാർഥികളായ നിർമ്മൽ ബെന്നറ്റ്, ഫ്രാൻസിസ് ആന്റണി , അന്ന ചെറിയാൻ, ഷിൻസി ഷിജു, ആൽബിൻ ജോസഫ്, തങ്ങളുടെ പഠനാനുഭവങ്ങളും ആത്മീയ വളർച്ചയും പങ്കുവെച്ചു. സ്റ്റാർട്ടിലെ പരിശീലനം തങ്ങളുടെ ചിന്തരീതികളിലും വ്യക്തിത്വത്തിലും വരുത്തിയ ഗുണപരമായ മാറ്റങ്ങളെക്കുറിച്ച് വിദ്യാർഥികൾ അനുഭവങ്ങളിലൂടെ പങ്കുവച്ചു.

വാർഷികാഘോഷത്തിന്റെ ഭാഗമായി 'സ്റ്റാർട്ട് എക്സലൻസ് അവാർഡ്' വിതരണവും, 'മാർ പോൾ ചിറ്റിലപ്പിള്ളി മെമ്മോറിയൽ അവാർഡ്' ലോഞ്ചും നടന്നു. തുടർന്ന് പരിശീലനം വിജയകരമായി വിദ്യാർഥികൾക്കുള്ള സർട്ടിഫിക്കറ്റുകൾ അഭിവന്ദ്യപിതാവ് വിതരണം ചെയ്തു. വിദ്യാർഥി പ്രതിനിധി ഐറിൻ മരിയ എലിസബത്ത് നന്ദി പറഞ്ഞു. അഭിവന്ദ്യപിതാവിന്റെ ആശീർവാദത്തോടും സ്നേഹ വിരുന്നോടും കൂടി ചടങ്ങുകൾ സമാപിച്ചു.

## ARISE 2K26 Summer Holistic and Intensive Training Camp

അവധിക്കാലം വിജ്ഞാനപ്രദമാക്കാൻ ഇംഗ്ലീഷ്, കണക്ക് പഠനത്തിന് തീവ്രപരിശീലനത്തോടൊപ്പം വ്യക്തിത്വ വികസനം, ലക്ഷ്യബോധം, പൊതുവിജ്ഞാനം മെച്ചപ്പെട്ട പഠനരീതികൾ, മാനസികാരോഗ്യ രൂപീകരണം എന്നിവയിലും പരിശീലനം നൽകുന്ന മൂല്യാധിഷ്ഠിത ശില്പശാല ARISE 2K26 ഏപ്രിൽ 12 മുതൽ 18 വരെ സ്റ്റാർട്ടിൽ വച്ച് നടത്തുന്നു. രജിസ്റ്റർ ചെയ്യാനുള്ള ലിങ്ക് www.starindia.org/online

## Residential Plus Two (Science & Commerce)

താമരശ്ശേരി രൂപതയുടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനമായ സ്റ്റാർട്ടിൽ

റെസിഡൻഷ്യൽ പ്ലസ് ടു കോഴ്സിലേക്ക് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. കുട്ടികളിൽ അടുത്തകാലത്ത് വന്നിട്ടുള്ള വിദേശപഠനം, ജോലി തുടങ്ങിയ ആവശ്യങ്ങൾക്ക് സഹായിക്കുന്നതിനോടൊപ്പം നമ്മുടെ നാട്ടിലെ മികച്ച യൂണിവേഴ്സിറ്റികളിലേക്കും പ്രീമിയർ ഇൻസ്റ്റിറ്റ്യൂട്ടുകളിലേക്കും (IITs, IIMs, NITs) പ്രവേശനം നേടുന്നതിനും നമ്മുടെ കുട്ടികളെ കാലോചിതമായി ഒരുക്കുക എന്ന ലക്ഷ്യത്തോടെ കേരള സിലബസിൽ സ്റ്റാർട്ടിൽ താമസിച്ചു പ്ലസ് ടു പഠിക്കാം.

സയൻസ്, കൊമേഴ്സ് സ്ട്രീമുകളിൽ 30 സീറ്റുകൾ മാത്രം.

സയൻസ്: ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ്, ബയോളജി/ കംപ്യൂട്ടർ സയൻസ്

കൊമേഴ്സ്: അക്കൗണ്ടൻസി, ബിസിനസ് സ്റ്റഡീസ്, ഇക്കണോമിക്സ്, കംപ്യൂട്ടർ ആപ്ലിക്കേഷൻ/മാത്തമാറ്റിക്സ്

**പ്ലസ് ടു കഴിഞ്ഞ വിദ്യാർഥികൾക്കുള്ള ഏകവത്സര കോഴ്സ് (PFT)**

സ്വഭാവ വൈശിഷ്ട്യവും സാമൂഹിക പ്രതിബദ്ധതയും ഉയർന്ന ധാർമിക നിലവാരവുമുള്ള നേതാക്കളെയും ഉദ്യോഗസ്ഥരെയും നിയമപാലകരെയും നമ്മുടെ സമുദായത്തിൽ നിന്ന് ദേശീയ അന്തർദേശീയ തലങ്ങളിൽ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ നടത്തുന്ന ഏകവത്സര കോഴ്സായ Professional Foundation Training (PFT) യുടെ ഇരുപത്തൊന്നാമത്തെ ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. അഖിലേന്ത്യാ തലത്തിൽ ഉന്നത നിലവാരം പുലർത്തുന്ന കേന്ദ്ര സർവകലാശാലകളിലും മറ്റ് പ്രീമിയർ ഇൻസ്റ്റിറ്റ്യൂട്ടുകളിലും അഡ്മിഷൻ നേടി ഓരോ വിദ്യാർഥിയിലും അന്തർലീനമായ കഴിവുകളും അഭിരുചികളും കണ്ടെത്തുവാനും അതിന് അനുയോജ്യമായി മാത്രം ഉപരിപഠനത്തിനുള്ള വിഷയങ്ങളും സ്ഥാപനങ്ങളും തിരഞ്ഞെടുക്കാനും Professional Foundation Training കുട്ടികളെ സഹായിക്കുന്നു.

**AI & Python കോഴ്സ്**

ആധുനിക സാങ്കേതിക വിദ്യകളെക്കുറിച്ച് സമഗ്രമായ അറിവുനേടുന്നതിനും പ്രത്യേകിച്ച് Machine learning, Data Science എന്നിവയിൽ Python ഉപയോഗിച്ച് പ്രോഗ്രാമിങ് ചെയ്യുന്നതിനുമുള്ള പരിശീലനം.

ഓരോ മാസവും ആദ്യ ശനിയാഴ്ച പുതിയ അഡ്മിഷനുകൾ സ്വീകരിക്കുന്നതാണ്. രജിസ്റ്റർ ചെയ്യാനുള്ള ലിങ്ക് https://www.startindia.org/online

## Wing for Multiple Intelligence Aptitude Test

സ്റ്റാർട്ടിന്റെ പുതിയ സംരംഭമായ ആറ് മുതൽ പന്ത്രണ്ടുവരെ ക്ലാസുകളിലെ കുട്ടികൾക്കായി Aptitude Tests ആവശ്യാനുസരണം നടത്തിക്കൊടുക്കുന്നു.

കോഴ്സുകളുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്കായി സ്റ്റാർട്ട് ഓഫീസുമായി ബന്ധപ്പെടുക. www.startindia.org, Contact: 04952357843, 9037107843, 9744458111, startcalicut22@gmail.com

**ഫാ. ജേക്കബ് കിഴക്കേവീട്ടിൽ**
ഡയറക്ടർ, സ്റ്റാർട്ട്

# എയ്ഡർ എഡ്യുകെയർ

## സെലക്ഷൻ പരീക്ഷ

ഐഎഎസ് സിവിൽ സർവീസ്, അഡ്മിനിസ്ട്രേറ്റീവ് സർവീസ് താല്പര്യമുള്ള കുട്ടികളെ കണ്ടെത്തുന്നതിനായി ഫെബ്രുവരി 28 ന് 100 ചോദ്യങ്ങൾ അടങ്ങിയ ഓൺലൈൻ പരീക്ഷ നടത്തി. 6,7,8,9 ക്ലാസുകളിൽ നിന്നായി 750 കുട്ടികൾ പരീക്ഷയിൽ പങ്കെടുത്തു. 350 കുട്ടികൾ 80 മാർക്കിന് മുകളിൽ നേടി. പരീക്ഷയെഴുതാൻ പ്രോത്സാഹനം നൽകിയ മതാധ്യാപകർക്കും മാതാപിതാക്കൾക്കും പ്രത്യേകം നന്ദി.

10, 11, 12 ക്ലാസുകളിലെ കുട്ടികൾക്കുള്ള സെലക്ഷൻ പരീക്ഷ മാർച്ച് 29 ഞായറാഴ്ച വൈകുന്നേരം നടത്തുന്നതായിരിക്കും.

## ലോഗോ പ്രകാശനം

ഏപ്രിൽ മാസം 19 മുതൽ 22 വരെ നടത്തുന്ന ADMINEX- 2026 ക്യാമ്പിന്റെ ലോഗോ പ്രകാശനം മാർച്ച് പതിനഞ്ചാം തീയതി ഞായറാഴ്ച അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് രൂപത ഭവനിൽ വച്ച് നിർവഹിച്ചു. ഡയറക്ടർ ഫാ. ജോർജ് വെള്ളക്കാക്കുടിയിൽ, എയ്ഡർ ഫൗണ്ടേഷൻ ഡയറക്ടർ ഫാ. സബിൻ തൂമുള്ളിൽ, സി. സ്നേഹ സിഎംസി, സി. ടിസി എസ്എച്ച്, സി. ആൻസ് എസ്എബിഎസ്, സി. റീന എഫ്സിസി എന്നിവർ സന്നിഹിതരായിരുന്നു. ലോഗോ ഡിസൈൻ ചെയ്ത സാൻജോ സണ്ണിക്ക് പ്രത്യേകമായി നന്ദി.

## റൈസ് ടു ഐഎഎസ് മെയിൻസ് റിസൾട്ട്

2025 വർഷത്തിൽ Race 2 IAS മെയിൻസ് പരീക്ഷ എഴുതിയ 80 കുട്ടികളിൽ 25 പേർ മെയിൻസ് പരീക്ഷ ക്ലിയർ ചെയ്യുകയും മൂന്നാം ഘട്ടമായ ഇന്റർവ്യൂവിന് അർഹത നേടുകയും ചെയ്തു.

## മെയിൻസ് നേടിയ കുട്ടികൾ

1. ജോമിൻ ഇമ്മാനുവൽ മാത്യു, കണ്ണോത്ത്
2. ജോഷിൻ ബ്രിജേഷ്, വലിയകൊല്ലി
3. ഡിയാന ജെൻസൺ, കോടഞ്ചേരി
4. ഇസബെൽ ആൻ, കോടഞ്ചേരി
5. എലൻ ആൽഫി ഷാജു, കാക്കവയൽ
6. എത്സാമേരി ഷാജു, കാക്കവയൽ
7. റിയോൺ സ്മിജു ഇടവഴിക്കൽ, കുണ്ടായിത്തോട്
8. എയ്ഞ്ചൽ മേരി ബിന്നി, പയ്യനാട്
9. ദൃശ്യ അന്ന ഷാജു, പെരിന്തൽമണ്ണ
10. നിയ ടി തെരേസ്, പെരിന്തൽമണ്ണ
11. അമേയ മരിയ ഷൈജു, പൊന്നിയക്കുറിശ്ശി
12. അലൻ ജോ തോമസ്, തെക്കുംകുറ്റി
13. റെയ്ഗൺ ടി ജേക്കബ്, തിരുവമ്പാടി
14. അലൻ ജോസഫ് ബെന്നി, വാലില്ലാപ്പുഴ
15. ബെനിറ്റ് ജോസഫ് ബെന്നി, പുഷ്പഗിരി
16. സാവിയോ സാജു, കൂരാച്ചുണ്ട്

17. അനീറ്റ തെരേസ അജി, കൂരാച്ചുണ്ട്
18. സാനിയ ബെന്നി, ചക്കിട്ടപാറ
19. കിരൺ ജോർജ്ജ് ജോജോ, പേരാമ്പ്ര
20. ഇസബെല്ല എസ് വർഗീസ് ചക്കിട്ടപാറ
21. എൽസ്ന രാജേഷ്, കാറ്റുള്ളമല
22. ഷെഫിൻ ഷാജി, ചാപ്പൻതോട്ടം
23. ദിയ മരിയ ഡൊമിനിക്, ചെമ്പനോട
24. ജോഹാൻ ജുവെൽ, മുക്കം
25. ഇവാന ജിനോ, മുക്കം

മെയിൻസ് പരീക്ഷ എഴുതിയ എല്ലാ കുട്ടികൾക്കും ഓൺലൈൻ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

## Race 2 IAS പുതിയ ബാച്ച്

ഏപ്രിൽ ആറാം തീയതി മുതൽ പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിക്കുന്നു. ആറുമാസത്തെ കോഴ്സിന് 3500 രൂപയാണ് ഫീസ്. ഇത്തവണ എല്ലാ കുട്ടികൾക്കും 500 രൂപയുടെ സമ്മാനകിറ്റ് നൽകുന്ന തായിരിക്കും. നാല്പത് മണിക്കൂർ ഫൗണ്ടേഷൻ കോച്ചിങ്, പ്രലിംസ്, മെയിൻസ്, ഇന്റർവ്യൂ തലങ്ങളിലുള്ള പരീക്ഷകൾ, കറണ്ട് അഫയേഴ്സ് പരീക്ഷകൾ, മോക്ക് എക്സാം പ്രിപ്പറേഷൻ തുടങ്ങി നിരവധി സാധ്യതകൾ കുട്ടികൾക്ക് നൽകി സിവിൽ സർവീസ് പരീക്ഷയ്ക്ക് കുട്ടികളെ ഒരുക്കുന്ന ഈ പ്രോഗ്രാമിലേക്ക് താല്പര്യ മുള്ള കുട്ടികളെ ചേർക്കുമല്ലോ.

## ADMINEX 2026

സിവിൽ സർവീസ് അഡ്മിനിസ്ട്രേറ്റീവ് സർവീസ് താല്പര്യമുള്ള കുട്ടികളെ പ്രാഥമിക പരീക്ഷകളിൽ നിന്ന് കണ്ടെത്തുകയും കഴിഞ്ഞ വർഷം റെയ്സ്ഡ് ടു വൈ എസ് മെയിൻ സ്പരീക്ഷ എഴുതിയ കുട്ടികളെ ഉൾപ്പെടുത്തുകയും ചെയ്തുകൊണ്ട് നാല് ദിവസത്തെ റെസിഡൻഷ്യൽ ക്യാമ്പ് സംഘടിപ്പിക്കുന്നു. ഏപ്രിൽ 19 ഞായറാഴ്ച വൈകുന്നേരം ആരംഭിച്ച 22 ബുധനാഴ്ച അവസാനിക്കുന്ന ക്യാമ്പിൽ 200 കുട്ടികൾക്കാണ് സെലക്ഷൻ.

2200 രൂപ രജിസ്ട്രേഷൻ ഫീസ് വരുന്ന ഈ ക്യാമ്പിൽ തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്ക് ഫീസ് അളവുകൾ നൽകുന്ന

തായിരിക്കും. വികാരിയച്ചന്മാരുടെ ശുപാർശ അനുസരിച്ച് സാമ്പത്തിക ബുദ്ധിമുട്ടുള്ള കുട്ടികൾക്ക് ഇളവുകൾ നൽകുന്നതും ആയിരിക്കും. നിരവധി ഐഎഎസ് ഉദ്യോഗസ്ഥരും ഉന്നത പദവികൾ വഹിക്കുന്നവരും പങ്കെടുക്കുന്ന ക്യാമ്പിൽ നമ്മുടെ ഇടവകകളിൽ നിന്നും ഏറ്റവും മികച്ച കുട്ടികളെ പറഞ്ഞയക്കുക.

മാതാപിതാക്കളുടെയും മതാധ്യാപകരുടെയും വികാരിയച്ചന്മാരുടെയും സഹകരണം അഭ്യർഥിക്കുന്നു.

### NLP ക്യാമ്പ്

എയ്ഡർഎജുക്കയറിന്റെ നേതൃത്വത്തിൽ നടത്തിവരുന്ന അഞ്ചാമത്തെ ബാച്ചിന്റെ എൻഎൽപി ക്യാമ്പ് മെയ് മാസത്തിൽ ക്രമീകരിക്കുന്നു. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**ഫാ. ജോർജ് വെള്ളയ്ക്കാകുടിയിൽ**
ഡയറക്ടർ, എയ്ഡർ എഡ്യൂകെയർ

## സെന്റ് അൽഫോൻസ ടൂർസ്-പിൽഗ്രിമേജ്സ്

താമരശ്ശേരി രൂപതയുടെ ആത്മീയ ദൗത്യത്തിന്റെ ഭാഗമായി പ്രവർത്തിക്കുന്ന സെന്റ് അൽഫോൻസ ടൂർസ് & പിൽഗ്രിമേജ്സ് വിശ്വാസികൾക്ക് ആത്മീയ വളർച്ചയ്ക്കും അനുഭവസമ്പന്നമായ തീർഥാടന യാത്രകൾക്കും അവസരം ഒരുക്കുന്നതിൽ ശ്രദ്ധേയമായ പങ്ക് വഹിക്കുന്നു.

### നിലവിൽ നടക്കാനിരിക്കുന്ന പ്രധാന തീർഥാടന യാത്രകൾ

*വിശുദ്ധനാട് തീർഥാടനം ഏപ്രിൽ 13 & ഏപ്രിൽ 22, 2026:* യേശുക്രിസ്തു ജനിച്ചു ജീവിച്ച വിശുദ്ധ നാടുകളിലൂടെ നടത്തുന്ന ആത്മീയ തീർഥാടനം ഏപ്രിൽ 13, 22 തീയതികളിൽ ക്രമീകരിച്ചി

രിക്കുന്നു. ഏപ്രിൽ 13-ാം തീയതിയിലേക്കുള്ള ബുക്കിംഗ് പൂർത്തിയായി. ഏപ്രിൽ 22-ാം തീയതിയിലേക്കുള്ള ബുക്കിംഗിൽ ഏതാനും സീറ്റുകൾ മാത്രം അവശേഷിക്കുന്നു. യാത്രയിൽ പങ്കെടുക്കുന്നവർക്കായി മാർച്ച് 12,13 തീയതി കളിലായി മീറ്റിംഗ് നടത്തപ്പെട്ടു.

*യൂറോപ്പ് തീർഥാടനം ഏപ്രിൽ 27, 2026:* മാർപാപ്പയെ നേരിൽ കാണാനുള്ള സുവർണാവസരം ഉൾപ്പെടുത്തിയ യൂറോപ്പ് തീർഥാടനം 2026 ഏപ്രിൽ 27 ന് ആരംഭിക്കുന്നു. വത്തിക്കാൻ ഉൾപ്പെടെ പ്രധാന തീർഥാടന കേന്ദ്രങ്ങൾ സന്ദർശിക്കുന്ന ഈ യാത്രയിലേക്കുള്ള ബുക്കിംഗിൽ കുറച്ച് സീറ്റുകൾ മാത്രമാണ് ശേഷിക്കുന്നത്.

*മറ്റു യാത്രകൾ:* തീർഥാടന യാത്രകൾക്ക് പുറമെ വിനോദ സഞ്ചാര-ആത്മീയ അനുഭവം സമന്വയിപ്പിക്കുന്ന യാത്രകളും സംഘടിപ്പിക്കുന്നു: ഡൽഹി, ആഗ്ര, അമൃതസർ, ദുബായ്, സിംഗപ്പൂർ, മലേഷ്യ, വിയറ്റ്നാം യാത്രകൾ.

### സംഘാടന പ്രത്യേകതകൾ

എല്ലാ യാത്രകളിലും വൈദികരുടെ ആത്മീയ നേതൃത്വം
പരിചയസമ്പന്നരായ ടൂർ മാനേജർമാർ
പ്രൊഫഷണൽ ഗൈഡുകൾ
യാത്രയ്ക്കു മുൻപ് പ്രത്യേക ഓറിയന്റേഷൻ
വാട്സ്ആപ്പ് ഗ്രൂപ്പിലൂടെ തത്സമയ വിവരവിനിമയം
യാത്രയിലുടനീളം ആത്മീയ ശുശ്രൂഷകളും ആരാധനകളും

### ബുക്കിംഗ് നടപടിക്രമം

യാത്രയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ താഴെപ്പറയുന്ന വിവരങ്ങൾ അയച്ച് മുൻകൂർ ബുക്കിംഗ് നടത്താവുന്നതാണ്: യാത്രയുടെ പേര്, വ്യക്തിയുടെ പേര്, വീട്ടുപേര്, സ്ഥലം, വാട്സ്ആപ്പ് നമ്പർ മുതലായവ നിർദേശിച്ചിരിക്കുന്ന ഔദ്യോഗിക നമ്പറിലേക്ക് മുകളിൽ പറയുന്ന വിവരങ്ങൾ അയയ്ക്കുക-PH: 9447008376.

# ഇൻഫാം

ഇൻഫാം താമരശ്ശേരി കാർഷിക ജില്ലയുടെ നേതൃത്വത്തിൽ മെമ്പർഷിപ്പ് ക്യാമ്പയിൻ മാർച്ച് മാസത്തിൽ വിജയകരമായി നടന്നു. കർഷകരുടെയും യുവജനങ്ങളുടെയും സജീവ പങ്കാളിത്തം മുഖേന ഈ മാസം സംഘടനയ്ക്ക് ഒരു ശക്തമായ വളർച്ചാഘട്ടമായി മാറി.

## ക്യാമ്പയിൻ നടന്ന ഇടവകകൾ

മാർച്ച് മാസത്തിൽ താഴെപ്പറയുന്ന നാല് ഇടവകകളിലാണ് മെമ്പർഷിപ്പ് ക്യാമ്പയിൻ സംഘടിപ്പിച്ചത്:
നൂറാംതോട്, നെന്മേനി, പുഷ്പഗിരി, പെരുവണ്ണാമൂഴി

## അംഗത്വം

ഈ ക്യാമ്പയിനിലൂടെ ഏകദേശം 400 പുതിയ മെമ്പർമാർ ഇൻഫാം സംഘടനയിൽ അംഗത്വം നേടി. പുതിയ അംഗങ്ങളിൽ യുവ കർഷകർ, വനിതാ കാർഷിക പ്രവർത്തകർ, വിദ്യാർഥി പ്രതിനിധികൾ എന്നിവരുടെ സാന്നിധ്യം ശ്രദ്ധേയമായിരുന്നു.

## ലക്ഷ്യങ്ങൾ

മെമ്പർഷിപ്പ് ക്യാമ്പയിൻ മുഖേന സംഘടനയുടെ പ്രധാന ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്:

- കാർഷിക മേഖലയിലെ നവീകരണ പദ്ധതികളിലേക്ക് കൂടുതൽ ആളുകളെ ഉൾപ്പെടുത്തുക.
- യുവജനങ്ങളിലെ കാർഷിക ബോധവൽക്കരണം വർധിപ്പിക്കുക.
- ഗ്രാമതലത്തിൽ ഇൻഫാം യൂണിറ്റുകളുടെ പ്രവർത്തനക്ഷമത കൂട്ടുക.

**ഫാ. ജോർജ് മുണ്ടനാട്ട്**
ഡയറക്ടർ, ഇൻഫാം
സെന്റ് അൽഫോൻസ ടൂർസ് & പിൽഗ്രിമേജ്സ്

# പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

കോഴിക്കോട് മേരിക്കുന്നിലുള്ള പോപ്പ് ജോൺപോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസിലിംഗ് ആൻഡ് സൈക്കോതെറാപ്പിയിൽ ഡയറക്ടർ ഫാ. കുര്യൻ പുരമഠത്തിന്റെ നേതൃത്വത്തിൽ ദിവസേന കൗൺസിലിങ്ങും, കൗൺസിലിംഗ് ക്ലാസുകളും, ഓഫ് ലൈൻ ആയും, ഓൺ ലൈൻ ആയും, നടക്കുന്നു. കൗൺസിലിങ്ങിനായി കപ്പുച്ചിൻ സഭാംഗമായ ഫാ. ജോജി പെരുംപ്പെട്ടിക്കുന്നേൽ OFM cap (അസിസ്റ്റന്റ് പ്രൊഫസർ ആൻഡ് സൈക്കോ തെറാപ്പിസ്റ്റ്) സേവനവും ജെപിഐയിൽ ലഭ്യമാണ്.

### കോഴ്സുകൾ

1. എം.എസ്സി.ഇൻ കൗൺസിലിംഗ് സൈക്കോളജി (ഓഫ് ലൈൻ)
2. എം.എസ്.സി.ഇൻ ഗൈഡൻസ് ആൻഡ് കൗൺസിലിംഗ് (ഓൺലൈൻ)

### അറിയിപ്പ്

1. ആത്മഹത്യയും ഡിപ്രെഷനും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വ്യക്തികളെ മാനസികമായി പിന്തുണക്കാനും അവരെ സഹായിക്കുവാനും പ്രവർത്തനസജ്ജമായ 'ഹോപ്പ് ലൈൻ' എന്ന എമർജൻസി ഹെൽപ് ലൈൻ പ്രവർത്തിച്ചു വരുന്നു. സംസാരിക്കുന്നതിനായി രാവിലെ 8 മുതൽ രാത്രി 8 വരെയുള്ള സമയങ്ങളിൽ 0495-3523636 നമ്പറിൽ ബന്ധപ്പെടുക.
2. മാസ്റ്റേഴ്സ് പ്രോഗ്രാമിന്റെ 2026-2028 ബാച്ച് (ഓഫ് ലൈൻ/ ഓൺ ലൈൻ) ക്ലാസുകളിലേക്കുള്ള അഡ്മിഷൻ പുരോഗമിക്കുന്നു. കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ ഈ നമ്പറിൽ 9447229495 ബന്ധപ്പെടുക.

**ഫാ. കുര്യൻ പുരമഠത്തിൽ**
ഡയറക്ടർ, പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

# വികസന വേദി

## ജെ.എൽ.ജി ക്യാമ്പ് സംഘടിപ്പിച്ചു

കാനറ ബാങ്കിന്റെ വിവിധ ശാഖകളുടെ നേതൃത്വത്തിൽ ജെ.എൽ.ജി (Joint Liability Group) വായ്പാ പുതുക്കൽ ക്യാമ്പുകളും പുതിയ വായ്പകളുടെ വിതരണവും വിജയകരമായി പൂർത്തിയാക്കി. താമരശ്ശേരി, തിരുവമ്പാടി, പൂനൂർ, അടിവാരം എന്നീ കാനറാ ബാങ്ക് ശാഖകളുടെ നേതൃത്വത്തിൽ ആണ് വായ്പാ പുതുക്കൽ - വിതരണ ക്യാമ്പുകൾ സംഘടിപ്പിച്ചത്.

ചക്കിട്ടപ്പാറ, കൂരാച്ചുണ്ട്, പുല്ലൂരാംപാറ, കൂടരഞ്ഞി, തലയാട് എന്നീ മേഖലകളിൽ ജെ.എൽ.ജി പുതുക്കൽ ക്യാമ്പുകളും പുതുപ്പാടിയിൽ പുതിയ ജെ.എൽ.ജി വായ്പ്പാ വിതരണവും നടന്നു.

പദ്ധതിയുടെ വിപുലീകരണത്തിന്റെ ഭാഗമായി സി.ഒ.ഡി ഡയറക്ടർ ഫാ. തോമസ് പാറാൻകുളങ്ങര, പ്രോജക്ട് കോർഡിനേറ്റർ ജോയ് കെ.സി, ഏരിയ കോർഡിനേറ്റർ മോളി സെബാസ്റ്റ്യൻ എന്നിവർ കൂരാച്ചുണ്ട് കാനറ ബാങ്ക് ശാഖ സന്ദർശിക്കുകയും ബാങ്ക് മാനേജരുമായി കൂടിക്കാഴ്ച നടത്തുകയും ചെയ്തു. ഈ മേഖലയിൽ വരും ദിവസങ്ങളിൽ ബാങ്കുമായി സഹകരിച്ച് പ്രവർത്തിക്കാനും പുതിയ ജെ.എൽ.ജി ഗ്രൂപ്പുകൾ രൂപീകരിച്ച് വായ്പകൾ വിതരണം ചെയ്യാനും ചർച്ചയിൽ തീരുമാനമായി.

ഇത്തരം ക്യാമ്പുകളിലൂടെ ഗ്രൂപ്പ് അംഗങ്ങൾക്ക് തങ്ങളുടെ വായ്പകൾ കൃത്യസമയത്ത് പുതുക്കാനും, ഭാവി പ്രവർത്തനങ്ങൾക്കുള്ള സാമ്പത്തിക സഹായം ഉറപ്പാക്കാനും സാധിച്ചു. സാധാരണക്കാരായ സംരംഭകർക്കും കർഷകർക്കും കുറഞ്ഞ ചിലവിൽ സാമ്പത്തിക ഭദ്രത ഉറപ്പാക്കാൻ ഇത്തരം കൂട്ടായ്മകൾ വലിയ പങ്ക് വഹിക്കുന്നു.

## പുതുപ്പാടി പ്രീ-ഡിസാസ്റ്റർ റിസ്ക് അസസ്മെന്റ്

കാരിത്താസ് ഇന്ത്യയുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന 'സേഫ് വിത്തിൻ; റീകണക്ട് വയനാട് ആൻഡ് വിലങ്ങാട്' പദ്ധതിയുടെ ഭാഗമായി പുതുപ്പാടി പഞ്ചായത്തിലെ കണ്ണപ്പൻകുണ്ട്, മാട്ടിക്കുന്ന് പ്രദേശങ്ങളിൽ പ്രീ-ഡിസാസ്റ്റർ റിസ്ക് അസസ്മെന്റും (PDRA) റിസോഴ്സ് മാപ്പിംഗും വിജയകരമായി പൂർത്തിയാക്കി.

ഈ പഠനത്തിലൂടെ പുതുപ്പാടി മേഖലയിലെ ജനസമൂഹം നേരിടാൻ സാധ്യതയുള്ള വിവിധ അപകടങ്ങളെയും (Hazards), അവ അവരെ എപ്രകാരം ബാധിക്കുമെന്ന ദുർബലതകളെയും (Vulnerabilities) സംബന്ധിച്ച വിശദമായ വിശകലനം നടത്തി. ഒരു ദുരന്തമുണ്ടായാൽ അതിനെ പ്രതിരോധിക്കാനും അതിജീവിക്കാനുമുള്ള പ്രദേശത്തെ നിലവിലെ സൗകര്യങ്ങളും ജനങ്ങളുടെ ശേഷിയും (Capacity) ഈ പ്രക്രിയയിലൂടെ കണ്ടെത്തുകയുണ്ടായി.

ദുരന്തസാധ്യതകൾ മുൻകൂട്ടി തിരിച്ചറിഞ്ഞ് അവയുടെ ആഘാതം ലഘൂകരിക്കാനും, അടിയന്തര സാഹചര്യങ്ങളിൽ ലഭ്യമായ പ്രാദേശിക വിഭവങ്ങൾ കാര്യക്ഷമമായി വിനിയോഗിക്കാനും ഈ റിസോഴ്സ് മാപ്പിംഗ് കമ്മ്യൂണിറ്റിയെ പ്രാപ്തരാക്കും. വരും ദിവസങ്ങളിൽ ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ കൂടുതൽ സുരക്ഷിതമായ ഒരു പുതുപ്പാടി കെട്ടിപ്പടുക്കുന്നതിനുള്ള തുടർ പ്രവർത്തനങ്ങൾ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നതാണ്. നിങ്ങൾ നൽകിയ വിവരങ്ങൾ കൂടി ഉൾപ്പെടുത്തി തയ്യാറാക്കിയ റിപ്പോർട്ട് താഴെ നൽകുന്നു:

## പുതിയ സ്വയംസഹായ സംഘങ്ങൾ (SHG) രൂപീകരിച്ചു

സി.ഒ.ഡി (COD) യുടെ കീഴിലുള്ള പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി തിരുവമ്പാടി, വെറ്റിലപ്പാറ, കൂരാച്ചുണ്ട് എന്നീ മേഖലകളിൽ പുതിയ മൂന്ന് സ്വയംസഹായ സംഘങ്ങൾ (SHG) കൂടി രൂപീകരിച്ചു. നിലവിൽ സി.ഒ.ഡി.യുടെ കീഴിൽ 19 ജി.വി.എസ് (ഗ്രാമ വികസന സമിതി) കൾ മികച്ച രീതിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

ഈ ജി.വി.എസ്.കൾക്ക് കീഴിലായി നിരവധി സ്വയംസഹായ സംഘങ്ങളാണ് (SHGs) നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. പ്രദേശികാടിസ്ഥാനത്തിൽ ജനങ്ങളെ ഏകോപിപ്പിക്കാനും അവർക്ക്

ആവശ്യമായ സാമ്പത്തിക-സാമൂഹിക പിന്തുണ ഉറപ്പാക്കാനും ഈ കൂട്ടായ്മകൾ വലിയ പങ്ക് വഹിക്കുന്നു. പുതിയ ഗ്രൂപ്പുകളുടെ രൂപീകരണത്തോടെ കൂടുതൽ കുടുംബങ്ങളിലേക്ക് വികസന പ്രവർത്തനങ്ങൾ എത്തിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## ബി ഫ്രണ്ടിംഗ് വോളണ്ടിയർ പരിശീലനം

കാരിത്താസ് ഇന്ത്യയുടെ സഹകരണത്തോടെ സി.ഒ.ഡി (COD) താമരശ്ശേരി നടപ്പിലാക്കുന്ന 'സേഫ് വിത്തിൻ; റീകണക്ട് വയനാട് ആൻഡ് വിലങ്ങാട്' പദ്ധതിയുടെ ഭാഗമായി ബി ഫ്രണ്ടിംഗ് വോളണ്ടിയർമാർക്കായി ത്രിദിന റിഫ്രഷർ ട്രെയിനിംഗ് സംഘടിപ്പിച്ചു. വയനാട്, കോഴിക്കോട് ജില്ലകളിലെ ദുരന്തബാധിതരുടെ മാനസിക പുനരധിവാസം ലക്ഷ്യമിട്ട് വിലങ്ങാട് നടന്ന പരിപാടി ജില്ലാ ശിശുക്ഷേമ ഓഫീസർ കാർത്തിക അന്ന തോമസ് ഉദ്ഘാടനം ചെയ്തു.

പ്രമുഖ മാനസികാരോഗ്യ ഗവേഷണ സ്ഥാപനമായ സ്കാർഫിൽ (SCARF - Schizophrenia Research Foundation) നിന്നുള്ള വിദഗ്ധരാണ് വോളണ്ടിയർമാർക്കായി പരിശീലനം നയിച്ചത്. ഉരുൾപൊട്ടലിന്റെ പശ്ചാത്തലത്തിൽ ദുരന്തബാധിതർക്ക് നൽകേണ്ട മാനസിക പ്രാഥമിക ശുശ്രൂഷ, ട്രോമ തിരിച്ചറിയൽ, സമൂഹാത്മക പിന്തുണ എന്നീ വിഷയങ്ങളിൽ വോളണ്ടിയർമാർക്ക് ആഴത്തിലുള്ള പരിശീലനം ലഭിച്ചു.

സി.ഒ.ഡി പ്രോജക്റ്റ് ഓഫീസർ സിദ്ധാർത്ഥ് എസ്. നാഥ്, കമ്മ്യൂണിറ്റി മൊബിലൈസർ ഷാനി ജോസഫ് എന്നിവരും പുതുപ്പാടി, വിലങ്ങാട് മേഖലകളിൽ നിന്നുള്ള ബി ഫ്രണ്ടിംഗ് വോളണ്ടിയർമാരും പരിപാടിയിൽ സജീവമായി പങ്കെടുത്തു. ദുരന്തം ഏൽപ്പിച്ച ആഘാതങ്ങളിൽ നിന്ന് ജനങ്ങളെ സാധാരണ ജീവിതത്തിലേക്ക് മടക്കിക്കൊണ്ടുവരാൻ വോളണ്ടിയർമാരെ പ്രാപ്തരാക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

## വനിതാ ദിനാചരണം

അന്താരാഷ്ട്ര വനിതാ ദിനാചരണത്തോടനുബന്ധിച്ച് വിവിധ ജി.വി.സ്, എം.സി.സി കളിൽ വിപുലമായ പരിപാടികൾ സംഘടിപ്പിച്ചു.

വിലങ്ങാട് ബി ഫ്രണ്ടിംഗ് കൗൺസിലർ അഞ്ജലിയുടെ നേതൃത്വത്തിൽ ദുരന്ത നിവാരണത്തിൽ സ്ത്രീകളുടെ പങ്കിനെ ക്കുറിച്ച് (Role of Women in Disaster Management) എം.സി.സി യിൽ ചർച്ച സംഘടിപ്പിച്ചു. ദുരന്താഘാതങ്ങൾ കുറയ്ക്കുന്നതിനും (Disaster Mitigation) പ്രതിരോധ പ്രവർത്തനങ്ങളിൽ സ്ത്രീകൾക്ക് നൽകാൻ കഴിയുന്ന ഉൾക്കാഴ്ചകളെക്കുറിച്ചും ബോധവൽക്കരണം നൽകാൻ ഈ സെഷനിലൂടെ സാധിച്ചു.

കായണ്ണ ജി.വി.എസ് പ്രസിഡന്റ് ധന്യ കൃഷ്ണകുമാറിന്റെ അധ്യക്ഷതയിൽ നടന്ന വനിതാ ദിനാഘോഷം ഏരിയ കോർഡിനേറ്റർ ഉദ്ഘാടനം ചെയ്തു. ജി.വി.എസ് തലത്തിൽ മികച്ച പച്ചക്കറി കൃഷി നടത്തിയവർക്കുള്ള പുരസ്കാരങ്ങൾ ചടങ്ങിൽ വിതരണം ചെയ്തു. അംഗങ്ങളുടെ കലാപരിപാടികളും സ്നേഹവിരുന്നും ആഘോഷത്തിന് മാറ്റ് കൂട്ടി.

തുഷാരഗിരി എം.സി.സിയുടെ 24-ാം വാർഷികവും വനിതാ ദിനാചരണവും സംയുക്തമായി ആഘോഷിച്ചു. സി.ഒ.ഡി പ്രോഗ്രാം കോർഡിനേറ്റർ ജോയി കെ.സി പരിപാടി ഉദ്ഘാടനം ചെയ്ത് സ്ത്രീകൾക്ക് തുല്യപദവി നൽകേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് സംസാരിച്ചു. വാർഡ് മെമ്പറെയും മുതിർന്ന അംഗങ്ങളെയും ചടങ്ങിൽ പൊന്നാട അണിയിച്ച് ആദരിച്ചു. വിവിധ മത്സര വിജയികൾക്കുള്ള സമ്മാനദാനവും കലാപരിപാടികളും ഇതിന്റെ ഭാഗമായി നടന്നു.

കരിയാത്തുംപാറയിൽ നടന്ന വനിതാദിനാചരണം മുൻ മെമ്പർ ജെസി കരിമ്പനയ്ക്കൽ ഉദ്ഘാടനം ചെയ്തു. ഏരിയ കോർഡിനേറ്റർ മോളി സെബാസ്റ്റ്യൻ ആശംസകൾ അറിയിച്ചു. യൂണിറ്റിലെ ഏറ്റവും പ്രായം കൂടിയ അംഗമായ കല്യാണിയമ്മയെ ചടങ്ങിൽ ആദരിച്ചു. സമാനമായ രീതിയിൽ കക്കാട് എം.സി.സിയിൽ നടന്ന ചടങ്ങിൽ ഏഴ് മുതിർന്ന വനിതകളെ വാർഡ് മെമ്പർ ആദരിക്കുകയും മെമ്പർക്കുള്ള സ്പെഷ്യൽ മൊമെന്റോ കൈമാറുകയും ചെയ്തു.

### ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആദരം

കോട്ടയത്ത് നടന്ന കെ.എസ്.എസ്.എഫ് (KSSF), ദർശൻ സംസ്ഥാന സമിതി എന്നിവയുടെ സംയുക്ത വനിതാ ദിനാഘോഷത്തിൽ

ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മോളി തോമസിനെ ആദരിച്ചു. കഴിഞ്ഞ 22 വർഷമായി സ്വയംസഹായ സംഘങ്ങളിൽ (SHG) സജീവമായി പ്രവർത്തിച്ചുവരുന്ന മോളി തോമസ്, ഒരു സാധാരണ അംഗത്തിൽ നിന്നും ഒരു ഗ്രാമപഞ്ചായത്തിന്റെ ഭരണസാരഥ്യത്തിലേക്ക് ഉയർന്നുവന്നത് സ്ത്രീ ശാക്തീകരണത്തിന്റെ ഉജ്ജ്വല മാതൃകയായി വിലയിരുത്തപ്പെട്ടു.

മികച്ച സംരംഭകയായും കമ്മ്യൂണിറ്റി വോളണ്ടിയറായും അവർ നടത്തിയ പ്രവർത്തനങ്ങൾ പരിഗണിച്ചാണ് ഈ പുരസ്കാരം. കെ.എസ്.എസ്.എഫ് ഡയറക്ടർ ഫാ. ജേക്കബ് മാവുങ്കൽ, പാലാ മുനിസിപ്പൽ ചെയർപേഴ്സൺ ദിയ ബിനു പുലിക്കക്കണ്ടം എന്നിവർ ചേർന്ന് ഉപഹാരം സമർപ്പിച്ചു.

## ഏകദിന എൻജിഒ എംപവർമെന്റ് പ്രോഗ്രാം

കോഴിക്കോട് സിജി (CIGI)യിൽ എൻജിഒകളുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനായി സംഘടിപ്പിച്ച ഏകദിന എൻജിഒ എംപവർമെന്റ് പ്രോഗ്രാമിൽ സി.ഒ.ഡി (COD) അംഗങ്ങൾ പങ്കെടുത്തു. എൻജിഒ പ്രവർത്തനങ്ങളിൽ പ്രൊഫഷണലിസം കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിക്കപ്പെട്ട ഈ പരിശീലന പരിപാടിയിൽ, പ്രോജക്ട് ആവശ്യകത തിരിച്ചറിയുന്ന രീതികൾ, പ്രോജക്ട് ഡിസൈനിംഗ്, ആധുനിക സാങ്കേതിക വിദ്യകളുടെ പ്രായോഗിക ഉപയോഗം എന്നിവയെ ആസ്പദമാക്കി വിശദമായ ചർച്ചകൾ നടന്നു. കമ്മ്യൂണിറ്റി ശക്തീകരണത്തിൽ എൻജിഒകൾ വഹിക്കേണ്ട നിർണ്ണായക പങ്ക്, സുതാര്യമായ സാമ്പത്തിക മാനേജ്മെന്റ് രീതികൾ എന്നിവയെക്കുറിച്ചുള്ള അറിവുകൾ പങ്കുവെക്കപ്പെട്ട വിവിധ സെഷനുകൾ പരിപാടിയുടെ ഭാഗമായിരുന്നു.

സാമൂഹിക സേവന രംഗത്തെ നൂതന സാധ്യതകളായ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) സാങ്കേതികവിദ്യ എങ്ങനെ എൻജിഒ പ്രവർത്തനങ്ങളിൽ ഫലപ്രദമായി പ്രയോജനപ്പെടുത്താം എന്നതിനെക്കുറിച്ച് പരിപാടിയിൽ പ്രത്യേക മാർഗനിർദേശങ്ങൾ നൽകി. കൃത്യമായ ഡോക്യുമെന്റേഷൻ, റിപ്പോർട്ടിംഗ്, ഫണ്ട് സമാഹരണം, ആശയവിനിമയം തുടങ്ങിയ മേഖലകളിൽ എഐ ഉപയോഗിക്കുന്ന

തിലൂടെ പ്രവർത്തനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കാൻ സാധിക്കുമെന്ന് സെഷനുകൾ വ്യക്തമാക്കി. എൻജിഒകളുടെ ശേഷി വികസനത്തിനും സേവനങ്ങൾ കൂടുതൽ വ്യക്തികളിലേക്ക് എത്തിക്കുന്നതിനും സഹായിക്കുന്ന പ്രായോഗിക അറിവുകളും അനുഭവങ്ങളും ഈ പരിശീലന പരിപാടിയിലൂടെ അംഗങ്ങൾക്ക് ലഭിച്ചു.

### കെസിബിസി വിലങ്ങാട് പുനരധിവാസ പദ്ധതി

പ്രകൃതിദുരന്തത്തിൽ വീട് നഷ്ടപ്പെട്ട കുടുംബങ്ങൾക്കായി കേരള കത്തോലിക്ക മെത്രാൻ സമിതി (കെസിബിസി) നടപ്പാക്കുന്ന പുനരധിവാസ പദ്ധതിയുടെ ഭാഗമായി ഒരു വീടുകൂടി ഗുണഭോക്താക്കൾക്ക് കൈമാറി.

ഫരീദാബാദ് രൂപതാധ്യക്ഷൻ മാർ കുര്യാക്കോസ് ഭരണികുളങ്ങര വീടുകളുടെ വെഞ്ചിരിപ്പ് കർമ്മം നിർവഹിച്ചു. സി.ഒ.ഡി ഡയറക്ടർ ഫാ. തോമസ് പാറാൻകുളങ്ങര ചടങ്ങുകളിൽ പങ്കെടുത്തു. പദ്ധതിയുടെ ഭാഗമായി ആകെ 70 വീടുകളാണ് നിർമിക്കാൻ ലക്ഷ്യമിടുന്നത്. ഇതിനോടകം 60 വീടുകൾ പൂർത്തിയാക്കി കൈമാറിക്കഴിഞ്ഞു. താമരശ്ശേരി രൂപത സോഷ്യൽ സർവീസ് സൊസൈറ്റി (COD) ആണ് നിർമാണപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. ബാക്കിയുള്ള 10 വീടുകളുടെ നിർമാണം മാർച്ച് മാസം അവസാനത്തോടെ പൂർത്തിയാക്കും. പദ്ധതിയുടെ ഔദ്യോഗിക സമാപന സമ്മേളനം മെയ് മാസത്തിൽ നടത്തപ്പെടും.

## ലീഡർഷിപ്പ് ഡെവലപ്പിംഗ് സൊസൈറ്റി (LDS)

### കോളേജ് സന്ദർശനം

പുതിയ അധ്യയന വർഷത്തിലെ വിവിധ കോഴ്സുകളിലേക്കുള്ള അഡ്മിഷൻ പ്രവർത്തനത്തിന്റെ ഭാഗമായി കർണാടകയിലെ ഹസ്സനിലുള്ള രാജീവ് കോളേജ്, രത്ന കോളേജ്, ബാംഗ്ലൂർ സെന്റ്

ബെനഡിക്ട് കോളേജ്, മൈസൂർ ഗോപാല ഗൗഡ കോളേജ്, ചിത്ര ദുർഗ കോളേജ് തുടങ്ങിയ കോളേജുകൾ സന്ദർശിച്ചു. ഒപ്പം മുൻ വർഷങ്ങളിൽ അഡ്മിഷൻ എടുത്ത വിദ്യാർഥികളെ നേരിൽ കാണുകയും വേണ്ട കാര്യങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്തു. ഇതിന് നേതൃത്വം നൽകിയത് ഡയറക്ടർ ഫാ. തോമസ് പാറൻകുളങ്ങര, മാനേജർ ഷിനോജ് പി. സി, സ്റ്റാഫ് അംഗം പ്രിൻസ് തോമസ് എന്നിവരാണ്.

### അഡ്മിഷൻ

2026-27 അധ്യയന വർഷത്തേക്കുള്ള നഴ്സിംഗ് (BSc, General, Post BSc.), പാരാമെഡിക്കൽ, ഡിഗ്രി കോഴ്സുകൾ എന്നിവയിലേക്കുള്ള അഡ്മിഷൻ നടന്നുകൊണ്ടിരിക്കുന്നു. സീറ്റുകൾ ബുക്ക് ചെയ്യാൻ 9447929223 നമ്പറിൽ വിളിക്കുക.

### കരിയർ

പ്ലസ് ടു വിന് ശേഷം എന്ത് എന്ന ചോദ്യത്തിനുത്തരമായി കരിയർ ആഫ്റ്റർ പ്ലസ് ടു എന്ന പേരിൽ താമരശ്ശേരി രൂപതയുടെ ലീഡർഷിപ്പ് ഡെവലപ്പിംഗ് സൊസൈറ്റി ഒരു പ്രധാന ക്ലാസ് സംഘടിപ്പിക്കുന്നു. രജിസ്ട്രേഷൻ ആരംഭിച്ചു. വിവിധ ദിവസങ്ങളിൽ നാല് ഏരിയകളിൽ വച്ചാണ് പ്രോഗ്രാം നടക്കുന്നത് (തിരുവമ്പാടി, കോടഞ്ചേരി, കൂരാച്ചുണ്ട്, മരുതോങ്കര). ഇപ്പോൾ തന്നെ 200 ഓളം രജിസ്ട്രേഷനുകൾ വന്നു കഴിഞ്ഞു. താല്പര്യമുള്ളവർ എത്രയും പെട്ടെന്ന് താഴെ കാണുന്ന ലിങ്കിൽ കേറി ജോയിൻ ചെയ്യുകയോ അല്ലെങ്കിൽ താഴെ കൊടുത്തിരിക്കുന്ന നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യാവുന്നതാണ്. https://forms.gle/bebtjv3Je1MCoFDz6, Contact: 9447929223.

### ഡിസിഎൽ കലോത്സവം

കോഴിക്കോട് പ്രവിശ്യയിലെ ഡിസേബിൾഡ് ആയ വിദ്യാർഥികൾക്കായി പ്രൊവിഡൻസ് സ്കൂളിൽ കലോത്സവം നടത്തപ്പെട്ടു. പരിപാടികൾക്ക് നേതൃത്വം നൽകിയത് ശ്രീ. മാത്യു മേൽവെട്ടം, ശ്രീ. സന്ദീപ് കളപ്പുരക്കൽ, ശ്രീ. സിദ്ധാർത്ഥ് എസ്. നാഥ് എന്നിവരാണ്.

## താമരശ്ശേരി അഗ്രിക്കൾച്ചറൽ ഫാർമേഴ്സ് സോഷ്യൽ വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി

താമരശ്ശേരി രൂപതയുടെ അഭിമുഖ്യത്തിൽ കോഴിക്കോട് ജില്ലയിൽ സഹകരണമേഖലയിലെ മുൻനിര സ്ഥാപനമായി പ്രവർത്തിച്ചു വരുന്ന TAFCOS സഹകരണ സംഘം 2026 മാർച്ച് മാസത്തിൽ പൊതു ജനങ്ങൾക്കും അംഗങ്ങൾക്കും മികച്ചതും വിശ്വസനീയവുമായ

**ബാങ്കിംഗ് സേവനങ്ങൾ കാര്യക്ഷമമായി നൽകി.**

മാർച്ച് മാസത്തിൽ സൊസൈറ്റിയിൽ നിന്നും സ്വർണ്ണ പണയ വായ്പകളും, സ്വാശ്രയ ഗ്രൂപ്പുകൾക്കും, ചെറുകിട കച്ചവടക്കാർക്കും വായ്പകൾ നൽകി.

സ്ഥിര നിക്ഷേപങ്ങൾക്ക് 8.50% വരെ ആകർഷകമായ പലിശനിരക്കിൽ നിക്ഷേപങ്ങൾ സ്വീകരിക്കുകയും, ഏജന്റുമാർ മുഖേന നിത്യനിധി നിക്ഷേപങ്ങൾ കൂടുതൽ വ്യാപിപ്പിക്കുകയും ചെയ്തു. സേവിംഗ്സ് നിക്ഷേപങ്ങൾക്ക് ദിവസം കണക്കാക്കി 4% പലിശ നൽകുന്നു.

മൊബൈൽ ബാങ്കിംഗ് ഇടപാടുകൾ വഴി പണം നിക്ഷേപിക്കാനും പിൻവലിക്കാനും നൂതന മൊബൈൽ അപ്ലിക്കേഷൻ സംവിധാനം നിലവിൽ വന്നു. കൂടാതെ RTGS, NEFT, IMPS സേവനങ്ങൾ മുഖേന വേഗതയേറിയതും സുരക്ഷിതവുമായ പണമിടപാടുകൾ സാധ്യമാകുന്നു. വിവിധ സലകളുടെ ചിട്ടി പദ്ധതികൾ (പ്രതിമാസ സമ്പാദ്യ പദ്ധതി) അംഗങ്ങൾക്കിടയിൽ മികച്ച സ്വീകരണം നേടി. CODയുമായി ചേർന്ന് നടപ്പിലാക്കുന്ന ഭാഗ്യവർഷ പദ്ധതികളും, വിവിധ ഇൻഷ്വറൻസ് പദ്ധതികളും, സേഫ് ഡെപ്പോസിറ്റ് ലോക്കർ സൗകര്യവും മാർച്ച് മാസത്തിൽ സജീവമായി തുടർന്നു.

TAFCOS ന്റെ പ്രചാരണ പ്രവർത്തനങ്ങളുടെ ഭാഗമായി നെന്മേനി, പുഷ്പഗിരി, നൂറാംതോട്, പെരുവണ്ണാമൂഴി ഇടവകകളിൽ അംഗത്വ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുകയും, പുതിയ അംഗങ്ങളെ സൊസൈറ്റിയിലേക്ക് ചേർക്കുകയും ചെയ്തു. ബാങ്കിംഗ് സേവന

ങ്ങൾ അംഗങ്ങൾക്ക് കൂടുതൽ സുഗമമായി ലഭ്യമാക്കുന്നതിനായി സൊസൈറ്റി തിങ്കൾ മുതൽ ശനിയാഴ്ച വരെ രാവിലെ 9.30 മുതൽ വൈകുന്നേരം 5.00 വരെ പ്രവർത്തിക്കുന്നു.

സൊസൈറ്റിയിലെ സെക്രട്ടറി തസ്തികയിലേക്കുള്ള ഒഴിവ് സംബന്ധിച്ച വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും, നിയമന നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

## Institute of Food and Agricultural Ethics (IFAE)

ധാർമിക മൂല്യങ്ങളെ ആസ്പദമാക്കി പഠനവും ഗവേഷണവും നടത്തുന്ന ഇന്ത്യയിലെ ആദ്യ സ്ഥാപനം ആണ് IFAE. താമരശ്ശേരി രൂപതയുടെ സംരംഭമാണിത് Ph: 9946646205.

### ബയോഡൈവേഴ്സിറ്റി അഗ്രികൾച്ചറൽ നഴ്സറി

ഉയർന്ന ഗുണനിലവാരമുള്ളതും വിശ്വാസ്യതയുള്ളതുമായ ഫലവൃക്ഷ തൈകൾ, നാണ്യവിളകൾ, അലങ്കാര ചെടികൾ, വിത്തുകൾ, ചെടിച്ചട്ടികൾ, ജൈവവളങ്ങൾ, ജൈവ കീടനിയന്ത്രണ ഉൽപ്പന്നങ്ങൾ, കാർഷിക ഉപകരണങ്ങൾ എന്നിവ ബിഷപ്പ് ഹൗസിന് സമീപം പ്രവർത്തിക്കുന്ന നഴ്സറിയിൽ ലഭ്യമാണ്.

### കിസാൻഭാരത് ഡിജിറ്റൽ കാർഷിക മാർക്കറ്റ്

കർഷകനും ഉപഭോക്താവും നേരിട്ട് ബന്ധപ്പെടുന്ന ഇടനിലക്കാരില്ലാത്ത സൗജന്യ ഓൺലൈൻ കാർഷിക പ്ലാറ്റ്ഫോം. കിസാൻ ലൈൻ കർഷകർക്കായി സൗജന്യ സഹായ സേവനം കാർഷിക സംശയങ്ങൾക്കും മാർഗനിർദേശങ്ങൾക്കും 24 x 7 സൗജന്യ ഹെൽപ്പ് ലൈൻ ടോൾഫ്രീ: 1800 425 3777. www.kisanline.come

**ഫാ. തോമസ് പാറൻകുളങ്ങര**
ഡയറക്ടർ, വികസനവേദി



# യേശുനിധി

2026 ഫെബ്രുവരി മാസത്തിൽ യേശുനിധിയിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി നല്കിയ തുകയും ഇടവകയും താഴെ ചേർക്കുന്നു.

**Education**

| | | |
|---|---|---|
| 1 | Kodanchery | 8,000.00 |
| 2 | Koomamkulam | 15,000.00 |
| 3 | Manjakadave | 10,000.00 |
| 4 | Maruthomkara | 15,000.00 |
| 5 | Pandalloor | 8,000.00 |
| 6 | Poovaramthode | 15,000.00 |
| 7 | Thiruvambady | 15,000.00 |
| 14 | Erude | 15,000.00 |
| 15 | Mukkam | 10,000.00 |
| 16 | Pandalloor | 8,000.00 |
| 17 | Thazhekode | 10,000.00 |
| 18 | Thekkumkutty | 10,000.00 |
| 19 | Thottumukkam | 15,000.00 |
| 20 | Thottumukkam | 10,000.00 |
| 21 | Vilakkamthode | 5,000.00 |
| 22 | Vilakkamthode | 10,000.00 |
| 23 | Vilangad | 10,000.00 |
| 24 | Vilangad | 10,000.00 |

**Home**

| | | |
|---|---|---|
| 8 | Kallurutty | 15,000.00 |
| 9 | Karikandanpara | 15,000.00 |
| 10 | Koomamkulam | 10,000.00 |
| 11 | Mailellampara | 15,000.00 |

**Marriage**

| | | |
|---|---|---|
| 12 | Mukkam | 20,000.00 |

**Medical**

| | | |
|---|---|---|
| 13 | Abhayagiri | 20,000.00 |

**Miscellaneous**

| | | |
|---|---|---|
| 25 | Thamarassery | 15,000.00 |
| | **Total** | **309,000.00** |

ഫാ. ജോർജ് മുണ്ടനാട്ട്
ഫിനാൻസ് ഓഫീസർ



# അജപാലനകുറിപ്പുകൾ

## മാർച്ച്

1 – 5 ബഹ്റൈനിൽ നടന്ന എ.കെ.സി.സി. മിഡിൽ ഈസ്റ്റ് പ്രതിനിധി സമ്മേളനത്തിൽ പങ്കെടുത്ത ശേഷം കേരളത്തിലേക്ക് മടങ്ങാൻ തുടങ്ങവേ, ഇസ്രായേൽ–ഇറാൻ യുദ്ധം ആരംഭിച്ചതുകൊണ്ട് വ്യോമഗതാഗതം തടസ്സപ്പെട്ടതിനാൽ ബഹ്റൈനിൽ തന്നെ തുടരേണ്ടിവന്നു.

6 രാവിലെ, വെറ്റിലപ്പാറ ഇടവക ദൈവാലയത്തിൽ, മുൻ ദൈവാലയ ശുശ്രൂഷി പരേതനായ സെബാസ്റ്റ്യൻ പടിഞ്ഞാറക്കരക്കായി അനുസ്മരണ വിശുദ്ധ കുർബാന അർപ്പിക്കുകയും സിമിത്തേരിയിൽ ഒപ്പീസ് ചൊല്ലുകയും പരേതന്റെ ഭവനം സന്ദർശിച്ചു പ്രാർഥിക്കുകയും ചെയ്തു.

കൂടരഞ്ഞിയിൽ, ബഹു. ജെയിംസ് കിളിയനാനിക്കൽ അച്ചന്റെ ഭവനം സന്ദർശിക്കുകയും അച്ചന്റെ പരേതയായ മാതാവ് റോസമ്മ വർക്കിക്കുവേണ്ടി ഭവനത്തിൽ പ്രാർഥിക്കുകയും ചെയ്തു.

ഉച്ചയ്ക്ക്, മറിപ്പുഴയിൽ, ആനക്കാംപൊയിൽ – മേപ്പാടി തുരങ്കപാത നിർമ്മാണത്തിന്റെ 'ഫസ്റ്റ് ബ്ലാസ്റ്റിംഗ്' ചടങ്ങിൽ ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനോടൊപ്പം പങ്കെടുത്തു.

7 രാവിലെ, കൂരാച്ചുണ്ടിൽ, ബഹു. അബ്രഹാം സ്രാമ്പിക്കൽ അച്ചന്റെ പിതൃമാതാവ് പരേതയായ ത്രേസ്യ സ്രാമ്പിക്കലിന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ഒന്നാം ഭാഗത്തിന് ഭവനത്തിൽ നേതൃത്വം നൽകി.

ഉച്ചയ്ക്ക്, പുല്ലൂരാംപാറ ബഥാനിയ നവീകരണ ഓഡിറ്റോറിയ ത്തിൽ, താമരശ്ശേരി രൂപത കോർപ്പറേറ്റ് എജൂക്കേഷൻ ഏജൻ സിയിൽ നിന്നും ഈ വർഷം വിരമിക്കുന്ന അധ്യാപക - അനധ്യാപകരുടെ യാത്രയയപ്പ് സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയും വിരമിക്കുന്ന അധ്യാപകർക്ക് ഉപഹാരം കൈമാറുകയും ചെയ്തു.

വൈകുന്നേരം, കൂമുള്ളി ഇടവക സ്ഥാപനത്തിന്റെ 75-ാം വാർഷികത്തോടനുബന്ധിച്ച് പൂർവികർക്കായി സിമിത്തേരി യിൽ ഒപ്പീസ് ചൊല്ലുകയും, ഇടവക ദൈവാലയത്തിൽ വി. കുർബാന അർപ്പിക്കുകയും തുടർന്ന് പള്ളിയങ്കണത്തിൽ നടന്ന സമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

8 മലപ്പുറം സെന്റ് തോമസ് ഫൊറോന ഇടവകയിൽ അജ പാലന സന്ദർശനം നടത്തി.

9 രാവിലെ, താമരശ്ശേരി രൂപതയിലെ വിവിധ സംഘടന ഡയറ കൂർമാരുമായി രൂപത കേന്ദ്രത്തിൽ വ്യക്തിപരമായി കൂടിക്കാ ഴ്ച നടത്തി.

ഉച്ചയ്ക്ക്, CFIC ഇന്ത്യൻ പ്രൊവിൻസ് പ്രൊവിൻഷ്യൽ സുപ്പീ രിയർ വെരി. റവ. ഫാ. ജോസ് മാത്യു പാറയിൽ CFIC യെ രൂപതാഭവനിൽ സ്വീകരിച്ചു.

10 രാവിലെ, കരുവാരക്കുണ്ട് ഫൊറോന ഇടവക വൈദിക മന്ദിര ത്തിൽ, കരുവാരകുണ്ട് ഫൊറോനയ്ക്ക് കീഴിലുള്ള വിവിധ ഇടവകകളിലെ വൈദികരുമായി വ്യക്തിപരമായ കൂടിക്കാഴ്ച നടത്തുകയും ഓരോ ഇടവകയിലേയും അജപാലന പ്രവർത്തനങ്ങളെ വിലയിരുത്തുകയും ചെയ്തു.

ഉച്ചകഴിഞ്ഞ്, പെരിന്തൽമണ്ണ ഫൊറോന ഇടവക വൈദിക മന്ദിരത്തിൽ, പെരിന്തൽമണ്ണ ഫൊറോനയ്ക്ക് കീഴിലുള്ള വിവിധ ഇടവകകളിലെ വൈദികരുമായി വ്യക്തിപരമായ കൂടിക്കാഴ്ച നടത്തുകയും ഓരോ ഇടവകയിലേയും അജപാലന പ്രവർത്തനങ്ങളെ വിലയിരുത്തുകയും ചെയ്തു.

രാത്രിയിൽ ചീരട്ടാമല വൈദികമന്ദിരത്തിൽ വിശ്രമിച്ചു.

11 രാവിലെ, ചീരട്ടാമല ക്രിസ്തുരാജ ഇടവക ദൈവാലയത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു.

മരിയാപുരം ഫൊറോന ഇടവക വൈദിക മന്ദിരത്തിൽ, മരിയാപുരം ഫൊറോനയ്ക്ക് കീഴിലുള്ള വിവിധ ഇടവകകളിലെ വൈദികരുമായി വ്യക്തിപരമായ കൂടിക്കാഴ്ച നടത്തുകയും ഓരോ ഇടവകയിലേയും അജപാലന പ്രവർത്തനങ്ങളെ വിലയിരുത്തുകയും ചെയ്തു.

ഉച്ചകഴിഞ്ഞ്, മഞ്ചേരി ഇടവക വൈദിക മന്ദിരത്തിൽ, മലപ്പുറം ഫൊറോനയ്ക്ക് കീഴിലുള്ള വിവിധ ഇടവകകളിലെ വൈദികരുമായി വ്യക്തിപരമായ കൂടിക്കാഴ്ച നടത്തുകയും ഓരോ ഇടവകയിലേയും അജപാലന പ്രവർത്തനങ്ങളെ വിലയിരുത്തുകയും ചെയ്തു.

12 രാവിലെ, പാറോപ്പടി ഫൊറോന ഇടവക വൈദിക മന്ദിരത്തിൽ, പാറോപ്പടി ഫൊറോനയ്ക്ക് കീഴിലുള്ള വിവിധ ഇടവകകളിലെ വൈദികരുമായി വ്യക്തിപരമായ കൂടിക്കാഴ്ച നടത്തുകയും ഓരോ ഇടവകയിലേയും അജപാലന പ്രവർത്തനങ്ങളെ വിലയിരുത്തുകയും ചെയ്തു.

ടാഫ്കോസ് ഗവേണിംഗ് കമ്മറ്റിയുടെ ഓൺലൈൻ മീറ്റിങ്ങിൽ പങ്കെടുത്തു.

13 രാവിലെ, കോഴിക്കോട് പി.എം.ഒ.സി.യിൽ പ്രീ-കാന കോഴ്സിൽ സംബന്ധിക്കുന്നവർക്കുവേണ്ടി വി. കുർബാന അർപ്പിക്കുകയും ക്ലാസ്സ് എടുക്കുകയും ചെയ്തു.

കുളത്തുവയൽ തീർഥാടന ദൈവാലയത്തിൽ, തിരുഹൃദയ സന്യാസിനി സമൂഹാംഗം പരേതയായ സി. മേഴ്സി ചെരിയംപുറത്ത് SHന്റെ മൃതസംസ്കാര ശുശ്രൂഷക്ക് ദൈവാലയത്തിലും സിമിത്തേരിയിലും നേതൃത്വം നൽകി.

വൈകുന്നേരം, ദേവഗിരി CMI ആശ്രമ അങ്കണത്തിൽ, ജീസസ്

യൂത്ത് റ്റീൻസ് മിനിസ്ട്രിയുടെ ഭാഗമായുള്ള 'കണക്ട് 2026' പരിപാടിയുടെ ലോഗോ പ്രകാശനം നിർവഹിച്ചു.

ദേവഗിരി ഇടവകയിൽ നടത്തുന്ന പോപ്പുലർ മിഷൻ ധ്യാന സമാപനത്തോടനുബന്ധിച്ച് വചനസന്ദേശം നൽകി

2026-27 വർഷത്തിൽ തെരഞ്ഞെടുക്കപ്പെട്ട കെ.സി.വൈ.എം. താമരശ്ശേരി രൂപത സമിതിയുടെ എക്സിക്യൂട്ടീവ് അംഗങ്ങളെ രപതാഭവനത്തിൽ സ്വീകരിക്കുകയും അത്താഴവിരുന്നിൽ പങ്കെടുക്കുകയും ചെയ്തു. തുടർന്ന് യോഗത്തിൽ പങ്കെടുക്കുകയും ആശംസകൾ നേർന്നു.

14 രാവിലെ, കണ്ണൂർ, ശ്രീപുരം ക്നാനായ ബിഷപ്പ്സ് ഹൗസ് ഓഡിറ്റോറിയത്തിൽ, കത്തോലിക്ക കോൺഗ്രസിന്റെ 108-ാം ജന്മവാർഷിക പ്രതിനിധി സമ്മേളനത്തിൽ പങ്കെടുത്തവരെ അഭിസംബോധന ചെയ്ത് സംസാരിച്ചു.

കണ്ണൂർ പോലീസ് മൈതാനിയിൽ, കത്തോലിക്ക കോൺഗ്രസിന്റെ 108-ാം ജന്മവാർഷികത്തോടാനുബന്ധിച്ചുള്ള സമുദായ മഹാറാലിയിലും തുടർന്ന് നടന്ന സമുദായ ശക്തീകരണ സമ്മേളനത്തിലും പങ്കെടുത്ത് അഭിസംബോധന ചെയ്ത് സംസാരിച്ചു.

15 പി.ടി. ചാക്കോ നഗർ സെന്റ് തോമസ് സ്വതന്ത്ര കുരിശുപള്ളിയിൽ അജപാലന സന്ദർശനം നടത്തി.

ഉച്ചകഴിഞ്ഞ്, എയ്ഡർ ഫൗണ്ടേഷൻ നടത്തുന്ന തൃദിന അവധിക്കാല സിവിൽ സർവീസ് പരിശീലന ക്യാമ്പ്, "ADMINex 2026' ന്റെ ലോഗോ പ്രകാശനം രൂപത ഭവനിൽ നിർവഹിച്ചു.

16 രാവിലെ, തോട്ടുമുക്കം ഫൊറോന ഇടവക വൈദിക മന്ദിരത്തിൽ, തോട്ടുമുക്കം ഫൊറോനയ്ക്ക് കീഴിലുള്ള വിവിധ ഇടവകകളിലെ വൈദികരുമായി വ്യക്തിപരമായ കൂടിക്കാഴ്ച നടത്തുകയും ഓരോ ഇടവകയിലേയും അജപാലന പ്രവർത്തനങ്ങളെ വിലയിരുത്തുകയും ചെയ്തു.

വൈകുന്നേരം, താമരശ്ശേരി രൂപതയിലെ വിവിധ സംഘടന

ഡയറക്ടറുമാരുമായി രൂപത ഭവനിൽ വ്യക്തിപരമായ കൂടിക്കാഴ്ച നടത്തുകയും ഓരോ സംഘടനയുടേയും പ്രവർത്തനങ്ങളെ വിലയിരുത്തുകയും ചെയ്തു.

രൂപത കേന്ദ്രത്തിൽ, അൽഫോൻസ കോളേജ് എജ്യുക്കേഷണൽ ട്രസ്റ്റിന്റെ മീറ്റിംഗിൽ പങ്കെടുത്തു.

17 രാവിലെ, കുളത്തുവയൽ തീർഥാടന ദൈവാലയത്തിൽ തിരുഹൃദയ സന്യാസിനി സമൂഹം താമരശ്ശേരി സാന്തോം പ്രൊവിൻസ് അംഗം പരേതയായ സി. അനിറ്റ് കാനാട്ട് SHന്റെ 41-ാം ചരമദിനത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും തുടർന്ന്, സിമിത്തേരിയിലേയും കുളത്തുവയൽ എസ്.എച്ച്. സന്യാസിനി ഭവനത്തിലെയും പ്രാർഥനകൾക്ക് നേതൃത്വം നൽകി.

കൂരാച്ചുണ്ട് ഫൊറോന ഇടവക വൈദിക മന്ദിരത്തിൽ, കൂരാച്ചുണ്ട് ഫൊറോനയിലുള്ള വിവിധ ഇടവകകളിലെ വൈദികരുമായി വ്യക്തിപരമായ കൂടിക്കാഴ്ച നടത്തി.

വൈകുന്നേരം, പുല്ലാഞ്ഞിമേട് എം.സി.ബി.എസ്. മേജർ സെമിനാരിയിൽ, അഭിവന്ദ്യ ജോസഫ് അരുമച്ചാടത്ത് പിതാവിന്റെ നാമഹേതുക തിരുനാൾ ആഘോഷത്തിൽ പങ്കെടുത്തു.

സീറോ മലബാർ സിനഡ് പബ്ലിക് അഫയേഴ്സ് കമ്മറ്റിയുടെ ഓൺലൈൻ മീറ്റിങ്ങിൽ പങ്കെടുത്തു.

വൈകുന്നേരം, താമരശ്ശേരി രൂപതയുടെ റൂബി ജൂബിലി സമാപന സമ്മേളന കമ്മറ്റിയുടെ ഓൺലൈൻ മീറ്റിങ്ങിൽ പങ്കെടുത്തു.

18 രാവിലെ, പുല്ലാഞ്ഞിമേട് എം.സി.ബി.എസ്. മേജർ സെമിനാരിയിൽ പരിശീലനത്തിലായിരിക്കുന്ന ഏതാനും വൈദികാർത്ഥികൾക്ക് മ്ശംശാന പട്ടം നൽകി.

ഉച്ചകഴിഞ്ഞ്, ആലുവ എസ്.ഡി. സന്യാസിനി ജനറലേറ്റിൽ, സന്യാസിനി സമൂഹസ്ഥാപനത്തിന്റെ ശതാബ്ദി ആഘോഷങ്ങളുടെ ആരംഭത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിക്കു

കയും പരേതരായ സന്യാസിനികളെ അനുസ്മരിച്ചുകൊണ്ട് പ്രാർഥന നടത്തുകയും ആദ്യഭവനമായ ചുണങ്ങംവേലിയിലുള്ള ഭവനം സന്ദർശിക്കുകയും ചെയ്തു.

അഭിവന്ദ്യ മങ്കുഴിക്കരിപ്പിതാവിന്റെ സഹോദരി സമരിറ്റൻ സന്യാസിനി സമൂഹാംഗം, രോഗാവസ്ഥയിലായിരിക്കുന്ന സി. ആൻ ജോസഫിനെ തൃശ്ശൂർ ജൂബിലി ഹോസ്പിറ്റലിൽ സന്ദർശിച്ചു.

19 രാവിലെ, വെറ്റിലപ്പാറ ഇടവക ദൈവാലയത്തിൽ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി. തുടർന്ന് നടന്ന ഊട്ടുനേർച്ചയിലും പങ്കെടുത്തു.

വൈകുന്നേരം, മലാപ്പറമ്പ് സെന്റ് ജോസഫ് ഓഫ് ലിയോൺസ് സന്യാസിനി സമൂഹ ഭവന കപ്പേളയിൽ, സന്യാസിനി സമൂഹത്തിന്റെ മധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ചു.

20 തിരുവമ്പാടി ഫൊറോന ഇടവക വൈദിക മന്ദിരത്തിൽ, തിരുവമ്പാടി ഫൊറോനയ്ക്ക് കീഴിലുള്ള വിവിധ ഇടവകകളിലെ വൈദികരുമായി വ്യക്തിപരമായ കൂടിക്കാഴ്ച നടത്തുകയും ഓരോ ഇടവകയിലേയും അജപാലന പ്രവർത്തനങ്ങളെ വിലയിരുത്തുകയും ചെയ്തു.

21 രാവിലെ, പരേതനായ പുളിക്കേക്കര ജോയിയുടെ 41-ാം ചരമദിനത്തോടനുബന്ധിച്ച് ഈങ്ങാപ്പുഴ ഇടവക ദൈവാലയത്തിൽ വി. കുർബാന അർപ്പിക്കുകയും തുടർന്ന് പുതുപ്പാടി ദൈവാലയ സിമിത്തേരിയിൽ ഒപ്പീസ് ചൊല്ലുകയും ഭവനത്തിൽ നടന്ന അനുസ്മരണ ശുശ്രൂഷകളിൽ പങ്കെടുക്കുകയും ചെയ്തു.

തിരുവമ്പാടിയിൽ ആൻസില സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട് സിസ്റ്റേഴ്സിന്റെ റൂബി ജൂബിലിയോടനുബന്ധിച്ച് സന്യാസിനി ഭവന കപ്പേളയിൽ വി. കുർബാന അർപ്പിക്കുകയും പുതുതായി

നിർമ്മിച്ച ഭരണനിർവഹണകാര്യാലയത്തിന്റെ വെഞ്ചരിപ്പ് കർമ്മം നിർവഹിക്കുകയും ചെയ്തു.

ഉച്ചകഴിഞ്ഞ്, താമരശ്ശേരി മൈനർ സെമിനാരിയിൽ മൂന്നാം വർഷ പരിശീലനം പൂർത്തിയാക്കി തത്വശാസ്ത്ര പഠനത്തിനായി തയ്യാറെടുക്കുന്ന വൈദികാർഥികളുമായി വ്യക്തിപരമായ കൂടിക്കാഴ്ച നടത്തി.

വൈകുന്നേരം, കൂരാച്ചുണ്ട് ദൈവാലയത്തിൽ, ബഹു. ഫാ. മാത്യു വയലാമണ്ണിൽ നയിക്കുന്ന കൂരാച്ചുണ്ട് ഫൊറോന ബൈബിൾ കൺവെൻഷന്റെ ഭാഗമായി വി. കുർബാന അർപ്പിക്കുകയും ദൈവാലയ അങ്കണത്തിൽ പ്രത്യേകം സജ്ജീകരിച്ച വേദിയിൽ വചനസന്ദേശം നൽകുകയും ചെയ്തു.

22 രാവിലെ, മാങ്കാവ് സെന്റ് ജോസഫ് ദൈവാലയത്തിൽ, വിശുദ്ധ യൗസേപ്പിതാവിന്റെ ഊട്ടുനേർച്ച തിരുനാളിനോട് അനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി.

ഉച്ചകഴിഞ്ഞ്, കോട്ടുളി, സെന്റ് തോമസ് അക്കാദമി ഫോർ റിസർച്ച് ആൻഡ് ട്രെയിനിങ്ങിന്റെ (START) ഇരുപതാമത് വാർഷികാഘോഷങ്ങൾ തിരിതെളിച്ച് ഉദ്ഘാടനം ചെയ്യുകയും സന്ദേശം നൽകുകയും ചെയ്തു. തുടർന്ന്, പരിശീലനം പൂർത്തിയാക്കിയ വിദ്യാർഥികൾക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.

വൈകുന്നേരം, അമലാപുരി സെന്റ് തോമസ് ദൈവാലയത്തിൽ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാളിനോട് അനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി.

നൂറാംതോട് സെന്റ് ജോസഫ് ദൈവാലയത്തിൽ, 500 ലധികം വിശുദ്ധരുടെ തിരുശേഷിപ്പ് വണങ്ങുകയും വിശ്വാസസമൂഹത്തെ അഭിസംബോധന ചെയ്യുകയും ചെയ്തു.

23 രാവിലെ, വിലങ്ങാട് ഫൊറോന ഇടവക വൈദിക മന്ദിരത്തിൽ, വിലങ്ങാട് ഫൊറോനയ്ക്ക് കീഴിലുള്ള വിവിധ ഇടവ

കകളിലെ വൈദികരുമായി വ്യക്തിപരമായ കൂടിക്കാഴ്ച നടത്തുകയും ഓരോ ഇടവകയിലേയും അജപാലന പ്രവർത്തനങ്ങളെ വിലയിരുത്തുകയും ചെയ്തു.

ഉച്ചയ്ക്ക്, മരുതോങ്കര ഫൊറോന ഇടവക വൈദിക മന്ദിരത്തിൽ, മരുതോങ്കര ഫൊറോനയ്ക്ക് കീഴിലുള്ള വിവിധ ഇടവകകളിലെ വൈദികരുമായി വ്യക്തിപരമായ കൂടിക്കാഴ്ച നടത്തുകയും ഓരോ ഇടവകയിലേയും അജപാലന പ്രവർത്തനങ്ങളെ വിലയിരുത്തുകയും ചെയ്തു.

24 രാവിലെ, ബഹു. ജെയിംസ് കിളിയനാനിക്കൽ അച്ചന്റെ, പരേതയായ മാതാവ് റോസമ്മ വർക്കിയെ അനുസമരിച്ച് വി. കുർബാന അർപ്പിക്കുകയും സിമിത്തേരിയിലേയും ഭവനത്തിലേയും പ്രാർഥനകൾക്ക് നേതൃത്വം വഹിക്കുകയും ചെയ്തു.

കോടഞ്ചേരി ഫൊറോന ഇടവക വൈദിക മന്ദിരത്തിൽ, കോടഞ്ചേരി ഫൊറോനയ്ക്ക് കീഴിലുള്ള വിവിധ ഇടവകകളിലെ വൈദികരുമായി വ്യക്തിപരമായ കൂടിക്കാഴ്ച നടത്തുകയും ഓരോ ഇടവകയിലേയും അജപാലന പ്രവർത്തനങ്ങളെ വിലയിരുത്തുകയും ചെയ്തു.

ഉച്ചയ്ക്ക്, കെ.എൽ.എമ്മിന്റെ കേന്ദ്ര കമ്മറ്റി ഭാരവാഹികളുമായി കോടഞ്ചരി ഇടവക വൈദിക മന്ദിരത്തിൽ കൂടിക്കാഴ്ച നടത്തി.

ഉച്ചകഴിഞ്ഞ്, താമരശ്ശേരി ഫൊറോന ഇടവക വൈദിക മന്ദിരത്തിൽ, താമരശ്ശേരി ഫൊറോനയ്ക്ക് കീഴിലുള്ള വിവിധ ഇടവകകളിലെ വൈദികരുമായി വ്യക്തിപരമായ കൂടിക്കാഴ്ച നടത്തുകയും ഓരോ ഇടവകയിലേയും അജപാലന പ്രവർത്തനങ്ങളെ വിലയിരുത്തുകയും ചെയ്തു.

താമരശ്ശേരി ഫൊറോന ഇടവക വൈദികമന്ദിരത്തിൽ, പ്രസന്റേഷൻ സന്യാസിനി സമൂഹത്തിന്റെ പുതിയ പ്രൊവിൻഷ്യൽ ടീമംഗങ്ങളുമായി കൂടിക്കാഴ്ച നടത്തി.

25 രാവിലെ, താമരശ്ശേരി രൂപതയ്ക്കുവേണ്ടി വിവിധ മേജർ

സെമിനാരികളിൽ പഠിക്കുന്ന വൈദിക വിദ്യാർഥികളുമായി വ്യക്തിപരമായി കൂടിക്കാഴ്ച നടത്തുകയും പഠന പുരോഗതി വിലയിരുത്തുകയും ചെയ്തു.

ഉച്ചയ്ക്ക്, താമരശ്ശേരി എം.എം.പി.സി.യിലെ അൽഫോൻസാ ഓഡിറ്റോറിയത്തിൽ നടന്ന ഇൻഫാം സംസ്ഥാന കമ്മറ്റി യോഗം ഉദ്ഘാടനം ചെയ്തു.

26 രാവിലെ, താമരശ്ശേരി കത്തീഡ്രലിൽ താമരശ്ശേരി രൂപതയ്ക്കുവേണ്ടി വൈദിക പരിശീലനത്തിലായിരിക്കുന്ന ഏതാനും വൈദികാർഥികൾക്ക് മ്ശംശാന, ഹെവ്പദ്യാക്കോന, കാറോയ പട്ടങ്ങൾ നല്കി.

രാത്രിയിൽ, നാല്പതാം വെള്ളിയാഴ്ച ആചരണത്തിന്റെ ഭാഗമായി നടത്തുന്ന ഒമ്പതാമത് കുളത്തുവയൽ തീർഥാടനത്തിന് താമരശ്ശേരി കത്തീഡ്രലിൽ ആരംഭകർമ്മങ്ങൾക്ക് നേതൃത്വം നൽകുകയും കുളത്തുവയലിലേക്ക് കാൽനടയായി തീർഥാടനം നയിക്കുകയും ചെയ്തു.

## താമരശ്ശേരി രൂപതയുടെ

## ആശംസകൾ... പ്രാർത്ഥനകൾ...



Provincial Superior :

**Rev. Sr. Jees Joseph**

Provincial Councillors:

**Rev. Sr. Pauline Mary, Rev. Sr. Jessy Mathew,**
**Rev. Sr. Leena Varghese, Rev. Sr. Maria Rose**

## പ്രസന്റേഷൻ സന്യാസിനി സമൂഹത്തിന്റെ

**(സെന്റ് മേരിസ് പ്രൊവിൻസ്, കോഴിക്കോട)**

## പുതിയ പ്രൊവിൻഷ്യൽ ടീം.

**THAMARAMOTTUKAL**

Registered with Registar of Newspapers of India

RN No. 71212/99 - Date of Publication 31.03.2026





# താമരശ്ശേരി രൂപത
# റൂബി ജൂബിലി സമാപനം

**2026 ഏപ്രിൽ 18, ശനിയാഴ്ച, ബഥാനിയായിൽ**

Printed & Published by Fr. Abraham Kavilpurayidathil, on behalf of Chancellor, Diocese of Thamarassery, Bishop's House, P.B. No1, Thamarassery P.O., Kozhikode - 673573. Printed at Alphonsa Offset Press, Near Cathedral Thamarassery, published at Thamarassery, Editor: Fr. Abraham Kavilpurayidathil, Thamaramottukal Monthly, Volume 78, Issue 04, April 2026, Pages 80